# വിദ്യാഭ്യാസ ഡയറക്ടറുടെ കുറിപ്പ്

കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പൊതു വികാസം ലോകത്തിന്റെ ശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ സിവിൽ സർവീസിന്റെ കാര്യക്ഷമത ഈ പൊതു വികാസത്തിന്റെ ഗതി വേഗത്തോടൊപ്പമെത്തണമെങ്കിൽ നാമിനിയുമേറെ മുന്നേറേണ്ടതുണ്ട്. സർക്കാർ ഓഫീസുകളിൽ നിന്നും സേവനം ലഭിക്കുന്നതിന് പലപ്പോഴും ഉണ്ടാകുന്ന കാലതാമസം ആധുനിക ജീവിതത്തിന്റെ വേഗതയുമായി പൊരുത്തപ്പെടാതെവരുന്നു. ഈ അവസ്ഥ മാറിയേ തീരൂ. സർക്കാർ സ്ഥാപനങ്ങളിലെത്തുന്ന പൗരർക്ക് സമയബന്ധിതമായി തന്നെ സേവനം ലഭ്യമാകണം. ഇത് പൗരന്റെ അവകാശവുമാണ്.. ഇക്കാര്യം ഉറപ്പാക്കുന്നതിനാണ് സർക്കാർ സ്ഥാപനങ്ങളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്. ഉറപ്പാക്കുന്നതാണ്.

വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, ഓരോ സേവനവും ലഭ്യമാക്കുന്നതിന്റെ നടപടിക്രമങ്ങൾ സേവനാവകാശികളായ പൗരർ പാലിക്കേണ്ട നിബന്ധനകൾ, സേവനം ലഭ്യമാക്കുന്ന സമയപരിധി, സേവനം ലഭ്യമാക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ, യഥാസമയം സേവനംലഭ്യമാകാതെ പോയാൽ സമീപിക്കാവുന്ന പരാതിപരിഹാര സംവിധാനങ്ങൾ എന്നിവയൊക്കെയാണ് ഈ പൗരാവകാശ രേഖയിലെ ഉള്ളടക്കം. തങ്ങൾക്ക് അവകാശപ്പെട്ട സേവനങ്ങൾ യഥാസമയം നേടിയെടുക്കുന്നതിന് സഹായിക്കുന്ന ഉപകരണമായി ഈ പൗരാവകാശ രേഖയെ സേവനാവകാശികൾ പ്രയോജനപ്പെടുത്തുമെന്ന് ഞാൻ കരുതുന്നു. സുതാര്യവും കാര്യക്ഷമവുമായ സേവനം ഉറപ്പുവരുത്താൻ ഈ രേഖ സഹായകമാകുമെന്ന പ്രതീക്ഷയോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിന്റെ പൗരവാവകാശ രേഖ പൊതു ജനങ്ങൾക്കായി സമർപ്പിക്കുന്നു.

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**
പൊതു വിദ്യാഭ്യാസ ഡയറക്ടർ

08.01.2009

# ആമുഖം

നിയതമായ സാമൂഹ്യ സാഹചര്യങ്ങളിൽ വ്യക്തിക്കു സ്വന്തം ജീവിതം സൃഷ്ടിക്കുന്നതിനുള്ള വൈജ്ഞാനികവും മാനസികവും കായികവുമായ കഴിവുകളും സാമൂഹ്യ ബോധവും നൽകുന്ന പ്രവർത്തനമാണ് വിദ്യാഭ്യാസം.

5 വയസ്സു മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രവികസനത്തിന് സഹായകമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനാവശ്യമായ സ്ഥാപന-സേവന സംവിധാനങ്ങളും വൈദഗ്ധ്യ വിഭവങ്ങളും ലഭ്യമാക്കാനുള്ള ഏകോപന-മേൽനോട്ട-നിയന്ത്രണപ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നത്.

കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പ് തന്നെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളുടെ നേരിട്ടുള്ള ഇടപെടലും നിയന്ത്രണവും വിദ്യാഭ്യാസ രംഗത്തു വന്നിരുന്നു. നാട്ടുരാജ്യങ്ങളുടെ തീരുമാനത്താൽ സ്ഥാപിക്കപ്പെട്ട സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ആദ്യം തഹസീൽദാർമാരെയും തുടർന്ന് വിദ്യാഭ്യാസ ഇൻസ്പെക്ടർമാരെയും അധികാരപ്പെടുത്തിയിരുന്നു. നാട്ടുരാജ്യങ്ങളിൽ തിരുവിതാംകൂറായിരുന്നു പൊതു വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്നിൽ നിന്നത്.

പൗര വിദ്യാഭ്യാസത്തിനായി തിരുവിതാംകൂർ പ്രദേശത്തു സ്ഥാപിക്കപ്പെട്ട സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായമായി ഗ്രാൻഡ്-ഇൻ-എയിഡ് സമ്പ്രദായം 1869 ൽ തിരുവിതാംകൂർ പ്രദേശത്തും 1889 ൽ കൊച്ചിരാജ്യത്തും നിലവിൽ വന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയുടെ സേവനങ്ങളെയും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും 1894 ൽ തിരുവിതാംകൂർ വിദ്യാഭ്യാസ ചട്ടങ്ങൾ (ട്രാവൻകൂർ എഡ്യൂക്കേഷണൽ റൂൾസ്) തയ്യാറാക്കിയിരുന്നു. 1895 ൽ വിദ്യാഭ്യാസ സെക്രട്ടറിയും 1909 ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറും നിയമിക്കപ്പെട്ടു. ഡോ: എ.സി. മിച്ചൽ ആയിരുന്നു ആദ്യത്തെ പൊതു വിദ്യാഭ്യാസ ഡയറക്ടർ. അക്കാലത്ത് നിലനിന്നിരുന്ന എല്ലാ തലത്തിലുമുള്ള പൊതു വിദ്യാഭ്യാസ സ്ഥാപന-സേവന സംവിധാനങ്ങളുടെയും മേൽ നോട്ടവും നിയന്ത്രണവും വിദ്യാഭ്യാസ ഡയറക്ടർക്കായിരുന്നതിനാലാണ് "പൊതു വിദ്യാഭ്യാസ ഡയറക്ടർ" എന്ന് അറിയപ്പെട്ടിരുന്നത്.

തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ സംയോജനത്തോടെ ഒരു ഏകീകൃത പഠന സമ്പ്രദായം നിലവിൽ വരികയും സംയോജിപ്പിക്കപ്പെട്ട പ്രദേശത്തെയാകെ മൂന്നു വിദ്യാഭ്യാസ മേഖലകളായി തിരിച്ച് ഡിവിഷണൽ വിദ്യാഭ്യാസ ഇൻസ്പെക്.

ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ട്രയിനിംങ് സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേൽ നോട്ടവും നിയന്ത്രണവും വിദ്യാഭ്യാസ ഇൻസ്പെക്ടർമാർക്കായിരുന്നു. പിന്നീട് സ്കൂളുകൾ വ്യാപകമായതോടെ പ്രൈമറി, മിഡിൽ സ്കൂളുകളുടെ മേൽ നോട്ട ചുമതലക്കായി "പ്രൈമറി ആൻഡ് മിഡിൽ സ്കൂൾ ഇൻസ്പെക്.ടർമാർ" (ഐ.പി.എം.എസ്) നിയമിതരായി.

ഇക്കാലയളവിൽ മലബാർ മേഖലയിലെ പൊതു വിദ്യാഭ്യാസത്തിന്റെ മേൽ നോട്ടം മദ്രാസ് എലിമെന്ററി വിദ്യാഭ്യാസ നിയമപ്രകാരമുണ്ടായ മലബാർ ഡിസ്ട്രിക്ട് ബോർഡിനായിരുന്നു. മദ്രാസ് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷന്റെ നിയന്ത്രണ ത്തിലായിരുന്നു മലബാറിലെ പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നത്. സ്കൂൾ പ്രവർത്തനങ്ങൾ മേൽ നോട്ടം വഹിച്ചിരുന്ന മലബാർ മേഖലയിലെ ഉദ്യോഗ സ്ഥരെ ഡെപ്യൂട്ടീ ഇൻസ്പെക്ടർ ഓഫ് സ്കൂൾ ((ഡി.ഐ.എസ്.) എന്ന പേരിലാ ണറിയപ്പെട്ടിരുന്നത്. കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്നാണ് പ്രൈമറി ആന്റ് മിഡിൽ സ്കൂൾ ഇൻസ്പെക്ടർ തസ്തിക ഇന്നത്തെ രീതിയിൽ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ (എ.ഇ.ഒ.) എന്ന് പുനർ നാമകരണം ചെയ്തത്.

രാജഭരണകാലംതൊട്ട് പൗര വിദ്യാഭ്യാസം സാദ്ധ്യമാക്കാനുള്ള നടപടികൾ അന്നത്തെ ഭരണാധികാരികൾ കൈക്കൊണ്ടിരുന്നുവെങ്കിലും സാമൂഹ്യപരിഷ്ക്കരണ-ജനാധിപത്യ പ്രസ്ഥാനങ്ങളുടെ വളർച്ചയും ഇടപെടലുമാണ് വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനും സാർവ്വത്രിക വിദ്യാഭ്യാസം സാദ്ധ്യമാക്കിയതിനും പിന്നിലെ പ്രേരക ശക്തി. കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് കേരളത്തിലെ വിദ്യാഭ്യാസ ത്തെയാകെ ഒരു ചട്ടക്കൂടിൽ കൊണ്ടുവരുന്നതിനും അത് നടപ്പിലാക്കുന്നതിനാവശ്യ മായ ഒരു ഘടന നിർദ്ദേശിക്കുന്നതിനും കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി യായിരുന്ന പ്രൊഫ: മുണ്ടശേരിക്കു കഴിഞ്ഞു.

1958 ലെ വിദ്യാഭ്യാസ നിയമം 1959 ലെ വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവ പ്രകാരം വികേന്ദ്രീകൃതമായൊരു വിദ്യാഭ്യാസ സംവിധാനം രൂപപ്പെടുത്താനുള്ള ശ്രമ മാണ് നടന്നത്. സംസ്ഥാനത്തെയാകെ 31 വിദ്യാഭ്യാസ ജില്ലകളായി വിഭജിക്കുകയും ഓരോ വിദ്യാഭ്യാസ ജില്ലയെയും വിവിധ ഉപജില്ലകളായി തിരിക്കുകയും ചെയ്തു. വിദ്യാഭ്യാസ ജില്ലകൾക്കും ഉപജില്ലകൾക്കും പ്രത്യേകം വിദ്യാഭ്യാസ ഓഫീസർമാരെ നിയമിച്ചു. എല്ലാ ഗവൺമെന്റ് എയിഡഡ് സ്കൂളുകളെയും ഈ ഘടനയ്ക്ക് കീഴിൽ കൊണ്ടുവന്നു. മാനേജർമാരുടെ നിയന്ത്രണത്തിലായിരുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകരുൾപ്പെടെ മുഴുവൻഅദ്ധ്യാപകർക്കും ഗവൺമെന്റ നേരിട്ട് ശംബളം നൽകു മെന്ന് വ്യവസ്ഥചെയ്തു. സേവനവ്യവസ്ഥകൾ നിജപ്പെടുത്തി ഭൗതിക സൗകര്യങ്ങ ളെ സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടുത്തി. വിദ്യാഭ്യാസം ഒരു സാമൂഹ്യപ്രക്രിയയാണെന്ന കാഴ്ചപ്പാടിന്റെയടിസ്ഥാനത്തിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കാനായി പ്രാദേശിക വിദ്യാഭ്യാസ സമിതികളും നിയമ

ത്തിൽ വ്യവസ്ഥചെയ്യപ്പെട്ടു. സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്ക് സർക്കാർ നേരിട്ട് ശംബളം നൽകുന്ന വ്യവസ്ഥ 1958 മുതൽ നിലവിൽ വന്നു. 1979 വർഷം വരെ സംസ്ഥാനത്തെ സ്കൂൾ, ജില്ല, ഉപജില്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റുമായി കണ്ണിചേർത്തിരുന്നത് റീജിയണൽ ഡെപ്യൂട്ടീ ഡയറക്ടർമാരായിരുന്നു. (ആർ.ഡി.ഡി.) കോഴിക്കോട് എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി മൂന്ന് റീജിയണൽ ഡെപ്യൂട്ടീ ഡയറക്ടർമാരാണുണ്ടായിരുന്നത്. 1979 നവംബർ മുതൽ റവന്യൂ ജില്ലാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം ഡപ്യൂട്ടീ ഡയറക്ടർമാർ നിയമിതരായി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തൊട്ടാകെ 12644 സ്കൂളുകളാണ് . (ഗവ: 4500 എയിഡഡ് 7290 അൺ എയിഡഡ് 856 ) പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വിഭവ-വൈദഗ്ധ്യ പിന്തുണാ സംവിധാനങ്ങളൊരുക്കുന്നതിനു 14 വിദ്യാഭ്യാസ ഡെപ്യൂട്ടീ ഡയറക്ടറേറ്റുകൾ, 38 ജില്ലാ വിദ്യ്യാഭ്യാസ ഓഫീസുകൾ 161 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

ഈ സ്ഥാപനങ്ങൾക്കു പുറമേയാണ് ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു വേണ്ടിയുള്ള സ്ഥാപന-സേവന കേന്ദ്രങ്ങൾ, അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സ്കൂളുകൾ, (സ്പോർട്സ് സ്കൂളുകൾ അദ്ധ്യാപകപരിശീലന കേന്ദ്രങ്ങ്ങൾ ജില്ല്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (ഡയറ്റ്) മേഖലാ ഭാഷാ പരിശീലന കേന്ദ്രങ്ങൾ (2) എന്നിവ പ്രവർത്തിക്കുന്നത്.

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് (ഭരണനിർവ്വഹണ സംവിധാനം)

(ചാർട്ട്)



DIRECTOR OF PUBLIC INSTRUCTION & COMMISSIONER FOR GOVERNMENT EXAMS
SENIOR ADMINISTRATIVE OFFICER
ADDITIONAL DIRECTOR OF PUBLIC INSTRUCTION(GENERAL)
ADDITIONAL DIRECTOR OF PUBLIC INSTRUCTION(ACCAD)
SENIOR FINANCE OFFICER
SENIOR LAW OFFICER
EXECUTIVE DIRECTOR IT@SCHOOL
JUNIOR SUPDT.(TAPAL)
FAIR COPY SUPDT(TAPAL)
PERSONAL ASSISTANT(GENERA
JUNIOR SUPDT.(A)
JUNIOR SUPDT.(SENIORITY)
ADDITIONAL ADMINISTRATIVE ASST.
FAIR COPY SUPDT
JUNIOR SUPDT.(C)
SENIOR SUPDT.O&M
SENIOR SUPDT.(D)
ADMINISTRATIVE ASST.-GENERAL
JUNIOR SUPDT.(NM)
SENIOR ADMINISTRATIVE ASST (NM)
ACCOUNTS OFFICER
SENIOR SUPDT.(K)
SENIOR SUPDT.(NEP)
PROJECT OFFICER
PRINCIPAL DIET
JUNIOR SUPDT.(Y)
PUBLIC RELATION OFFICER
JUNIOR SUPDT.(B)
JUNIOR SUPDT.(SP)
JUNIOR SUPDT.(VIG.)
ADMINISTRATIVE ASST(PURCHASE)
JUNIOR SUPDT.(EM)
JUNIOR SUPDT.(ET)
ASST. DIRECTOR GENERAL
SENIOR SUPDT.(H)
SENIOR SUPDT.(F)
JUNIOR SUPDT.(G)
JUNIOR SUPDT.(NS)
ASST. DIRECTOR PLANNING
EDITOR VIDYA RANGAM
JUNIOR SUPDT.(RA)
SENIOR SUPDT.(N)
PERSONAL ASSISTAN
JUNIOR SUPDT.(M)
DEPUTY DIRECTOR (EMPT)
JOINT DIRECTOR (ACADEMIC)
JUNIOR SUPDT.(PL)
CHIEF PLANNING OFFICER
JUNIOR SUPDT.(QIP)
DEO-SCIENCE
DEPUTY DIRECTORS(5) QIP
SPECIAL EDUCATOR -IED
DEPUTY DIRECTOR IED
SANSKRIT SPECIAL OFFICER
ARABIC SPECIAL OFFICER
WORK EXP. SPECIAL OFFICER
SENIOR SUPDT.(PF GI.)
ACCOUNTS OFFICER (PF)
JUNIOR SUPDT.(AWB)
ACCOUNTS OFICER AUDIT
JUNIOR SUPDT.(L)
JUNIOR SUPDT.(PA)
FINANCE OFFICER -II
JUNIOR SUPDT.(PB)
SPORTS ORGANIZER
SECTION OFFICER
RESERCH OFFICER
RESERCH ASSISTANT
RESERCH ASSISTANT
RESERCH OFFICER
JOINT DIRECTOR STATISTICS
DIST.TEXT BOOK OFICER(14)
STATE TEXT BOOK OFFICER
ASST. EDL OFFICERS (162)
DIST. EDUCATIONAL OFFICERS (38) EDL. DIST.)
DEPUTY DIRECTORS(14 DIST)
SECRETARY TO THE COMMISSIONER FOR GOVT.EXAMS
JOINT COMMISSIONER FOR GOVT EXAMS

**<u>ദർശനം</u>**

സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഗുണനിലവാരം ഉള്ളതും സർഗാത്മകമായ അവരുടെ കഴിവുകൾ വികസിപ്പിക്കാനുതുകുന്ന വിധത്തിലു ള്ളതുമായ വിദ്യാഭ്യാസം നൽകുക.

**<u>ലക്ഷ്യം</u>**

- സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും നൽകുന്നതിലൂടെ നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി അദ്ധ്യാപകർക്ക് തുടർച്ചയായ പരിശീലനം നൽകി അവരുടെ നിലവാരം ഉയർത്തുക.
- സ്വഭാവ രൂപീകരണത്തിന് ഊന്നൽ നൽകിയുള്ള പാഠ്യപദ്ധതി ആവി ഷ്ക്കരിച്ച് നടപ്പിലാക്കുക.
- ഐ.ടി.വിദ്യാഭ്യാസം പ്രൈമറി തലം മുതൽ നടപ്പിലാക്കുകയും കമ്പ്യൂട്ടർ പഠനത്തെപ്പറ്റിയുള്ള അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുകയും ചെയ്യുക.
- സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.
- അദ്ധ്യാപകർ വീടുവീടാന്തരം സന്ദർശനം നടത്തി രക്ഷകർത്താക്കളെ ബോധവൽക്കരിച്ച് സ്ക്കൂളുകളിലെ കൊഴിഞ്ഞു പോക്ക് തടയുക.
- ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ബി.പി.എൽ ഗ്രൂപ്പിൽപ്പെ ടുന്ന 10-ാം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭ ക്ഷണം നൽകുക.
- വികലാംഗ വിദ്യാർത്ഥികൾക്ക് തക്കതായ വിദ്യാഭ്യാസം നൽകി മുഖ്യ ധാരയിലേക്ക് കൊണ്ടു വരിക.
- വികലാംഗരുടെ സംയോജിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- എൻ.സി.സി, സ്ക്കൗട്ട് തുടങ്ങിയ പാഠ്യേതര പരിപാടികളിൽ വിദ്യാർത്ഥി കളെ പങ്കെടുപ്പിച്ച് അവരിൽ സാമൂഹ്യ പ്രതിബദ്ധതയും ദേശസ്നേ ഹവും വളർത്തിയെടുക്കുക.
- വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും പട്ടി കജാതി പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കൾക്കും പ്രത്യേക പരിശീലനം നൽകി പരീക്ഷാഫലം മെച്ചപ്പെടുത്തു ന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
- വിജയശതമാനം കുറഞ്ഞ സ്ക്കൂളുകളെ തെരഞ്ഞെടുത്ത് പ്രസ്തുത സ്ക്കൂളുകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം പരിശീലനം നൽകി വിജയശതമാനം വർദ്ധിപ്പിക്കുക.

## 1. പൊതു വിദ്യാഭ്യാസ ഡയറക്ടർ:

1. വകുപ്പ് അദ്ധ്യക്ഷൻ.
2. പൊതു പരീക്ഷാ കമ്മീഷണർ.
3. സ്റ്റേറ്റ് എഡ്യൂക്കേഷൻ അഡ്വൈസറി ബോർഡ് മെമ്പർ സെക്രട്ടറി.
4. പഠന വിഷയങ്ങൾ നിർണ്ണയിക്കുന്നതിന്റെ പരമാധികാരി.
5. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ഉപകാര്യാലയങ്ങളുടെയും അധിപൻ.
6. കേരള സംസ്ഥാന മദ്രസ വിദ്യാഭ്യാസ ബോർഡിന്റെ കൺവീനർ.
7. സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ.
8. പൊതു വിദ്യാഭ്യാസ സംവിധാനത്തിലെ അപ്പലേറ്റ് അതോറിറ്റി.
9. സ്ക്കൂളുകളിലെ പ്രവർത്തന വിതരണ സമ്പ്രദായം (അക്കാദമീയവും അനക്കാദമീയവും) നിർണ്ണയിക്കുന്ന പരമാധികാരി.
10. വിദ്യാഭ്യാസ കാര്യാലയം നടപ്പിലാക്കുന്ന മേളകളുടെ നടുനായകത്വം വഹിക്കുന്ന വ്യക്തി.
11. അക്കാദമീയ രംഗത്ത് നൂതന ഇടപെടലുകൾക്ക് ചുക്കാൻ പിടിക്കുന്ന പരമാധികാരി.
12. വിദ്യാഭ്യാസ വകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങളിൽ മുൻകൂട്ടി കാണാൻ കഴിയാത്ത കാര്യങ്ങൾ തീരുമാനം എടുക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ.

## 2. അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ (ജനറൽ):

1. ഏറ്റവും താഴ്ന്ന ഗസറ്റഡ് തസ്തിക അടക്കമുള്ള മുഴുവൻ പോസ്റ്റുകളുടെയും നിയമനാധികാരി.
2. ഗവൺമെന്റിന്റെ അംഗീകാരത്തിന് വിധേയമായി സംസ്ഥാന പ്രാധാന്യമുള്ള സ്ക്കോളർഷിപ്പുകൾ സ്വീകരിക്കുക. സ്ക്കോളർഷിപ്പുകളും എന്റോൺമെന്റുകളും സമ്മാനങ്ങളും സ്വീകരിച്ച് പ്രവർത്തന അംഗീകാരം കൊടുക്കുക.
3. സംസ്ഥാന സ്ക്കൂൾ യുവജനോത്സവങ്ങളുടെ സംഘാടനം.
4. സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ചുള്ള അപ്പീലുകളിൽ തീർപ്പ് കല്പിക്കൽ.
5. പൊതു വിദ്യാഭ്യാസ വകുപ്പിലെ സംസ്ഥാന വിജിലൻസ് ഓഫീസർ.
6. വിദ്യാഭ്യാസ ചട്ടങ്ങളുടെ ഭേദഗതികൾ കൈകാര്യം ചെയ്യൽ.
7. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ/പുതിയ സ്ക്കൂളുകൾ എന്നിവയുടെ സ്ഥാപനം, അംഗീകാരം.
8. മുസ്ലീം സ്ക്കൂളുകളിലെ അദ്ധ്യയന കലണ്ടർ ജനറൽ സ്ക്കൂളുകളിലെ അദ്ധ്യയന കലണ്ടറിലേക്ക് മാറ്റൽ.
9. ഭരണപരമായ പൊതുവായ കാര്യങ്ങൾ.
10. ഗ്രേഡിംഗും പുതിയ മൂല്യനിർണ്ണയ തന്ത്രങ്ങളും.

## 3. അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്):

1. അക്കാദമിക് പ്രവർത്തനങ്ങളുടെ സംസ്ഥാനതല നേതൃത്വം.
2. സ്വകാര്യ മാനേജ്മെന്റ് സ്കൂളിലെ അദ്ധ്യാപക/അനദ്ധ്യാപകേതര നിയമനങ്ങളെ കുറിച്ചുള്ള അപ്പീലുകളുടെ തീർപ്പു കല്പിക്കൽ.
3. സ്വകാര്യ സ്ക്കൂൾ ഉടമസ്ഥതയെ കുറിച്ചുള്ള തർക്ക പരിഹാരം.
4. വൈകല്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കൽ.
5. വൈകല്യ വിദ്യാഭ്യാസ സ്ക്കൂളുകളിലെ നിയമനം, പൊതു സ്ഥലംമാറ്റം മുതലായവ.
6. മുഴുവൻ സ്ക്കോളർഷിപ്പുകളും.
7. ഭരണ നവീകരണ പദ്ധതി.
8. സേവന പ്രധാന പദ്ധതി.
9. ഐ.എം.ജിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ.
10. വിദ്യാഭ്യാസ വകുപ്പിലെ പ്ലാനിംഗിന്റെ മുഖ്യ ചുമതല.
11. ഫൈൽ അദാലത്തുകളുടെ ചുമതല.

## 4. സീനിയർ ഫൈനാൻസ് ഓഫീസർ:

1. ഡി.പി.ഐ. ഓഫീസ് അനുബന്ധ ജില്ലാ ഓഫീസുകൾ എന്നിവകളുടെ വാർഷിക നോൺ-പ്ലാൻ ബജറ്റ് തയ്യാറാക്കൽ.
2. ജില്ലാ ഓഫീസുകളിലേക്കും ടെക്സ്റ്റ് ബുക്ക് ഓഫീസുകളിലേക്കും പരീക്ഷാഭവൻ എന്നീ ഓഫീസുകളിലേക്ക് യഥാസമയം അലോട്ട്മെന്റ് നല്കൽ.
3. ഡി.പി.ഐ.ഓഫീസിലെ ഓഡിറ്റ് വിഭാഗങ്ങളുടെ ഫലപ്രദമായ മേല്നോട്ടം.
4. ധന സംബന്ധമായ കാര്യങ്ങൾക്ക് സെക്ഷനുകൾക്ക് വേണ്ട ഉപദേശം നല്കൽ.
5. ജി.പി.എഫ്.നിയമങ്ങൾക്ക് വിധേയമായി ഡി.പി.ഐ.ഓഫീസിലെ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് താല്ക്കാലിക അഡ്വാൻസ്, എൻ.ആർ.എ.എന്നിവ അനുവദിക്കൽ.
6. കെ.എ.എസ്.ഇ.പി.എഫ്. ഡിപ്പോസിറ്റിൽ നിന്നും നിയമങ്ങൾക്ക് വിധേയമായി താല്ക്കാലിക അഡ്വാൻസും എൻ.ആർ.എ-യും അനുവദിച്ച് നല്കൽ.
7. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രതിമാസ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ അവലോകനം ചെയ്യൽ.

## 5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ:

1. വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുക.
2. ജീവനക്കാരുടെ അവധി അപേക്ഷകൾ സ്വീകരിക്കുകയും അവധി നല്കുകയും ചെയ്യുക.
3. വിദ്യാഭ്യാസ ഉപഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥൻമാർക്ക് ഭവന നിർമ്മാണ വായ്പ സംബന്ധിച്ച ബില്ലുകളിൽ മേലൊപ്പ് ഇടുക.
4. ഡയറക്ടറേറ്റിലെ വാഹനങ്ങളുടെ റിപ്പയറുകളും സ്പെയർപാർട്ട്സ് വാങ്ങലും.
5. ജീവനക്കാരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കൽ.

6. പ്രഥമ അദ്ധ്യാപകർ വരെയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം.

## 6. സീനിയർ ലാ ഓഫീസർ

1. പൊതു വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന കോടതി കേസ്സുകൾ നിരീക്ഷിക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാരിന്റെ താല്പര്യ സംരക്ഷണാർത്ഥം എടുക്കേണ്ട നടപടികളെ സംബന്ധിച്ച് ഉപദേശം നല്കുകയും ചെയ്യുക.
2. വിധിയായ കേസ്സുകളിൽ അപ്പീൽ നല്കൽ, സ്വീകരിക്കേണ്ട മേൽ നടപടി ഇത്യാദി കാര്യങ്ങളിൽ ഉപദേശം നല്കൽ.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അയച്ചു കിട്ടുന്ന ഫയലുകളിൽ നിയമോപദേശം നല്കൽ.
4. വിവിധ കേസ്സുകളിന്മേൽ തയ്യാറാക്കുന്ന സത്യവാങ്മൂലങ്ങളിന്മേലുള്ള പരിശോധന നിയമോപദേശം.

## 7. ജോയിന്റ് ഡയറക്ടർ (അക്കാദമിക്):

1. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 23,24 അനുസരിച്ച് വിദ്യാഭ്യാസ ജില്ലാ, ഉപജില്ലാ ഓഫീസർമാർ നടത്തുന്ന തസ്തിക നിർണ്ണയ ഉത്തരവുകൾക്കെതിരെയുള്ള അപ്പീലുകൾ തീർപ്പാക്കുന്നു.
2. സ്ക്കൂൾ കുട്ടികളുടെ ഗ്രൂപ്പ് പേഴ്സണൽ, ആക്സിഡന്റ്, ഇൻഷുറൻസ് സ്കീം.
3. സർക്കാർ/എയിഡഡ്/അൺ എയിഡഡ്/സ്പെഷ്യൽ സ്ക്കൂളുകളിലെ അക്കാദമീയവും ഭരണ പരവുമായ കാര്യങ്ങൾ.
4. സ്പെഷ്യൽ സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കൽ.
5. സ്പെഷ്യൽ സ്ക്കൂളുകളിലെ റിവിഷൻ അപ്പീലുകൾ തീർപ്പാക്കൽ.
6. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ക്കൂളുകളുടെ രജിസ്ട്രേഷൻ/അംഗീകാരം നല്കൽ എന്നിവ.
7. സ്ക്കൂൾ കുട്ടികൾക്കായുള്ള വെൽഫയർ ഫണ്ട് കൈകാര്യം ചെയ്യൽ.
8. ടി.ടി.സി.കോഴ്സിന്റെ നടത്തിപ്പും പ്രസ്തുത കോഴ്സുകളിലേയ്ക്ക് മെരിറ്റ് വഴിയും, ഡിപ്പാർട്ട്മെന്റ് ക്വാട്ട വഴിയും ട്രെയിനീസിനെ തെരഞ്ഞെടുക്കലും ട്രെയിനികളുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കൽ എന്നിവ.
9. ബി.എഡ്.കോഴ്സിന് ഡിപ്പാർട്ട്മെന്റൽ ക്വാട്ടയിലുള്ള ട്രെയിനീസിന്റെ തെരഞ്ഞെടുപ്പ്.
10. ഹിന്ദി, അറബി, ഉർദു. എൽ.റ്റി.റ്റി.സി കോഴ്സുകളിലെക്ക് ഓപ്പൺ ക്വാട്ടയിലും ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലും ട്രെയിനികളെ തെരഞ്ഞെടുക്കൽ.
11. സ്വാശ്രയ ടി.ടി.ഐ സംബന്ധിച്ച ജോലികൾ.
12. വികലാംഗ ജീവനക്കാർക്ക് യാത്രബത്ത അനുവദിച്ചു നല്കൽ.
13. ഭാരത് സ്കൗട്ട് & ഗൈഡ്സ്, കേരളാ ഫേഡറേഷൻ ഓഫ് ദി ബ്ലൈന്റ് എന്നിവയ്ക്ക് ഗ്രാന്റ്-ഇൻ-എയിഡ് അനുവദിക്കുന്നത് സംബന്ധിച്ച ജോലികൾ.
14. ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളുടെ അപ്ഗ്രഡേഷൻ.
15. മുസ്ലീം -നാടാർ പെൺകുട്ടികളുടെ സ്ക്കോളർഷിപ്പ് വിതരണം.

16. സൈനിക സ്ക്കൂൾ സ്ക്കോളർഷിപ്പുമായി ബന്ധപ്പെട്ട ജോലികൾ.
17. സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച ജോലികൾ.
18. എയിഡഡ് സ്ക്കൂളുകളിലെ സീനിയോരിറ്റി സംബന്ധിച്ച പ്രശ്നങ്ങൾ, സീനിയോരിറ്റി ലിസ്റ്റുകളുടെ അംഗീകാരം മുതലായവ
19. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മേളകളുടെ നടത്തിപ്പ്.

## 8. ജോയിന്റ് ഡയറക്ടർ (സ്ഥിതി വിവര കണക്ക് വിഭാഗം)

1. പ്രീ-പ്രൈമറി കോളേജ് തലം വരെ (പ്രഫഷണൽ കോളേജുകൾ ഉൾപ്പെടെ) വരെയുള്ള സ്ഥാപനങ്ങളുടെ പ്രതിവർഷ സ്ഥിതിവിവര കണക്കുകളുടെ ശേഖരണം ക്രോഡീകരണം, ഇത്യാദി നടത്തി കേന്ദ്ര ഗവൺമെന്റിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന് അയച്ചു കൊടുക്കുന്നു.
2. ഓരോ അദ്ധ്യയന വർഷത്തിലെയും വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കുന്നു.
3. ഓരോ വർഷവും ഗൈഡ് ബുക്ക് പ്രസിദ്ധീകരിക്കുന്നു.
4. സംസ്ഥാനത്തെ സ്ക്കൂളുകളുടെ പട്ടിക കാറ്റഗറി തിരിച്ച് പ്രസിദ്ധീകരിക്കുന്നു.
5. എല്ലാ അദ്ധ്യയന വർഷവും 6-ാം പ്രവർത്തി ദിവസത്തെ കുട്ടികളുടെ എണ്ണം ജൂലൈ 15-ലെ അദ്ധ്യാപകരുടെ എണ്ണം എന്നിവ പ്രസിദ്ധീകരിക്കുന്നു.
6. സംരക്ഷിത അദ്ധ്യാപകരുടെ എണ്ണം കാറ്റഗറി തിരിച്ച് തയ്യാറാക്കുന്നു.
7. കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം തയ്യാറാക്കുന്നു.
8. ഗവൺമെന്റ് ആവശ്യപ്പെടുന്ന മുറയ്ക്ക് വിവരങ്ങൾ സർവ്വേ നടത്തി ശേഖരിക്കുന്നു.
9. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ റിപ്പോർട്ട് തയ്യാറാക്കുന്നു.

## കുറിപ്പ്:-

മുകളിൽ പറഞ്ഞ ജോലികൾ നിർവ്വഹിക്കുന്നതിന് ജോയിന്റ് ഡയറക്ടറെ, രണ്ട് റിസർച്ച് ഓഫീസർമാരും ഒരു സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറും സഹായിക്കുന്നു.

## 9. അക്കൗണ്ട്സ് ഓഫീസർ:

1. കുടുംബക്ഷേമ പദ്ധതി അനുസരിച്ചുള്ള തുകകൾ ഡയറക്ടർക്കുവേണ്ടി വിതരണം ചെയ്യുക.
2. സ്ക്കോളർഷിപ്പ്, എന്റോൺമെന്റ്, സാധന സാമഗ്രികളുടെ വാങ്ങൽ, മോഷണം പോയ വസ്തുക്കളുടെ വില എഴുതി തള്ളൽ, ഉപയോഗ ശൂന്യമായ വസ്തുവകകൾ ലേലം ചെയ്യൽ ഇവകളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനകൾ.
3. നോൺ ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാറി എടുക്കുന്നതിനുള്ള ബില്ലുകളിലും ഡയറക്ടറേറ്റിലെ കണ്ടിജന്റ് ബില്ലുകളിലും ഒപ്പ് വെയ്ക്കൽ.
4. നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ ഗ്രേഡ് സംബന്ധമായ വിഷയങ്ങൾ തീർപ്പാക്കൽ മുതലായവ.

## 10. ഫൈനാൻസ് ഓഫീസർ II –:

1. ഡിപ്പാർട്ട്മെന്റ് വഴി ഭവനനിർമ്മാണ വായ്പ എടുത്ത ജീവനക്കാരുടെ പ്രമാണങ്ങളുടെ മുഴുവൻ ചുമതലയും അത് റിലീസ് ചെയ്ത് കൊടുക്കുന്ന ഉത്തരവാദിത്വവും.

2. മോട്ടോർ വാഹന വായ്പയുടെ രേഖകൾ സൂക്ഷിക്കുക, ആയത് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുക, വായ്പ സ്വീകരിക്കാത്ത കേസ്സുകളിൽ അനുമതി റദ്ദു ചെയ്ത് സർട്ടിഫിക്കറ്റ് നല്കുക.

3. സംസ്ഥാനത്ത് മുഴുവനുമുള്ള ഗവൺമെന്റ് സ്ക്കൂൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ ജി.പി.എഫ്.എൻ.ആർ.എ, താല്ക്കാലിക വായ്പ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയാക്കി മാറ്റൽ മുതലായവ.

4. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ക്കൂൾ/ഓഫീസുകളുടെ വാടക നർണ്ണയം, പുനർ നിർണ്ണയം, കുടിശ്ശിക നല്കൽ, കെട്ടിടങ്ങളുടെ ഷിഫ്റ്റിംഗ് ചാർജ് മുതലായവ.

5. വസ്തു നികുതി, കെട്ടിട നികുതി, വൈദ്യുതി കരം, വെള്ള കരം ക്ലാസ്സ് ഫോർ ജീവനക്കാരും വിവാഹ ധനസഹായ വായ്പ.

6. സംസ്ഥാനം ഒട്ടാകെയുള്ള വിദ്യാഭ്യാസ വകുപ്പ് ജീവനക്കാരുടെ ബാങ്കു വഴിയുള്ള ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, പേഴ്സണൽ കമ്പ്യൂട്ടർ വായ്പ, ഭവന നിർമ്മാണ വായ്പയുടെ ഉപയോഗ സർട്ടിഫിക്കറ്റ് മുതലായവ.

7. വാടക ഇല്ലാതെ സ്ക്കൂൾ ഗ്രൗണ്ട് നല്കൽ.

8. കേരളമൊട്ടാകെ വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥാപനങ്ങളിൽ നടക്കുന്ന മോഷണം സംബന്ധിച്ച നഷ്ടം എഴുതി തള്ളൽ.

9. വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിൽ ടെലിഫോൺ സ്ഥപിക്കുന്നതിനുള്ള ജോലി.

10. പൊതു വിദ്യാഭ്യാസ വകുപ്പിലെ സീനിയർ സൂപ്രണ്ട് മുതൽ മുകളിലേക്കുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുതൽ മുകളിലേക്കുള്ള അക്കാദമിക് ഓഫീസർമാരുടെയും പെൻഷൻ, അവസാനമാസ ശമ്പള ബിൽ.

പൊതു വിദാഭ്യാസ വകുപ്പിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരുടെ പെൻഷനുമായി ബന്ധപ്പെട്ട കോടതി കേസ്സുകൾ, പരാതികൾ.

11. <u>ചീഫ് പ്ലാനിംഗ് ഓഫീസർ :</u>

1. പദ്ധതി പ്രവർത്തന പടിപാടികളുടെ മേല്നോട്ടം, നിയന്ത്രണം, പദ്ധതി ബഡ്ജറ്റ് സമർപ്പിക്കൽ.
2. പ്ലാനിംഗ് ബോർഡുമായിട്ടുള്ള കത്തിടപാടുകൾ.
3. പ്രതിഭാധനരായ കുട്ടികൾക്കുള്ള പദ്ധതി നടപ്പിൽ വരുത്തുക.
4. കലയിൽ വൈഭവമുള്ള നിർദ്ധനരായ കുട്ടികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിൽ വരുത്തുക.
5. ഓഫീസ് നവീകരണ പദ്ധതി.
6. ഭരണ നവീകരണ പദ്ധതി.
7. സേവന പ്രദാന പദ്ധതി.
8. ജില്ലാ ഇംഗ്ലീഷ് പരിശിലന കേന്ദ്രങ്ങളുടെ മേൽനോട്ടം.
9. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് മൈസൂർ - ധനസഹായം കത്തിടപാടുകൾ.
10. വഞ്ചിപൂവർ ഫണ്ട്.
11. ചിൽഡ്രൻസ് ഫിലീം സൊസൈറ്റി ധനസഹായം.
12. സംസ്കൃത വിദ്യാഭ്യാസം - മേൽനോട്ടം.
13. സ്ക്കൂൾ ക്ലബ്ബുകളുടെ നവീകരണം.
14. അദ്ധ്യാപകരെ പരിശീലനത്തിന് അയയ്ക്കൽ.
15. സ്ക്കൂൾ ഹരിതവൽക്കരണ പദ്ധതി.
16. സ്ക്കൂളുകളിൽ സാമൂഹ്യ കണക്കെടുപ്പ്.
17. മുഖ്യമന്ത്രിയുടെ ഏകപക്ഷ കർമ്മ പദ്ധതി - പൗരാവകാശ രേഖ, ഫയൽ അദാലത്തുകൾ, മാന്വൽ നവീകരണം മുതലായവ.
18. ഇന്റർ നാഷണൽ സ്ക്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് - ധനസഹായം.
19. സർവ്വ ശിക്ഷ അഭിയാൻ.

12. <u>പ്രോജക്ട് ഓഫീസർ</u> :

1. ജില്ലാതല വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിലെ (ഡയറ്റ്) വാർഷിക പദ്ധതി തയ്യാറാക്കൽ, അവയുടെ നിർവ്വഹണം മുതലായവ.
2. 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന 'ശാസ്ത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ' എന്ന പദ്ധതിയുടെ നിർവ്വഹണം, നിയന്ത്രണം.
3. 'സ്ക്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പിലാക്കൽ' എന്ന കേന്ദ്ര ആവിഷ്കൃത പദ്ധതിയുടെ നിർവ്വഹണവും, നിയന്ത്രണവും.
4. ഐ.ടി. @ സ്ക്കൂൾ പ്രോജക്ട് - ന്റെ കോ-ഓർഡിനേഷൻ.
5. യൂണിസെഫ് പ്രവർത്തനങ്ങളുടെ നടത്തിപ്പ്.
6. ഏരിയാ ഇന്റൻസീവ് പ്രോഗ്രാം.
7. ശാസ്ത്രപോഷിണി പദ്ധതി.
8. ഓപ്പറേഷൻ വൈറ്റ്ബോർഡ് പദ്ധതി.

13. <u>വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്)</u> :

1. സ്പെഷ്യൽ സ്ക്കൂൾ അദ്ധ്യാപകർക്ക് പരിശീലനം, ഇത്തരം സ്ക്കൂളുകളിൽ അക്കാദമികായ മേൽനോട്ടം.
2. സ്പെഷ്യൽ സ്ക്കൂളുകളിൽ തസ്തിക തിർണ്ണയം, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ.

3. സ്പെഷ്യൽ സ്ക്കൂളുകളുമായി ബന്ധപ്പെട്ട മേളകളും, കലോത്സവങ്ങളും, ബന്ധപ്പെട്ട കാര്യങ്ങളും.

4. വികലാംഗരായ ഉദ്യോഗസ്ഥർക്ക് ധനസഹായം.

5. ടി.ടി.സി. കോഴ്സുകളിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കൽ.

6. സ്വാശ്രയ ടി.ടി.ഐ. കൾ ബി.എഡ്. കോളെജുകൾ എന്നിവകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ.

7. ഭാഷാ പരിശീലന കോഴ്സുകളിലെ പഠിതാക്കളുടെ തെരഞ്ഞെടുപ്പും അനുബന്ധ കാര്യങ്ങളും (എൽ.ടി.ടി.ഇ – ഹിന്ദി, അറബിക്, ഉറുദു.).

8. പൊതുവിദ്യാഭ്യാസ വകുപ്പിലെ സംവരണ തോത് വിലയിരുത്തൽ (പട്ടികജാതി വർഗ്ഗ ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനവും അനുബന്ധ കാര്യങ്ങളും).

9. സൈനിക സ്ക്കൂളുകൾ.

10. മുസ്ലീം / നാടാർ പെൺകുട്ടികളുടെ സ്കോളർഷിപ്പ്.

11. ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസം.

12. ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് – ധനസഹായം.

14. <u>വിദ്യാഭ്യാസ ഉപഡയറക്ടർ ( QIP-I ) :</u>

1. എല്ലാ സ്റ്റാന്റേർഡുകളിലെയും ഗ്രേഡിംഗും, മൂല്യനിർണ്ണയവും അക്കാദമിക് പരിശോധനയും, മോണിട്ടറിംഗും.

2. പാഠ്യപദ്ധതി തയ്യാറാക്കലും, മോണിട്ടറിംഗും.

3. സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ.

4. വിദ്യാർത്ഥികളെ ലക്ഷ്യമിട്ട ബോധവൽക്കരണ പരിപാടികൾ.

5. ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയപ്പോൾ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങളുടെ പരിഹാരം.

6. സാങ്കേതിക പ്രശ്നങ്ങളിൽ മേലുള്ള ഫലസംശോഷണം.

15. <u>വിദ്യാഭ്യാസ ഉപഡയറക്ടർ ( QIP-II )</u> :

1. എല്ലാ സ്റ്റാന്റേർഡുകളുടെയും, വിശിഷ്യാ 10–ാം സ്റ്റാന്റേർഡിലെ പാർട്ട് 1 നെ അധികരിച്ച് അദ്ധ്യാപക പരിശീലനം.

2. അച്ചടിയും, വിതരണവും.

3. നിയമസഭാ ചോദ്യോത്തരങ്ങൾ.

4. എല്ലാ മീറ്റിംഗുകളും കോൺഫറൻസുകളും.

5. സംസ്ഥാന കരിക്കുലം കമ്മിറ്റി സ്കീം ഓഫ് വർക്ക്.

6. ധനവിനിയോഗം, അവലോകനം, ഭൗതിക നേട്ടം, പുരോഗതിയുടെ അവലോകനം.

7. അഡോപ്റ്റഡ് സ്ക്കൂൾ.

16. <u>വിദ്യാഭ്യാസ ഉപഡയറക്ടർ ( QIP-III ) :</u>

1. പാഠ്യേതര പ്രവർത്തനങ്ങളിൽ വിശിഷ്യ 10–ാം സ്റ്റാന്റേർഡിലെ പാർട്ട് II, III ഭാഗങ്ങളിൽ
അദ്ധ്യാപക പരിശീലനം.

2. ഉപജില്ലാ ഓഫീസർ / പ്രഥമാധ്യാപകൻ എന്നിവർക്കുള്ള പരിശീലനം.

3. വിദ്യാഭ്യാസ ഉപഡയറക്ടർ / വിദ്യാഭ്യാസ ജില്ലാ ഓഫീസർ പരിശീലനം.

4. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായത്താൽ ശാസ്ത്ര പ്രവർത്തനങ്ങൾ.

5. സാമൂഹ്യ ശാസ്ത്ര പ്രവർത്തനങ്ങൾ.

6. പദ്ധതി തിർദ്ദേശങ്ങളും, കർമ്മപദ്ധതികളും.

7. ഗുണമേന്മ ഉയർത്തൽ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന എസ്.എസ്.എ അടക്കമുള്ള പുതിയ പ്രവർത്തനങ്ങൾ.

**17. അസിസ്റ്റന്റ് ഡയറക്ടർ (ജനറൽ ) :**

1. എല്ലാ എയിഡഡ് സ്ക്കൂളുകളിലെയും നിയമനാംഗീകാരം സംബന്ധിച്ചുള്ള അപ്പീലുകളിന്മേൽ നടപടി സ്വീകരിക്കൽ.

2. ടി സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ നിയമന ഉത്തരവ് നൽകുന്നതിനുള്ള 6 മാസത്തിൽ കൂടുതലുള്ള കാലവിളംബം മാപ്പാക്കൽ.

3. 6 മാസത്തിനകമുള്ള മെയിന്റനൻസ്, ഗ്രാന്റ് അപേക്ഷകളുടെ കാലവിളംബം മാപ്പാക്കുക.

4. സ്ക്കൂൾ മാനേജ്മെന്റ് മാറ്റം അംഗീകരിക്കൽ.

5. എയിഡഡ് ഹൈസ്ക്കൂളുകളിലെ അദ്ധ്യാപകരുടെ സർവ്വീസ് പുസ്തകങ്ങളിന്മേൽ നടപടി സ്വീകരിക്കൽ.

6. ടി അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി കേസ്സുകൾ, വിധിന്യായങ്ങൾ നടപ്പിലാക്കൽ സത്യവാങ്മൂലം നൽകൽ മുതലായവ.

7. അദ്ധ്യാപകരുടെ ദീർഘകാല അവധി അപേക്ഷ, കാലതാമസം വന്ന ഉത്സവബത്ത, ബോണസ് എന്നിവയിന്മേലുള്ള അപേക്ഷകൾ സർക്കാരിലേക്ക് സമർപ്പിക്കൽ.

8. ജില്ലാ വിദ്യാഭ്യാസ ഓഫീസർ / വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ തെറ്റായി കൊടുത്തുപോയ നിയമനാംഗീകാരം ടി ഓഫീസർമാരോ, മാനേജർമാരോ അവശ്യപ്പെട്ടാൽ നിരോധിച്ച് തീരുമാനം എടുക്കൽ.

9. മാനേജ്മെന്റ് തർക്കം പരിഹരിക്കൽ.

**18. അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ് ) :**

1. സ്വകാര്യ പ്രൈമറി സ്ക്കൂളുകളിലെ നിയമനങ്ങളിന്മേലുള്ള അപ്പീലുകളുടെ തീർപ്പാക്കൽ.

2. ടി അപ്പീലുകൾ സമർപ്പിക്കുന്നതിന് 6 മാസത്തിൽ കൂടുതലുള്ള കാലതാമസം മാപ്പാക്കി നടപടി സ്വീകരിക്കുക.

3. സ്വകാര്യ സ്ക്കൂളുകളിലെ മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 6 മാസത്തിനുള്ളിലെ കാലതാമസം മാപ്പാക്കി നടപടി സ്വീകരിക്കുക.

4. സ്ക്കൂൾ മാനേജ്മെന്റ് മാറ്റം - വ്യക്തിപരവും, ഉടമസ്ഥാവകാശവും - അംഗീകാരം നൽകുന്നതിനുള്ള നടപടി.

5. പ്രൈമറി സ്ക്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി സംബന്ധിച്ചുള്ള കാര്യങ്ങൾ.

6. സ്ക്കൂൾ മാനേജ്മെന്റ് തർക്ക പരിഹാരം.

7. എയിഡഡ് സ്ക്കൂളുകളിലെ നിയമനം സംബന്ധിയായ കോടതി വിധിന്യായം നടപ്പിൽ വരുത്തുക, കോടതി കേസ്സുകളിൽ സത്യവാങ്മൂലം സമർപ്പിക്കൽ മുതലായവ.

8. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തെറ്റായി നൽകിയ നിയമന അംഗീകാരങ്ങൾ റദ്ദു ചെയ്യുക.

9. അദ്ധ്യാപകരുടെ കാലതാമസം ഉണ്ടായ ബോണസ്സ്, ഉത്സവബത്ത എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേയ്ക്ക് അയക്കൽ.

10. പുതിയ അൺ എയിഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം, അവയുടെ പദവി ഉയർത്തൽ മുതലായവ.

11. പ്രീ പ്രൈമറി പരിശീലന സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. നൽകൽ, സർക്കാർ എയി ഡഡ് സ്ക്കൂളുകളിലെ പി.ടി.എ നടത്തുന്ന പ്രീ പ്രൈമറി സ്ക്കൂളുകൾക്ക് അംഗീ കാരം / അനുവാദം.

12. അനാദായകരമായ വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള നടപടികൾ.

13. അടച്ചുപൂട്ടുന്ന സ്ക്കൂളുകളിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ പുനർവിന്യാസം.

14. സർക്കാർ / എയിഡഡ് സ്ക്കൂളുകൾ പുതുതായി അനുവദിക്കൽ, പദവി ഉയർത്തൽ.

15. സി.ബി.എസ്.സി. / ഐ.സി.എസ്.ഇ. സ്ക്കൂളുകൾക്ക് എൻ.ഒ.സി. നൽകൽ.

16. സെക്ഷൻ / ഷിഫ്റ്റ് സമ്പ്രദായം സർക്കാർ / എയിഡഡ് സ്ക്കൂളുകളിൽ നടപ്പിലാ ക്കുന്നതും എടുത്ത് മാറ്റുന്നതും സംബന്ധിച്ച്.

17. സ്ക്കൂളുകളിലെ കുട്ടികളുടെ ഏറ്റവും കുറഞ്ഞ എണ്ണം, സ്ക്കൂൾ കാമ്പൗണ്ടിന്റെ വിസ്തൃതി, കെട്ടിടത്തിന്റെ അളവ് എന്നിവ സംബന്ധിച്ച് ഇളവ് നൽകുന്ന നടപടി കൾ.

18. സർക്കാർ - എയിഡഡ് സ്ക്കൂളുകളുടെ വിഭജനം യോജിപ്പിക്കൽ എന്നിവ.

19. വിദ്യാഭ്യാസ നിയമങ്ങൾക്ക് വിധേയമായി സ്ക്കൂൾ പ്രവേശനം നടക്കുന്നതിന് ബന്ധപ്പെട്ട ഉത്തരവ് തയ്യാറാക്കൽ.

20. പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെ ടുവിക്കുന്ന എല്ലാ ഉത്തരവുകളും ( പ്രത്യേകിച്ച് അദ്ധ്യാപക / അനദ്ധ്യാപക സംര ക്ഷണ നിയമം തുടങ്ങിയവ ) നടപ്പിലാക്കുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ തൽകൽ.

21. പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന എല്ലാവിധ ഉത്തവുകൾക്കും ആവ ശ്യമായ വിശദീകരണം സർക്കാരിൽ നിന്നും നേടുക.

**22.** കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേ ശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുക

**19. <u>സ്പെഷ്യൽ ഓഫീസർ പ്രവൃത്തിപരിചയം :</u>**

1. ഭരണാനുമതി ലഭിച്ച പ്രവൃത്തി പരിചയുവുമായി ബന്ധപ്പെട്ട പദ്ധതികൾ മുൻഗ ണനാ ക്രമത്തിൽ നടപ്പിലാക്കുക, പുതിയവകൾക്ക് പ്രപ്പോസലുകൾ നൽകുക.

2. പ്രൈമറി, ഹൈസ്ക്കൂൾ അദ്ധ്യാപകർക്കായി പ്രവൃത്തിപരിചയ വിഷയങ്ങൾ, മൂല്യ നിർണ്ണയം എന്നിവകളിൽ പരിശീലനം.

3. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും, പൊതുമരാമത്ത് വകുപ്പിൽ നിന്നും ഈ വകുപ്പിൽ ജോലി ചെയ്യുന്ന വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, ഇഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ എന്നിവർക്ക് പരിശീലനം നൽകുക.

4. പ്രവൃത്തി പരിചയ വിഭാഗത്തിന്റെ കീഴിലുള്ള പ്രസ്സുകളുടെ നിയന്ത്രണം.

5. സംസ്ഥാന പ്രവൃത്തിപരിചയ മേളയുടെ നടത്തിപ്പ് മൂല്യനിർണ്ണയം.

6. സ്ക്കൂൾ, ഉപജില്ലാ, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല ഓഫീസുകളിൽ പ്രവൃത്തിപരി ചയവുമായി ബന്ധപ്പെട്ട റിക്കാർഡുകളുടെ പരിശോധന.

7. വിദ്യാഭ്യാസ ഡയറക്ട്രേറ്റിന്റെ പ്രവൃത്തിപരിചയ യൂണിറ്റിന്റെയും, തൃശ്ശൂർ, കോഴി ക്കോട് റീജിയണൽ ഫോർമാന്മാരുടെയും നിയന്ത്രണം.

## 20. സംസ്കൃതം സ്പെഷ്യൽ ഓഫീസർ :

1. സംസ്ഥാനത്ത് ഒട്ടാകെയുള്ള സ്ക്കൂളുകളിൽ സംസ്കൃത വിദ്യാഭ്യാസ പ്രവർത്തന ത്തിന്റെ മേൽനോട്ടം.
2. സംസ്കൃത അക്കാഡമിക് കൗൺസിൽ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കൽ.
3. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ നടത്തുക.
4. സംസ്കൃത സ്കോളർഷിപ്പ് വിതരണം ചെയ്യുക.
5. സംസ്ഥാന സംസ്കൃതോത്സവത്തിന് വേണ്ട മുന്നൊരുക്കങ്ങൾ ചെയ്യുക.
6. സംസ്കൃത പാഠപുസ്തകങ്ങൾ, അദ്ധ്യാപകർക്കുള്ള കൈപുസ്തകം, അദ്ധ്യാപക പരിശീലന കാര്യങ്ങൾ എന്നിവക്ക് സഹായങ്ങൾ ചെയ്യുക.
7. സംസ്കൃത പ്രചരണ - പരിപോഷണ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സാമ്പത്തിക സഹായത്തിനായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യൽ.
8. സംസ്കൃതം പഠിപ്പിക്കുന്ന സ്ക്കൂളുകളിൽ അക്കാഡമിക് ഇൻസ്പെക്ഷൻ.

## 21. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ജനറൽ :

1. വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ എല്ലാ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരു ടെയും സേവന പുസ്തകം തുടങ്ങൽ, സേവനപുസ്തകത്തിലെ എല്ലാ രേഖപ്പെടു ത്തലുകളും സാക്ഷ്യപ്പെടുത്തൽ.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായി ആലോചിച്ച് വിദ്യാഭ്യാസ ഡയറ ക്ടറുടെ കാര്യാലയത്തിൽ പ്യൂൺ, ടൈപ്പിസ്റ്റ്, ഡ്രൈവർമാർ, ക്ലാർക്ക്, സൂപ്രണ്ട് തുട ങ്ങിയ നോൺ ഗസറ്റഡ് ജിവനക്കാരെ സെക്ഷനുകളിൽ നിയമിക്കുക.
3. വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എല്ലാ നോൺ ഗസറ്റഡ് ജീവനക്കാ രുടെയും അവധി, ആർജിത അവധി, സറണ്ടർ ( സ്റ്റഡി ലീവ്, സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവ്, ശൂന്യ വേതന അവധി, 120 ദിവസത്തിനകം ) അനുവദിക്കുക.

## 22. സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് :

1. സംസ്ഥാനത്ത് ഒട്ടാകെയുള്ള സ്ക്കൂളുകളിൽ നടക്കുന്ന ഉച്ചഭക്ഷണ വിതരണം സംബന്ധിച്ചുള്ള മുഴുവൻ ജോലികളുടെയും മേൽ നോട്ടം.
2. സംസ്ഥാനത്ത് ഒട്ടാകെയുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഓഫീസുകളിൽ യഥാകാലം ഓഡിറ്റ് നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും.
3. സിവിൽ സപ്ലൈസിൽ നിന്നും ലഭിക്കുന്ന ബില്ലുകൾ പാസ്സാക്കൽ.
4. വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാരുടെ യും, നൂൺഫീഡിംഗ് ഓഫീസർമാരുടെയും കോൺഫറൻസ് നടത്തുക.
5. ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ യഥാസമയം കീഴ് ഓഫീസു കളിൽ എത്തിക്കുക.

## 23. സീനിയർ സൂപ്രണ്ട് ( എൻ & ഡബ്ല്യൂ സെക്ഷനുകൾ ) :

1. സർക്കാർ സ്ക്കൂളുകളുടെ നിർമ്മാണം / മെയിന്റനൻസ് / റിപ്പയർ / കളിസ്ഥല ത്തിന് സ്ഥലം എടുക്കൽ (എൻ).
2. പട്ടികജാതി - വർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്.
3. എൽ.എസ്.എസ്. / ജി.എസ്.എസ്. സ്കോളർഷിപ്പുകൾ, നാഷണൽ സ്കോളർഷിപ്പ് ഫോർ ടാലന്റഡ് ചിൽഡ്രൻ, സൈനിക സ്ക്കൂൾ സ്കോളർഷിപ്പ്, മുസ്ലീം / നാടാർ പെൺകുട്ടികൾക്കുള്ള സ്കാളർഷിപ്പ് മുതലായവ.
4. ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ, വിവിധ എന്റോൺമെന്റുകൾ.

24. **സീനിയർ സൂപ്രണ്ട് ( എച്ച് സെക്ഷൻ ) :**

1. കേരള വിദ്യാഭ്യാസ നിയമങ്ങൾക്ക് വിധേയമായ സ്ക്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട ഉത്തരവുകൾ തയ്യാറാക്കുക.
2. പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, പ്രത്യേകിച്ച് എയിഡഡ് സ്ക്കൂളുകളെ സംബന്ധിച്ച് ( അദ്ധ്യാപക / അനദ്ധ്യാപകേതര സംരക്ഷണം, നിയമനം തുടങ്ങിയവ ) നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന എല്ലാവിധ ഉത്തരവുകൾക്കും ആവശ്യമായ വിശദീകരണം സർക്കാരിൽ നിന്നും നേടുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. കേരളവിദ്യാഭ്യാസ ചട്ടങ്ങൾക്ക് ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

25. **സീനിയർ സൂപ്രണ്ട് ( ഒ & എം ) :**

1. സബ് ഓഫീസുകളിൽ പരിശോധന തുടർ നടപടി.
2. വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ഡയറ്റ്, പ്രിൻസിപ്പൽമാർ എന്നിവരുടെ യാത്രാപരിപാടികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി.
3. ഓഫീസ് സംഘാടനവും, അതിന്റെ നടപടി ക്രമങ്ങളും.

26. **സീനിയർ സൂപ്രണ്ട് പി.എഫ് ( ജനറൽ ) :**

1. കെ.എ.എസ്.ഇ.പി.എഫ്. വരിക്കാരനിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുക.
2. ഈ വരിക്കാരിൽ നിന്നും ലഭിക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള അഡ്വാൻസ് അപേക്ഷകൾ തീർപ്പാക്കുക.
3. ഈ അപേക്ഷകൾ തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പകളാക്കി മാറ്റിക്കൊടുക്കുക.

27. **സൂപ്പർ ചെക്ക് ഓഫീസർമാർ :**

1. സ്ക്കൂളുകളിലെ തസ്തിക നിർണ്ണയത്തിലെ ക്രമക്കേടുകളുടെ അന്വേഷണവും, അനന്തര നടപടികളും.
2. കെ.ഇ.ആർ. - ലെ 23-ാം അദ്ധ്യായത്തിലെ റൂൾ 16 പ്രകാരമുള്ള അധികാരം വിനിയോഗങ്ങൾ.

**കുറിപ്പ് :**

തിരുവനന്തപുരം റവന്യൂ ജില്ലമുതൽ എറണാകുളം ജില്ല വരെ അധികാരപരിധിയുള്ള ഒരു സൂപ്പർ ചെക്ക് ഓഫീസറും, തൃശ്ശൂർ മുതൽ കാസർഗോഡ് ജില്ല വരെ അധികാരപരിധിയിലുള്ള മറ്റൊരു സൂപ്പർചെക്ക് ഓഫീസറും പ്രവർത്തിക്കുന്നു. ഇവരെ സഹായിക്കാനായി ഒരു അസിസ്റ്റന്റ് സൂപ്പർചെക്ക് ഓഫീസറും അതതു ഇടങ്ങളിൽ നിലവിലുണ്ട്.

# വിദ്യാഭ്യാസ വകുപ്പ് ഒറ്റനോട്ടത്തിൽ

1. സംസ്ഥാനത്ത് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസ സംബന്ധിച്ച സംസ്ഥാനതല മേൽനോട്ടം.

2. കുട്ടികളുടെ കലാകായിക മികവു വളർത്തുന്നതിനു നേരിട്ടുള്ള മേൽനോട്ടം.

3. ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ കുട്ടികളുടെ കഴിവു വളർത്തുന്നതിന് ശാസ്ത്ര പ്രവൃത്തിപരിചയ മേളകൾ സംഘടിപ്പിക്കുന്നു.

4. സ്ക്കൂൾ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പാക്കി വരുന്നു.

5. അദ്ധ്യാപകർക്ക് വിഷയാടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു.

6. വിദ്യാഭ്യാസ ചട്ടങ്ങൾ സമയാസമയങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിക്കാനായി ''എച്ച്'' വിഭാഗം പ്രവർത്തിക്കുന്നു.

7. സ്ക്കൂൾകുട്ടികളുടെ പ്രവേശനം സംബന്ധമായ പൊതുജനങ്ങളുടെ പരാതികൾ അന്തിമമായി പരിഗണിക്കുന്നതിനും ''എച്ച്'' വിഭാഗം പ്രവർത്തിക്കുന്നു.

8. അംഗവൈകല്യങ്ങളുള്ള വിദ്യാർത്ഥികളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനുമായി ''ഐ.ഇ.ഡി.'' വിഭാഗം പ്രവർത്തിക്കുന്നു.

9. അന്ധ ബധിര വിദ്യാലയങ്ങളുടെ പ്രവർത്തനം നേരിട്ടു നിയന്ത്രിക്കുന്നതിനും ''ഐ.ഇ.ഡി '' വിഭാഗം പ്രവർത്തിക്കുന്നു.

10. അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിനായി ''ക്യൂ.ഐ.പി.'' വിഭാഗം.

11. വിവിധതരം സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ''എൻ'' വിഭാഗം പ്രവർത്തിക്കുന്നു.

12. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ ക്ഷേമ കാര്യങ്ങൾക്കായി ''എൻ'' വിഭാഗം പ്രവർത്തിക്കുന്നു.

13. ന്യൂ എഡ്യൂക്കേഷൻ പോളിസി നടപ്പാക്കാൻ ''എൻ.ഇ.പി.'' വിഭാഗം പ്രവർത്തിക്കുന്നു.

14. സ്ക്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമായി നടത്തുന്നതിനുള്ള മേൽനോട്ടത്തിനായി ''എൻ.എം.' വിഭാഗം പ്രവർത്തിക്കുന്നു.

15. പുതിയ സ്ക്കൂൾ അനുവദിക്കുക, നിലവിലുള്ള സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്കുള്ള അപേക്ഷകളിൻമേലുള്ള തീരുമാനങ്ങൾക്കായി ''എൻ.എസ്.'' വിഭാഗം പ്രവർത്തിക്കുന്നു.

16. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായ നടപടികൾക്കായി ''ഒ & എം'' വിഭാഗം പ്രവർത്തിക്കുന്നു.

17. വിദ്യാഭ്യാസ വകുപ്പിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അപഗ്രഥിക്കുന്നതിനുമായി ''ഒ & എം'' വിഭാഗം പ്രവർത്തിക്കുന്നു.

18. സ്ക്കൂളുകളിലെ ഡിവിഷൻ അനുവദിക്കുന്നത് സംബന്ധിച്ച് പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിനു ''ആർ.എ.'' വിഭാഗം പ്രവർത്തിക്കുന്നു.

19. സ്ക്കൂളുകളിലെ പഠനോപകരണങ്ങൾ, ലൈബ്രറി കളിലേയ്ക്കുള്ള പുസ്തകങ്ങൾ, എന്നിവ ലഭ്യമാക്കുന്നതിന് ''എസ്.പി.ടി.'' വിഭാഗം പ്രവർത്തിക്കുന്നു.

20. വിജിലൻസ് സ്വഭാവമുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനും ''വി'' വിഭാഗം പ്രവർത്തിക്കുന്നു.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടേതായ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സി.ഡി. വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ അവകാശികൾ

(1) സംസ്ഥാനത്തെ സർക്കാർ/സർക്കാർ അംഗീകൃത എയിഡഡ്/അൺ-എയിഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി മുതൽ പത്താം തരം വരെ യുള്ള വിദ്യാർത്ഥികൾ.

(2) മുകളിൽ സൂചിപ്പിച്ചവരുടെ രക്ഷകർത്താക്കൾ.

(3) മേൽ സൂചിപ്പിച്ച സ്കുളുകളിലെ അദ്ധ്യാപകർ/അദ്ധ്യാപകേതര ജീവ നക്കാർ ഉൾപ്പെടെ ഈ ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന ഉപ ജില്ലാ/വിദ്യാഭ്യാസ ജില്ലാ/റവന്യൂ ജില്ലാ ആഫീസുകളിലെ ജീവന ക്കാർ.

(4) സേവനം ആഗ്രഹിക്കുന്ന മറ്റ് പൊതു ജനങ്ങൾ.

# ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം

## സ്കോളർഷിപ്പുകൾ

### സംസ്കൃത സ്ക്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാന പ്ലാൻ പദ്ധതി<br>നോൺ പ്ലാൻ പദ്ധതി |
| 2 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | യു.പി.വിഭാഗം പ്രതിവർഷം - 150/- രൂപ<br>യു.പി.വിഭാഗം ശുദ്ധ സംസ്കൃതം പ്രതിവർഷം -120/- രൂപ<br>എച്ച്.എസ്.വിഭാഗം പ്രതിവർഷം - 200/- രൂപ<br>എച്ച്.എസ്.വിഭാഗം ശുദ്ധ സംസ്കൃതം പ്രതിവർഷം -150/- രൂപ |
| 3 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | അക്കാഡമിക് സ്ക്കൂൾ വർഷം 2000-2001 |
| 4 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | ജില്ലാ/ഉപജില്ലാ തലത്തിൽ പരീക്ഷ നടത്തിയാണ് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. പ്രത്യേക അപേക്ഷാഫോറം ഇല്ല. |
| 5 | ആർക്കെല്ലാം അപേക്ഷിക്കാം | സ്ക്കൂൾ തലത്തിൽ ഓരോ ക്ലാസ്സിലെയും (5,6,7,8,9,10) ഉയർന്ന മാർക്കു വാങ്ങുന്ന 2 കുട്ടികൾ |
| 6 | സ്ക്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | അക്കാഡമിക് സ്ക്കൂളുകളിൽ പരീക്ഷയിൽ ഉയർന്ന മാർക്കു നോക്കിയാണ് തെരഞ്ഞെടുക്കുന്നത്. ശുദ്ധ സംസ്കൃതം മുൻവർഷത്തെ മാർക്കിന്റെ അടിസ്ഥാനത്തിൽ 6 സ്ക്കോളർഷിപ്പ് വീതം |

**ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ**

| | | |
|---|---|---|
| 1 | ആരംഭിച്ചവർഷം | 2008-2009 |
| 2 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | കേന്ദ്രാവിഷ്കൃതം |
| 3 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | 3,000/- രൂപ |
| 4 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | 2008-2009 |
| 5 | ആരംഭഘട്ടം മുതൽ നൽകി വരുന്ന തുകയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് എപ്പോഴെല്ലാം? എത്ര തുക? | 2008-2009 അദ്ധ്യയന വർഷത്തിലാണ് ഈ സ്കോളർഷിപ്പ് ആരംഭിച്ചത് |
| 6 | ആർക്കെല്ലാം അപേക്ഷിക്കാം | ഒൻപതാം സ്റ്റാൻഡേർഡിലെ എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്കും കസ്തൂർബാഗാന്ധി വിദ്യാലയങ്ങളിൽ എട്ടാം സ്റ്റാൻഡേർഡിൽ പഠിച്ചിരുന്ന ഇപ്പോൾ ഏതെങ്കിലും ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അർഹരായ എസ്.സി./എസ്.റ്റി വിദ്യാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണം. . |
| 7 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | ഒൻപതാം സ്റ്റാൻഡേർഡിലെ എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്കും കസ്തൂർബാഗാന്ധി വിദ്യാലയങ്ങളിൽ എട്ടാം സ്റ്റാൻഡേർഡിൽ പഠിച്ചിരുന്ന ഇപ്പോൾ ഏതെങ്കിലും ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതാണ്. |

## പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | ആരംഭിച്ച വർഷം | പിന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് -2005<br>മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് -2006 |
| 2 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 3 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | യു.പി.വിഭാഗം - 125/- രൂപ<br>ഹൈസ്ക്കൂൾ - 150/- രൂപ |
| 4 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | 2005-2006 |
| 5 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | ഓരോ അദ്ധ്യയന വർഷവും അർഹരായ പെൺകുട്ടികളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകും. |
| 6 | ആർക്കെല്ലാം അപേക്ഷിക്കാം | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്ക് അഫേക്ഷിക്കാം. |
| 7 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് |

## പ്രീ-മെട്രിക് സ്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | ആരംഭിച്ചവർഷം | 2008-2009 |
| 2 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം 75:25 |
| 3 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | 7,400/- രൂപ |
| 4 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | 2008-09 അദ്ധ്യയന വർഷത്തിലാണ് ഈ സ്കോളർഷിപ്പ് ആരംഭിച്ചത് |
| 5 | ആരംഭഘട്ടം മുതൽ നൽകി വരുന്ന തുകയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് എപ്പോഴെല്ലാം? എത്ര തുക? | 2008-09 അദ്ധ്യയന വർഷത്തിലാണ് ഈ സ്കോളർഷിപ്പ് ആരംഭിച്ചത് |
| 6 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | Website www.minority affairs.gov.in. ൽ അപേക്ഷാഫോറം ലഭിക്കും |
| 7 | ആർക്കെല്ലാം അപേക്ഷിക്കാം | ഒന്നാം സ്റ്റാൻഡേർഡ് മുതൽ പത്താം സ്റ്റാൻഡേർഡ് വരെയുള്ള ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ |
| 8 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ളവരും കഴിഞ്ഞ വാർഷിക പരീക്ഷയിൽ 50% മാർക്ക് എന്നിവയാണ് സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ |

## മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | ആരംഭിച്ചവർഷം | 2008-2009 |
| 2 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | കേന്ദ്രാവിഷ്കൃതം |
| 3 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | 6,000/- രൂപ പ്രതിവർഷം |
| 4 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | 2008-2009 |
| 5 | ആരംഭഘട്ടം മുതൽ നൽകി വരുന്ന തുകയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് എപ്പോഴെല്ലാം? എത്ര തുക? | 2008-2009 അദ്ധ്യയന വർഷത്തിലാണ് ഈ സ്കോളർഷിപ്പ് ആരംഭിച്ചത്. |
| 6 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | Website www.scert.gov.in. www.it school.gov.in. |
| 7 | ആർക്കെല്ലാം അപേക്ഷിക്കാം | 2007-08 വർഷം 8-ാം സ്റ്റാൻഡേർഡിൽ 55% മാർക്ക് നേടിയിട്ടുള്ളവരും വാർഷിക വരുമാനം 1,50,000/- രൂപയിൽ കൂടാത്തവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. |
| 8 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | സെലക്ഷൻ ടെസ്റ്റ് നടത്തി വിജയികളാകുന്ന 3473 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകും |

## മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | എന്നു തുടങ്ങി | മുസ്ലീം സ്കോളർഷിപ്പ് - 1971<br>നാടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് - 1980 |
| 2 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 3 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | യു.പി.വിഭാഗം - 125/- രൂപ<br>ഹൈസ്ക്കൂൾ - 150/- രൂപ |
| 4 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | 2006 |
| 5 | ആരംഭഘട്ടം മുതൽ നൽകി വരുന്ന തുകയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് എപ്പോഴെല്ലാം? എത്ര തുക? | യു.പി.വിഭാഗം - 75/- രൂപ - 125/- രൂപ<br>ഹൈസ്ക്കൂൾ - 100/- രൂപ - 150/- രൂപ |
| 6 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | ഓരോ അദ്ധ്യയന വർഷവും സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥിനികളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നൽകേണ്ടതാണ്. |
| 7 | ആർക്കെല്ലാം അപേക്ഷിക്കാം | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ പെൺകുട്ടികൾക്ക് |
| 8 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | വാർഷികവരുമാനം 18,000/- രൂപയിൽ താഴെയുള്ള മുസ്ലീം/നാടാർ/ആംഗ്ലോ ഇന്ത്യൻ പെൺകുട്ടികൾ |
| 9 | മറ്റ് അധിക വിവരങ്ങൾ | |
| 10 | സ്കോളർഷിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ/സർക്കുലറുകളുടെ കോപ്പികൾ ഇതിനോടൊപ്പം സമർപ്പിക്കുക | |

## എൽ.എസ്.എസ്.സ്കോളർഷിപ്പ്

| | | |
|---|---|---|
| 1 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 2 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | പ്രതിവർഷം - 100/- രൂപ |
| 3 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | |
| 4 | ആരംഭഘട്ടം മുതൽ നൽകി വരുന്ന തുകയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് എപ്പോഴെല്ലാം? എത്ര തുക? | |
| 5 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | അപേക്ഷ അയയ്ക്കേണ്ട ആവശ്യമില്ല. വിദ്യാഭ്യാസ ഓഫീസിൽ നൽകേണ്ടതാണ്. |
| 6 | ആർക്കെല്ലാം അപേക്ഷിക്കാം | 'എ' ഗ്രേഡ് ലഭിക്കുന്ന 4-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. |
| 8 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | സ്കോളർഷിപ്പ് പരീക്ഷ, പരീക്ഷാ കമ്മീഷണർ നടത്തി അതിൽ വിജയിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. |

## യു.എസ്.എസ്.സ്കോളർഷിപ്പ്

| | | |
|---|---|---|
| 1 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 2 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | 150/- രൂപ (പ്രതിവർഷം) |
| 3 | ആർക്കെല്ലാം അപേക്ഷിക്കാം | ഏഴാംക്ലാസിലെ അർദ്ധവാർഷിക പരീക്ഷക്ക് 'എ' ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രത്യേക പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. |
| 4 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | സ്കോളർഷിപ്പ് പരീക്ഷ നടത്തിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. |
| 5 | മറ്റ് അധിക വിവരങ്ങൾ | സ്കോളർഷിപ്പിനർഹരായ കുട്ടികൾക്ക് 8,9,10 ക്ലാസ്സുകളിൽ സ്കോളർഷിപ്പ് നൽകുന്നു |

## നാഷണൽ സ്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | ആരംഭിച്ച വർഷം | 1971-1972 -ൽ |
| 2 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 3 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | ജനറൽ 300/- രൂപ പ്രതിവർഷം ഫീസ് കൊടുത്തു പഠിക്കുന്ന കുട്ടികൾക്ക് 460/- രൂപ പ്രതിവർഷം.<br>ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന കുട്ടികൾക്ക് - 1,000/- രൂപ പ്രതിവർഷം. |
| 4 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | യു.എസ്.എസ്.സ്കോളർഷിപ്പിന് അർഹരായ കുട്ടികളിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടിയവരെ ഓരോ ബ്ലോക്കിൽ നിന്നും<br>1.ജനറൽ -4 2.ഭൂമിയില്ലാത്ത കൂലിക്കാരുടെ മക്കൾ -2 3.പട്ടികവർഗ്ഗം -3 4.പട്ടികജാതി-2 5.പട്ടിക ജാതിക്കാർ താമസിക്കുന്ന ബ്ലോക്കിലെ കുട്ടി - 1 |
| 5 | മറ്റ് അധിക വിവരങ്ങൾ | 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. |

## സൈനിക സ്ക്കൂൾ സ്ക്കോളർഷിപ്പ്.

| | | |
|---|---|---|
| 1 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 2 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | 14,000/- രൂപ പ്രതിവർഷം |
| 3 | ഇപ്പോൾ നൽകുന്ന തുക എന്നാണ് നിശ്ചയിച്ചത്? | 25-02-2000 |
| 4 | ആരംഭഘട്ടം മുതൽ നൽകി വരുന്ന തുകയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് എപ്പോഴെല്ലാം? എത്ര തുക? | 1. 1998-99 വരെ 11,000/- രൂപ പ്രതി വർഷം (2000/- രൂപ കേന്ദ്രവിഹിതം, 9,000/- രൂപ സംസ്ഥാന വിഹിതം)<br>2. 25-02-2000 മുതൽ 14,000/- രൂപ (സംസ്ഥാന വിഹിതം) |
| 5 | എപ്പോഴാണ് അപേക്ഷിക്കേണ്ടത്? അപേക്ഷാ ഫോറം എവിടെ നിന്നും ലഭ്യമാകും? | അർഹരായ കുട്ടികളുടെ അപേക്ഷയും മറ്റു രേഖകളും സൈനിക സ്ക്കൂൾ പ്രിൻസിപ്പാൾ ഈ ഓഫീസിൽ അയച്ചു തരുന്നു. |
| 6 | ആർക്കെല്ലാം അപേക്ഷിക്കാം | മാസവരുമാനം 15,000/- രൂപ വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. |
| 7 | സ്ക്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | എ) വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്.<br>Income slab<br>ബി) 1. Full Scholarship upto Rs;10,000/- (per month)<br>2. ¾ Scholarship between Rs.10,001/- to Rs.12,750/-p.m.)<br>3. ½ Scholarship between Rs.12,751 to Rs.15,000/- p.m.<br>ആദ്യ മൂന്നു റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ സ്ക്കോളർഷിപ്പ് തുകയും നൽകുന്നു. |

## RIMC ഡെറാഡൂണിലെ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പ്

| | | |
|---|---|---|
| 1 | കേന്ദ്രാവിഷ്കൃതം/സംസ്ഥാനം സംയുക്തമാണെങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം | സംസ്ഥാനം |
| 2 | ഇപ്പോൾ നൽകുന്ന തുകയെത്ര? (പ്രതിമാസം/പ്രതിവർഷം) | 11,000/- രൂപ പ്രതിവർഷം |
| 3 | ആർക്കെല്ലാം അപേക്ഷിക്കാം | കേരളത്തിൽ 5 വർഷം തുടർച്ചയായി താമസം ആക്കിയിട്ടുള്ള RIMC യിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ Ist Rank റാങ്ക് വാങ്ങുന്ന കുട്ടി. |
| 4 | സ്കോളർഷിപ്പ് അർഹരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | കേരളത്തിൽ 5 വർഷം തുടർച്ചയായി താമസം ആക്കിയിട്ടുള്ള RIMC യിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ Ist Rank റാങ്ക് വാങ്ങുന്ന വ്യക്തിയ്ക്ക് കൊടുക്കുന്നു. |

## സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്കുള്ള സാമ്പത്തിക സഹായം

1. 40% വരെ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കുന്ന കുട്ടിക്ക് പരമാവധി 1850 രൂപവരെ സഹായം നൽകുന്നു.
2. ഇത്തരം കുട്ടികൾക്ക് സഹായ ഉപകരണങ്ങൾവാങ്ങുന്നതിനുള്ള ധനസഹായം പരമാവധി 2000 രൂപ വരെ ലഭ്യമാക്കുന്നു.
3. വാസ്തുശിൽപ തടസങ്ങൾ നീക്കുന്നതിന് സ്കൂളുകൾക്ക് ധനസഹായം നൽകുന്നു.
4. വൈദ്യപരിശോധനാക്യാമ്പുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമുഖേന നടത്തുന്നു.
5. വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന കുട്ടിക്ക് എസ്.എസ്.എൽ.സി പരീക്ഷാ ആനുകൂല്യങ്ങൾ നൽകുന്നു. (അപേക്ഷ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ മുഖേന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടെ ഡി.പി.ഐ-ക്ക് സമർപ്പിക്കണം.
6. ഇത്തരം കുട്ടികൾക്ക് റിസോഴ്സ് അധ്യാപകരുടെയും ആയമാരുടെയും സേവനം ലഭ്യമാക്കുന്നു.
7. രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തുന്നു.
8. അധ്യാപക പരിശീലനാർഥികൾക്ക് പരിശീലനം നൽകുന്നു.
9. സ്കൂളുകളിൽ റിസോഴ്സ് റൂമുകൾ നിർമ്മിക്കുന്നു.
10. റിസോഴ്സ് റൂമുകളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായമായി പരമാവധി 30,000 രൂപവരെ നൽകുന്നു.

# അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ, കേരളാഘടകം സേവനം

| നം. | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | ലഭ്യമാകേണ്ട സമയപരിധി | നൽകേണ്ടുന്ന ഫീസ് |
|---|---|---|---|---|
| 1. | പൊതു സഹായ പദ്ധതി | സർവ്വീസിലുള്ളവരും പെൻഷൻ പറ്റിയ വരുമായ അദ്ധ്യാപകർ, മരിച്ചുപോയ അദ്ധ്യാപകരുടെ ആശ്രിതർ എന്നി വർക്ക് വർഷംതോറും നല്കി വരുന്ന സാമ്പത്തിക സഹായം, രോഗ ചികി ത്സ, പെൺമക്കളുടെ വിവാഹം, കുട്ടിക ളുടെ പഠിത്തം എന്നീ ആവശ്യങ്ങൾക്ക് മാത്രമാണ് ഈ സഹായ പദ്ധതി പ്രകാരം തുക അനുവദിക്കുന്നത്. ഓരോ വർഷവും ഈ ഓഫീസിൽ നിന്നും ജനുവരി 1 മുതൽ മാർച്ച് 31 വരെ ലഭിക്കുന്ന ഫോറത്തിൽ വേണം അപേക്ഷിക്കേണ്ടത്. സർവ്വീസിലുള്ള വർ 'എ'ഫാറത്തിലും മരിച്ചുപോയ അദ്ധ്യാപകരുടെ ആശ്രിതർ ബി ഫാറ ത്തിലും അപേക്ഷിക്കണം. | എല്ലാ വർഷവും ജനുവരി 1 മുതൽ മാർച്ച് 31 വരെ ഈ ഓഫീസിൽ അപേക്ഷ സ്വീക രിക്കുകയും പ്രാഥമിക പരി ശോധനയ്ക്ക് ശേഷം സാധു വായ അപേക്ഷകൾ ബന്ധ പ്പെട്ട ഡി.ഇ.ഒ മാർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. ഡി.ഇ.ഒ.കൺവീ നറും ജനപ്രതിനിധികൾ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളായുള്ള ഒരു സമിതി അപേക്ഷകൾ പരി ശോധിച്ച് സാമ്പത്തിക സഹായത്തിന് അർഹമായവ ശുപാർശ ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ സഹായ ധനത്തിനുള്ള തുക ഓരോരുത്തരുടെയും പേരിൽ ക്രോസ് ചെയ്ത ചെക്കായി ഈ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഡി.ഇ.ഒയെ ഏല്പിക്കുന്നു. ഡി.ഇ.ഒ ഈ ചെക്ക് ബന്ധപ്പെട്ട വ്യക്തിക്ക് നൽകുന്നതാണ്. | ഇല്ല |
| 2. | പ്രത്യേക സഹായ പദ്ധതി | ഹൃദയ സംബന്ധമായ തകരാറുകൾ, ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ, ഗുരുതരമായ അപകട ങ്ങൾ എന്നിവ മൂലം ചെലവേറിയ തുക ചികിത്സ ആവശ്യമുള്ള അദ്ധ്യാ പകർക്ക് സമാശ്വാസം നൽകാൻ ആവി ഷ്ക്കരിച്ച ഈ പദ്ധതി പ്രകാരം അർഹരായ അദ്ധ്യാപകർക്ക് പരമാ വധി 3,000/- രൂപ നൽകുന്നു. | സാധാരണയായി ഒന്നിലധി കം പ്രാവശ്യം ഈ പദധതി പ്രകാരം സഹായ ധനം നല്കാറില്ല. | ഇല്ല |
| 3. | വിദ്യാഭ്യാസ സെമിനാറുകൾ, പഠന യാത്രകൾ | ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ പ്രകാരം അംഗീകൃത വിദ്യാഭ്യാസ സംഘടനകൾ വിദ്യാഭ്യാസ സെമിനാറുകൾ നടത്തി യാൽ അവയുടെ നടത്തിപ്പിന് 500/- രൂപ ക്രമത്തിൽ സബ്സിഡി നല്കി വരുന്നു. മുൻഗണനാ ക്രമത്തിൽ ഒരു വർഷം സംസ്ഥാനത്ത് 5 സെമിനാറു കൾക്ക് സഹായധനം നൽകുന്നു. സെമിനാറുകൾ നടത്തുന്നതിന് ഡി.ഇ.ഒ.മുഖാന്തിരം മുൻകൂർ അനുവാദം ഈ ഓഫീസിൽ നിന്നും ലഭിച്ചാൽ മാത്രമേ സബ്സിഡി ലഭ്യ മാകു. പഠനയാത്രയ്ക്കും സഹായ | നേരത്തെ തന്നെ അനുമതി വാങ്ങാതെ നടത്തുന്ന സെമി നാറുകൾ, പഠനയാത്രകൾ എന്നിവയ്ക്ക് സഹായധനം ലഭിക്കുന്നതല്ല. | ഇല്ല |

<table>
<tr><td></td><td></td><td>ധനം ലഭ്യമാക്കാറുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 30-ൽ കുറയാതെ അദ്ധ്യാപകരും ദക്ഷിണേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന പഠനയാത്രകൾക്ക് 20-ൽ കുറയാത്ത അദ്ധ്യാപകരും ഉണ്ടായിരിക്കണം. ഡി.ഇ.ഒ മുഖാന്തിരം ഇവിടെ ലഭ്യമാക്കുന്ന 5 പഠനയാത്രകൾക്ക് സബ്സിഡി അനുവദിക്കുന്നതാണ്. മുൻകൂർ അനുവാദം ഈ ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.</td><td></td><td></td></tr>
<tr><td>4.</td><td>സ്ക്കോളർഷിപ്പ്</td><td>സാങ്കേതിക കോഴ്സുകൾ, ബിരുദാനന്തര കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന സന്താനങ്ങളുള്ള അദ്ധ്യാപകർക്ക് സ്ക്കോളർഷിപ്പ് നല്കുന്ന പദ്ധതി കേന്ദ്രസമിതിക്കും സംസ്ഥാന സമിതിക്കും വെവ്വേറെ ഉണ്ട്. അർഹതയുടെ അടിസ്ഥാനത്തിൽ 15,000/- രൂപ വരെ കേന്ദ്ര സമിതിയിൽ നിന്നും സംസ്ഥാന സമിതിയിൽ നിന്ന് 3,000/- രൂപയും ഓരോ വർഷവും സ്ക്കോളർഷിപ്പ് അനുവദിക്കും. അച്ഛനമ്മമാരിൽ ആരെങ്കിലും ഒരാൾ അദ്ധ്യാപകരായിരിക്കുകയും രണ്ടുപേരുംമരിച്ചു പോവുകയും ചെയ്താൽ അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും സ്ക്കോളർഷിപ്പിന് താഴെ പറയും വിധത്തിൽ അർഹതയുണ്ട്.
<table>
<tr><th>പഠിക്കുന്ന ക്ലാസ്സ്</th><th>സ്ക്കോളർഷിപ്പ് തുക (രൂപ)</th></tr>
<tr><td>1.എൽ.പി</td><td>150</td></tr>
<tr><td>2.യു.പി.</td><td>250</td></tr>
<tr><td>3.ഹൈ സ്ക്കൂൾ</td><td>500</td></tr>
<tr><td>4.പ്ലസ്ടു</td><td>1000</td></tr>
<tr><td>5.ബിരുദം</td><td>---</td></tr>
<tr><td>6.ബിരുദാനന്തര ബിരുദം</td><td>2250</td></tr>
</table></td><td>ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അപേക്ഷ ക്ഷണിക്കുന്നതും സെപ്റ്റംബർ 30 വരെ അപേക്ഷ സ്വീകരിക്കുന്നതുമാണ്. നിശ്ചിത ഫാറത്തിൽ ഡിസംബറിന് മുമ്പ് അപേക്ഷിക്കണം.</td><td>ഇല്ല</td></tr>
<tr><td>5.</td><td>എൻ.സി.സി/ സ്ക്കൗട്ട്/ഗൈഡ് /അവാർഡ് പ്രൈസ് മണി</td><td>സ്തുത്യർഹമായ സേവനം നടത്തിയ സ്ക്കൗട്ട് മാസ്റ്റർ,ഗൈഡ് ക്യാപ്റ്റൻസ് എന്നിവർക്കു ഡൽഹിയിൽ നടന്ന റിപ്പബ്ലിക്ക് ദിന പരേഡിൽ എൻ.സി.സി/ സ്ക്കൗട്ട്/ഗൈഡ് വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നല്കി വരുന്നു.</td><td>ഓരോ വർഷവും ജൂലൈ മാസത്തിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ കാലയളവിൽ അതത് പ്രസ്ഥാനത്തിൽ തുടരുന്നവർക്ക് മാത്രമേ ഇത് ലഭിക്കുവാൻ അർഹതയുള്ളൂ.</td><td>ഇല്ല</td></tr>
<tr><td>6.</td><td>കേന്ദ്ര കമ്മിറ്റിയിൽ നിന്നുമുള്ള പ്രത്യേകം സഹായം</td><td>ചികിത്സയ്ക്കായി 20,000/- രൂപ ധനസഹായം, അപേക്ഷയുടെ 3 പ്രതികൾ നല്കണം. ഇവയോടൊപ്പം അസ്സൽ ക്യാഷ് ബില്ലും ഫോട്ടോ കോപ്പികളും നല്കണം.<br>സർവ്വീസിൽ ഇരിക്കെ മരണ മടഞ്ഞ അദ്ധ്യാപകന്റെ ആശ്രിതന് കുടുംബത്തിൽ ആർക്കും സ്ഥിരമായ വരുമാനമില്ലെങ്കിൽ 10,000/- രൂപ വരെ ധനസഹായം നല്കും</td><td>സമയ പരിധി ഇല്ല<br>മരണമടഞ്ഞ് ഒരു വർഷത്തിനകം അപേക്ഷിക്കണം</td><td>ഇല്ല<br>ഇല്ല</td></tr>
</table>

| | | | | |
|---|---|---|---|---|
| 7. | ശിക്ഷക് സദനുകൾ | അദ്ധ്യാപകർക്ക് സൗജന്യ നിരക്കിൽ താമസവും ഭക്ഷണവും ഭാരതത്തിൽ എവിടെയും ലഭ്യം | മേലധികാരിയുടെ മേലൊപ്പു കൂടിയ സർവ്വീസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. | ഇല്ല |
| 8. | ഹെർമിറ്റേജ് | നിരാലംബരായ പെൻഷൻപറ്റി പിരിഞ്ഞ അദ്ധ്യാപകർക്കായി വൃദ്ധ സദനം പേട്ട ഗവൺമെന്റ് ഹൈസ്ക്കൂളോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. | | |

**കുറിപ്പ്:-**

ദേശീയ അടിസ്ഥാനത്തിൽ 1962 മുതൽ ചാരിറ്റബിൾസ് എന്റോൺമെന്റ് ആക്ട് അനുസരിച്ച് പ്രവർത്തിച്ചു വരുന്ന അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ മേൽ പറഞ്ഞ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് ദേശീയ അദ്ധ്യാപക ദിനമായ സെപ്റ്റംബർ 5-ന് വിതരണം ചെയ്തുവരുന്ന സ്റ്റാമ്പുകളിലൂടെയും കൂപ്പണുകളിലൂടെയുമാണ് വേണ്ട മൂലധനം സമാഹരിക്കുന്നത്.

## ഉച്ചഭക്ഷണ പരിപാടി

മത്സ്യതൊഴിലാളികൾ അധിവസിക്കുന്ന 222 വില്ലേജുകളിലെ ലോവർ പ്രൈമറി സ്ക്കൂളുകളിൽ 1984 മുതലാണ് ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചത്.

1985-ൽ ഇത് സംസ്ഥാനത്തെ മുഴുവൻ എൽ.പി.സ്ക്കൂളുകളിലേക്കും വ്യാപിച്ചു. 1987 -88 അദ്ധ്യയന വർഷം മുതൽ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്തെ 7-ാം ക്ലാസ്വരെയുള്ള എല്ലാ സ്ക്കൂളുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. 1995 ആഗസ്റ്റ് 15 മുതൽ കേന്ദ്ര സർക്കാർ ഉച്ചഭക്ഷണ പരിപാടി ആരംഭിക്കുകയുണ്ടായി. ഇതിന്റെ ആനുകൂല്യം സംസ്ഥാനത്തെ 1 മുതൽ 5 വരെയുള്ള ക്ലാസിലെ കുട്ടികൾക്കാണ് ലഭിച്ചത്. 2007-08 അദ്ധ്യയന വർഷം ഈ പദ്ധതി കേരളത്തിലെ 8-ാം ക്ലാസവരെയുള്ള അർഹരായ മുഴുവൻ കുട്ടികൾക്കും നല്കാൻ ഉത്തരവായി. 2008-09 അദ്ധ്യയന വർഷംമുതൽ കേന്ദ്ര സർക്കാർ 1 മുതൽ 8 വരെയുള്ള സ്ക്കൂളിലെ അർഹരായ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി.

അരിയും പാചക ചെലവും, മാനേജ്മെന്റ് & മോണിറ്ററിംഗ് & ഇവാലുവേഷൻ ചാർജ്ജും 8-ാം ക്ലാസുവരെയുള്ള ഉച്ചഭക്ഷണത്തിനർഹരായ മുഴുവൻ കുട്ടികൾക്കും കേന്ദ്ര സർക്കാർ നല്കിവരുന്നു.

മുട്ട, പയർ വർഗങ്ങൾ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജിന്റെ ഒരു വിഹിതം എന്നിവയുടെ ചെലവു വഹിക്കുന്നത് കേരള സർക്കാർ ആണ്.

പ്രീ-പ്രൈമറി കുട്ടികൾക്ക് 30 ഗ്രാം അരിയും 15 ഗ്രാം പയറും 1 മുതൽ 7 വരെ ക്ലാസി ലെകുട്ടികൾക്ക് 60 ഗ്രാം അരിയും 30 ഗ്രാം പയറും 8-ാം ക്ലാസിലെ കുട്ടികൾക്ക് 100 ഗ്രാം അരിയും 50 ഗ്രാം പയറുമാണ് ഒരു ദിവസത്തെ റേഷൻ വിഹിതം. ഒരു സ്ക്കൂളിലെ ആദ്യത്തെ 100 കുട്ടികൾക്ക് 1.50 പൈസ നിരക്കിലും അതിൽ കൂടുതലുള്ള ഓരോ കുട്ടി യ്ക്കും 1 രൂപ നിരക്കിലുമാണ് പാചക ചെലവ് അനുവദിക്കുന്നത്. പാചകതൊഴിലാളി കൾക്ക് അനുവദിക്കുന്ന മിനിമം കൂലി ഒരു ദിവസം 50 രൂപയാണ്. 100-ൽ കൂടുതൽ വരുന്ന കുട്ടി ഒന്നിന് 25 പൈസ നിരക്കിൽ കൂലി അനുവദിക്കുന്നതാണ്. ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം 500-ൽ കൂടുതലാണെങ്കിൽ 2 പാചകതൊഴിലാളികളെ നിയമിക്കാവു ന്നതും ഓരോർത്തർക്കും 150/-രൂപ കൂലി നൽകാവുന്നതുമാണ്. അങ്ങനെ ഓരോ മാസവും നൽകുന്ന പാചകകൂലിയുടെ വിശദവിവരം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ലഭ്യമാണ്.

സർക്കാർ നടപ്പാക്കിയതാക്കുന്ന ഉച്ചഭക്ഷണം ഒരു പൊതു സ്ഥലത്തു വച്ചു കഴിക്കു ന്നത് വഴി കുട്ടികളിൽ ആരോഗ്യപരമായ സൗഹൃദവും പരസ്പരധാരണയും ഉടലെടുക്കുന്നു.

## ഉച്ച ഭക്ഷണ നടത്തിപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടറാണ് ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാന തല നോഡൽ ഓഫീസർ. ഈ പദ്ധതിയുടെ നടത്തിപ്പിനും മോണിറ്ററിങ്ങിനുമായി പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയും സംസ്ഥാന തലത്തിൽ സ്റ്റിയറിംഗ് കം മോണിറ്ററിങ്ങ് കമ്മറ്റിയുമുണ്ട്. ജില്ലാ തലത്തിൽ കലക്ടർ ചെയർമാനും, വിദ്യാഭ്യാസ ഉപഡയറക്ടർ മെമ്പർ സെക്രട്ടറിയുമായും ഒരു കമ്മിറ്റി നിലവിലുണ്ട്. ബ്ലോക്ക് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സെക്രട്ടറിയുമായുള്ള കമ്മിറ്റിയും നിലവിലുണ്ട്.

സ്ക്കൂൾ തലത്തിൽ പി.ടി.എ. പ്രസിഡന്റ് ചെയർമാനും പ്രധാന അദ്ധ്യാപകൻ മെമ്പർ സെക്രട്ടറിയുമായ കമ്മിറ്റി ഉച്ച ഭക്ഷണത്തിന്റെ മുഴുവൻ ചുമതലകളും നിർവ്വഹി യ്ക്കുന്നു.

പഞ്ചായത്ത് വാർഡു മെമ്പർമാർ, 2 അദ്ധ്യാപകർ (1 വനിത മെമ്പർ), മദർ പി.ടി.എ. മെമ്പർ, ഉച്ച ഭക്ഷണം കഴിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്ക ളിൽ നിന്നും തെരഞ്ഞെടുത്ത 2 പ്രതിനിധികൾ എന്നിവർകൂടി ഉച്ചഭക്ഷണ സ്ക്കൂൾ തല കമ്മിറ്റിയിൽ അംഗങ്ങളായുണ്ട്.

സ്ക്കൂളിലേയ്ക്ക് ആവശ്യമായ അരി, പയർ മുതലായവ സിവിൽ സപ്ലൈസ് കോർപ റേഷന്റെ കളിൽ നിന്നും ശേഖരിയ്ക്കുന്ന ചുമതല പ്രധാന അദ്ധ്യാപകനുള്ളതാണ്.

മറ്റു വിവരങ്ങൾക്കുള്ള സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## FOOD GRAIN FLOW CHART

**FCI**

↓

**Kerala State Civil Supplies Corporation**

↓

**Maveli Stores**

↓

**Schools**

## FUND FLOW CHART

**Director of Public Instruction**

↓

**Deputy Director of Education**

↓

**Local Self Government**

↓

**Schools**

## ആഴ്ചയിലെ ഓരോ ദിവസം നല്കാവുന്ന ആഹാരസാധനങ്ങളുടെ വിവരങ്ങൾ
## (സർക്കാർ ഉത്തരവില്ല)

Monday - Rice + Green Gram + Coconut
Tuesday - Rice + Green Gram + Egg
Wednesday - Rice + Vegetable curry + Coconut
Thursday - Rice + Toor Dhal + Coconut
Friday - Rice + Bengal Gram + Coconut

## MDM Scheme – State and Central Provision for 2008-2009
## Rs in Lakhs

| Sl. No. | Item | Central Assistance | | Total | State Share | |
|---|---|---|---|---|---|---|
| | | L.P | U.P | | H/A | Amount |
| | | | | | 2202-01-198-50-(NP) | 9966.5 |
| 1. | Management & Monitoring | 151.7 | 145.18 | 296.88 | 2202-01-196-50-(NP) | 828.48 |
| 2. | Transportation* | 286.42 | 298.73 | 585.15 | 2202-01-192-50-(NP) | 400.00 |
| 3. | Cooking cost* | 6033.99 | 5576.31 | 11610.3 | 2202-01-191-50-(NP) | 145.44 |
| | | | | | 2202-01-112-99-(Plan) | 1000.00 |
| | | | | | 2202-01-800-98-34(3) Other items | 2000.00 |
| | **Total** | **6472.11** | **6020.22** | **12492.3** | | **14340.42** |

* Central share is included in the State share.

## ക്യൂ.ഇ.പി.ആർ

### "ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം"

"ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന സമഗ്ര പദ്ധതിയിലൂടെ കുട്ടികളുടെ ഭൗതിക സാഹചര്യം, ഗുണനിലവാരം എന്നീ കാര്യങ്ങളിൽ മാറ്റങ്ങളുണ്ടാക്കാൻ സഹായമായി. പ്രത്യേക പഠനങ്ങളിലൂടെ 104 സ്ക്കൂളുകളെ തിരച്ചറിയുകയും അവ പരിഹരിക്കാൻ വ്യക്തമായ കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ഉച്ച ഭക്ഷണം, പഠന കൂട്ടങ്ങൾ, അയൽപക്ക പഠന കേന്ദ്രങ്ങൾ, പ്രത്യേക പരിശീലനങ്ങൾ, പ്രത്യേക പഠന സഹായികൾ എന്നിവയിലൂടെ പുതിയ ഒരു കൂട്ടായ്മ രംഗത്ത് വളർന്നതോടെ എസ്.എസ്.എൽ.സിക്ക് വിജയ ശതമാനം ഉയർത്തുന്നതിന് കാര്യമായ പങ്ക് വഹിച്ചു. 2006 മാർച്ച് മാസത്തിൽ 33%-ൽ താഴെ വിജയം കൈവരിച്ച 104 വിദ്യാലയങ്ങളാണ് ടി പദ്ധതിയിൽ ആദ്യം ഉൾപ്പെടുത്തിയത്.

## ക്യൂ.ഐ.പി.

പുതിയ പാഠ്യ പദ്ധതിയുടെ ഭാഗമായി സ്ക്കൂളുകളിൽ ഗുണ നിലവാരമുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പരിശീലനങ്ങൾ നടത്തി വരുന്നു.

### 1. അവധിക്കാല അദ്ധ്യാപക പരിശീലനം

സംസ്ഥാനത്തെ മുഴുവൻ ഹൈസ്ക്കൂൾ അദ്ധ്യാപകർക്കും വിവിധ വിഷയങ്ങളിൽ ഏപ്രിൽ, മേയ് മാസങ്ങളിലായി 4 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം വിവിധ ബാച്ചു കളായി എല്ലാ ജില്ലകളിലും നടത്തുന്നു.

### 2. ക്ലസ്റ്റർ പരിശീലനം

സംസ്ഥാനത്തെ എല്ലാ അദ്ധ്യാപകർക്കും മാസത്തിൽ ഒരു ദിവസം പരിശീലനം നടത്തിവരുന്നു.

### 3. തൽസമയ പിന്തുണാ സംവിധാനം (ക്യൂ.എസ്.എസ്)

അദ്ധ്യാപകർക്ക് അതത് വിഷയങ്ങളിലെ പഠന ബോധന പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള സംശയ നിവാരണവും പിൻതുണയും

നൽകുന്നതിനാണ് ക്യൂ.എസ്.എസ്. പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിലെ വിവിധ സർക്കാർ എയിഡഡ് സ്കൂളുകളിൽ നിന്ന് പ്രഗൽഭരും താല്പര്യമുള്ളതുമായ അദ്ധ്യാപകരെ തെരഞ്ഞെടുക്കുകയും അവർക്ക് ക്യൂ.എസ്.എസ്. പ്രവർത്തനം ഫലപ്രദ മായി നിർവ്വഹിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു.

## സംസ്ഥാന സ്ക്കൂൾ പ്രവൃത്തി പരിചയ പരിപാടി.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സാമാന്യ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിൽ പരിശീലനം എന്ന തത്ത ്വത്തിൽ ആരംഭിച്ചിട്ടുള്ളതാണ് പ്രവൃത്തി പരിചയ പരിപാടി.

വിദ്യാർത്ഥികളിൽ തൊഴിലിനോട് ആഭിമുഖ്യവും തൊഴിൽ ചെയ്യുന്നവരോട് ആദ രവും ബഹുമാനവും വളർത്തുന്നതിനൊപ്പം വിദ്യാർത്ഥികളുടെ കായിക, ബൗദ്ധിക, വൈകാ രിക വളർച്ചയ്ക്ക് പ്രവർത്തി പരിചയത്തിന്റെ ആവശ്യകതയെക്കുറിച്ച് അറിവു പകരുന്ന തിനും ഈ പരിപാടി സഹായിക്കുന്നു. കാലോചിതമായ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രത്യേകം പരിഗണിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവൃത്തി പരിചയ വിഭാഗം പ്രവർത്തിച്ചു വരുന്നു. 2008-2009 വർഷത്തിൽ രണ്ടു വിഭാഗങ്ങളിലായി

1. സെക്കണ്ടറി തലത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.
   (Work Oriented Education in Secondary Schools)
2. തൊഴിൽ പരിശീലനം ഹൈസ്ക്കൂൾ തലത്തിൽ.
   (Vocational Education at High School Stage)

എന്നീ ശീർഷകങ്ങളിൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

### I. സെക്കണ്ടറി തലത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം. (Work Oriented Education in Secondary Schools)

തെരഞ്ഞെടുത്ത പരമ്പരാഗതവും ആധുനികവുമായ തൊഴിൽ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ഇതിലേക്കായി സംസ്ഥാനത്തെ മൂന്നു വീതം വിദ്യാഭ്യാസ ജില്ലകളിലെ സ്ക്കൂളുകളിൽ നിന്നുള്ള പ്രവർത്തി പരിചയ അദ്ധ്യാപകർക്ക് ഒരാഴ്ച കാല ദൈർഘ്യമുള്ള പ്രത്യേക പരിശീലനം നൽകുന്നു. ജില്ലയിലെ സൗകര്യപ്രദമായ സ്ക്കൂളുകൾ, ഡയറ്റുകൾ, വ്യവസായ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വച്ച് വിദഗ്ദ്ധരായ പരിശീലകരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു.

ഇപ്രകാരം പരിശീലനം നേടിയ അദ്ധ്യാപകർ അവരവരുടെ സ്ക്കൂളുകളിൽ കുട്ടി കൾക്ക് പരിശീലനം നൽകുകയും സമൂഹത്തിന് ഉപയോഗപ്രദമായ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിവിധ തലങ്ങളിൽ നടത്തുന്ന പ്രവർത്തി പരിചയ മേള കളിലും മത്സരങ്ങളിലും പങ്കെടുക്കുവാൻ വിദ്യാർത്ഥികളെ തയ്യാറാക്കുകയും

ചെയ്യുന്നു. സ്വയം തൊഴിൽ പരിശീലിക്കുന്നതിനൊപ്പം പാഠ്യ വിഷയങ്ങളുമായി ഏകീകരിച്ചുള്ള പ്രവൃത്തി പരിചയ പരിശീലനം കുട്ടികൾക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും സെമിനാറുകളിലും മറ്റും പങ്കെടുക്കുന്നതിനും ഉപകരിക്കുന്നു.

**II. സ്ക്കൂൾ ഉത്പാദന കേന്ദ്രങ്ങൾ.**

സമൂഹത്തിന് ഉപയോഗപ്രദമായ ഉത്പന്നങ്ങളുടെ നിർമ്മാണം (Socially useful Productive works– SUPW) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 38 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും തെരഞ്ഞെടുത്ത 10 സ്ക്കൂളുകൾ ഉത്പാദന കേന്ദ്രങ്ങളായും അവയിൽ ഒന്ന് ഉത്പാദന വിപണന കേന്ദ്രമായും പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിൽ പരിശീലനം നേടിയ വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ കുട്ടികൾക്കും പൊതു ജനങ്ങൾക്കും വില്പന നടത്തി ലഭിക്കുന്ന ലാഭം കുട്ടികൾക്കുതന്നെ വീതിച്ചു നൽകുകയും ചെയ്യുന്നു. പഠനത്തോടൊപ്പം സമ്പാദന ശീലം വളർത്തുക എന്ന പരിപാടിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങൾ വിദ്യാർത്ഥികളിൽ തൊഴിലിനോട് ആഭിമുഖ്യം വളർത്തുവാൻ ഏറെ സഹായകരമാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ഉത്പാദനകേന്ദ്രങ്ങൾക്ക് ആവശ്യമായ പ്രവർത്തന മൂലധനവും മറ്റ് ഉപകരണങ്ങളും പ്രവർത്തി പരിചയ വിഭാഗത്തിന്റെ വാർഷിക ഫണ്ടിൽ നിന്നും നൽകുന്നു. കൂടാതെ പ്രാദേശികവും പരമ്പരാഗതമായ തൊഴിലുകൾ പ്രചരിപ്പിക്കുന്നതിനും നിലനിറുത്തുന്നതിനും ഈ പരിപാടി പ്രയോജനകരമാകുന്നു. ഈ കേന്ദ്രങ്ങൾക്കു വേണ്ട പരിശോധനകളും കാലാകാലങ്ങളിൽ പ്രവർത്തി പരിചയ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നടത്തി വിലയിരുത്തുന്നു.

**III.** സംസ്ഥാനത്തെ തെരഞ്ഞെടുത്ത 115 യു.പി.സ്ക്കൂളുകളിൽ മരപ്പണി, തകരപ്പണി, വൈദ്യുത വയറിംഗ്, ഫിറ്റിംഗ്, ഇഞ്ചിനീയറിംഗ് വരപ്പ് മുതലായ സാങ്കേതിക വിഷയങ്ങൾ പ്രവർത്തി പരിചയ പരിപാടിയുടെ ഭാഗമായി പരിശീലിപ്പിച്ചു വരുന്നു. ഇതിലേക്കായി ഇഞ്ചിനീയറിംഗിൽ ഡിപ്ലോമ യോഗ്യതയുള്ള വർക്ക്ഷോപ്പ് ഇൻസ്ട്രക്റ്റർമാരെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയമിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സിലബസിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പരിശീലനം നടത്തി വരുന്നു.

**IV.** സംസ്ഥാന സർക്കാരിന്റെ പ്ലാസ്റ്റിക് നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി ഏതാനും സ്ക്കൂളുകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം ഉപയോഗിക്കാവുന്ന പേപ്പർ ക്യാരി ബാഗുകൾ നിർമ്മിച്ച് സമൂഹത്തിന് വിപണനം ചെയ്യുന്നുണ്ട്. ഇതുമൂലം പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒരു പരിധി വരെ നിയന്ത്രിക്കാൻ സഹായിക്കുന്നു.

**V.** സർക്കാർ നടപ്പിലാക്കിയിട്ടുള്ള ക്ലസ്റ്റർ പരിശീലനം വഴി പ്രവൃത്തി പരിചയ പരിശീലനത്തിനുള്ള മോഡ്യൂളുകൾ തയ്യാറാക്കുകയും പ്രസ്തുത മോഡ്യൂൾ ക്ലസ്റ്റർ ക്ലാസ്സുകളിൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും പരിശീലനം നേടിയ

അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനും പ്രയോജനപ്പെടുത്തുന്നു.

## VI. <u>പ്രവൃത്തി പരിചയ മേളകൾ.</u>

പ്രവൃത്തി പരിചയ പരിപാടിയുടെ ഭാഗമായി സ്ക്കൂൾ, വിദ്യാഭ്യാസ ഉപജില്ല, വിദ്യാഭ്യാസ ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ നടത്തുന്ന പ്രവൃത്തി പരിചയ മേളകളിൽ തത്സമയ നിർമ്മാണ മത്സരങ്ങളും പ്രദർശന മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനതല മേളയിൽ ഹൈസ്ക്കൂൾ, യു.പി.വിഭാഗങ്ങളിലായി 2250-ൽ പരം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. മത്സര വിജയികൾക്ക് മെരിറ്റ് സർട്ടിഫിക്കറ്റ്, ട്രോഫികൾ, പ്രൈസ്മണി എന്നിവയും പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുത്തതായുള്ള സർട്ടിഫിക്കറ്റും നൽകുന്നു. സംസ്ഥാന തല മേളയിലെ മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ ഗ്രേഡിനും ആനുപാതികമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഈ മത്സരങ്ങൾ കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനും പ്രാഗത്ഭ്യമുള്ള കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഉപകരിക്കുന്നു. പ്രവൃത്തി പരിചയ പരിപാടിയുടെ ഓരോ പ്രവർത്തനവും സമയ ബന്ധിതമായും വിജയകരമായും നടപ്പിലാക്കുന്നതിൽ പ്രവൃത്തി പരിചയ വിഭാഗം ഉദ്യോഗസ്ഥരുടെയും പ്രത്യേകിച്ചും റീജിയണൽ ഫോർമാൻമാരുടെയും പ്രവൃത്തി പരിചയ അദ്ധ്യാപകരുടെയും സഹകരണവും പ്രവർത്തനങ്ങളും സ്തുത്യർഹമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടി കാര്യക്ഷമമായി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങളും നടപടികളും ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നും നൽകിവരുന്നു.

## <u>ഹൈസ്ക്കൂൾ തലത്തിലുള്ള തൊഴിൽ പരിശീലന പരിപാടി.</u>

### (Vocational Education at High School Stage)

2008-2009 അദ്ധ്യയന വർഷം മുതൽ കാലാനുസൃതമായ പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിനും വിദ്യാർത്ഥികളെ പഠനശേഷം സ്വയം തൊഴിലുകളിൽ ഏർപ്പെടുന്നതിനും തൊഴിലുകൾ നേടുന്നതിനും പ്രാപ്തരാക്കുകയുമാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്.

ഗ്രാമ, മലയോര, തീരപ്രദേശങ്ങളിൽ പഠിക്കുന്ന സാമ്പത്തികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

ഇലക്ട്രോണിക്സ്, വൈദ്യുത വയറിംഗും വൈദ്യുത ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കലും പരിപാലനവും, ഇരു ചക്ര, ത്രിചക്ര വാഹനങ്ങളുടെ പണികളും പരിപാലനവും കമ്പ്യൂട്ടർ ആനിമേഷൻ,ഡി.ടി.പി എന്നീ വിഷയങ്ങൾ, ഫാഷൻ ഡിസൈനും വസ്ത്ര നിർമ്മാണവും ബ്യൂട്ടീഷൻ എന്നീ തൊഴിൽ സാധ്യത ഏറിവരുന്ന വിഷയങ്ങളിൽ തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെയുള്ള പരിശീലനം നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്.

നടപ്പു വർഷം എട്ടാം ക്ലാസ്സിലും തുടർന്നുള്ള വർഷങ്ങളിൽ 9-ലും 10-ലും ഒരു കുട്ടിക്ക് ഒരേ വിഷയത്തിൽ പ്രാവീണ്യം നേടത്തക്ക വിധം വിദഗ്ദ്ധവും നിരന്തരവുമായ പരിശീലനം നൽകുകയും പ്രസ്തുത വിഷയത്തിൽ നിരന്തര മൂല്യനിർണ്ണയവും പരീക്ഷയും നടത്തി സർട്ടിഫിക്കറ്റു നൽകുന്നതിനും നിർദ്ദേശമുണ്ട്.

വ്യക്തികൾക്ക് സ്വയം തൊഴിൽ നേടുന്നതിനുള്ള ആത്മ ധൈര്യം പകർന്നു നൽകാനും സമൂഹത്തിന് ഉപകാരപ്രദമായ സേവനങ്ങൾ നൽകുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പരിശീലനം ഒരു പരിധി വരെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകുമെന്നും വിശ്വസിക്കുന്നു.

ഈ പദ്ധതിയിലേയ്ക്ക് സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് സിലബസ്സ് നിർമ്മാണം, അദ്ധ്യാപകർക്കുള്ള വിദഗ്ദ്ധ പരിശീലനം, ഈ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ള വിദ്യാലയങ്ങളിൽ ആവശ്യമായ സാധന സാമഗ്രികളും ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും ലഭ്യമാക്കുക എന്നിവയ്ക്കുള്ള അനുമതിയ്ക്കും അംഗീകാരത്തിനും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഈ വർഷം തന്നെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും സ്ക്കൂൾ പ്രഥമാദ്ധ്യാപകരുടെയും സഹകരണത്തോടുകൂടി ഈ പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് പ്രവൃത്തി പരിചയ വിഭാഗം പ്രതിജ്ഞാബദ്ധരാണ്.

## ശാസ്ത്ര മേളകൾ

സ്കൂൾ, ഉപജില്ല, വിദ്യാഭ്യാസ ജില്ല, സംസ്ഥാനതല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര മേളകളാണ് സംഘടിപ്പിക്കപ്പെടുന്നത്.

**സയൻസ്**

| | |
|---|---|
| ഹൈ സ്ക്കൂൾ വിഭാഗത്തിൽ | 9 ഇനങ്ങൾ |
| യു.പി. വിഭാഗത്തിൽ | 9 ഇനങ്ങൾ |
| Teaching Aid / Teaching Project | 2 ഇനങ്ങൾ(അദ്ധ്യാപകർക്ക് മാത്രം ) |

**ഗണിത ശാസ്ത്രം**

| | |
|---|---|
| ഹൈ സ്ക്കൂൾ വിഭാഗം | 13 ഇനങ്ങൾ |
| യു.പി. വിഭാഗത്തിൽ | 4 ഇനങ്ങൾ |
| Teaching Aid | 1 ഇനം (അദ്ധ്യാപകർക്ക് മാത്രം ) |

**<u>സാമൂഹ്യ ശാസ്ത്രം</u>**

ഹൈ സ്ക്കൂൾ വിഭാഗം 8 ഇനങ്ങൾ

യു.പി. വിഭാഗം 4 ഇനങ്ങൾ

മുകളിൽ പരാമർശിച്ച ഓരോ ഇനങ്ങളിലും സ്ക്കൂൾ തല മത്സരങ്ങൾ വിജയിച്ച ആദ്യത്തെ 3 സ്ഥാനക്കാരാണ് സബ് ജില്ലാ തല മത്സരങ്ങളിൽ പങ്കെടുക്കുന്നത്. സബ് ജില്ലാ, വിദ്യാഭ്യാസ ജില്ലാ തലങ്ങളിൽ പങ്കെടുത്ത് വിജയിച്ച ആദ്യത്തെ (ഒന്നാമത്തെ) സ്ഥാനക്കാരാണ് സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുന്നത്.

സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച ആദ്യത്തെ 3 സ്ഥാനക്കാർക്കും Consolation ഉൾപ്പെടെ ആദ്യത്തെ 10 സ്ഥാനക്കാർക്കാണ് സതേൺ ഇന്ത്യ സയൻസ് ഫെയറിലും, നാഷണൽ സയൻസ് ഫെയറിലും പങ്കെടുക്കുന്നതിനുള്ള അവസരം ലഭിക്കുന്നത്.

**<u>ഗ്രേസ് മാർക്ക്</u>**

ശാസ്ത്രമേളകൾ, യുവജനോത്സവം, Red cross, NCC, Scout & Guide, ബാല ശാസ്ത്ര കോൺഗ്രസ്സ്, എന്നീ ഇനങ്ങൾക്കാണ് നിലവിൽ Grace Mark നൽകിവരുന്നത്.

ശാസ്ത്രമേളകൾക്കും, യുവജനോത്സവം എന്നീ ഇനങ്ങളിൽ പങ്കെടുത്ത് മാർക്ക് ലഭിക്കുന്ന മുറയ്ക്കാണ് Grace Mark നൽകുന്നത്.

( A Grade -- 30 Mark B Grade -- 24 Mark C Grade -- 18 Mark

D Grade -- 12 Mark E Grade -- 6 Mark )

| | |
|---|---|
| Red Cross ന് | 10 മാർക്കാണ് Grace Mark |
| NCC | 10 മാർക്കാണ് Grace Mark ( F & C പരീക്ഷയുടെ) |
| Scout and Guides ന് | RPയ്ക്ക് 25 Mark |
| | RS / RG യ്ക്ക് 10% Mark ( എഴുത്തു പരീക്ഷയുടെ ) |
| ബാല ശാസ്ത്ര കോൺഗ്രസ്സ് | 15% മാർക്ക് Grace Mark ( എഴുത്തു പരീക്ഷയുടെ ) |
| സതേൺ ഇന്ത്യ സയൻസ് ഫെയർ & നാഷണൽ സയൻസ് ഫെയർ | I Place 15%<br>II Place 13%<br>III Place 11%<br>( എഴുത്തു പരീക്ഷയുടെ ) |

മുകളിൽ സൂചിപ്പിച്ച രീതിയിലാണ് Grace Mark SSLC യ്ക്ക് നൽകി വരുന്നത്. Grace Mark ന് അപേക്ഷിക്കുവാനുള്ള മാതൃക ഫോറം എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസിലും ലഭ്യമാണ്. ഗ്രേസ് മാർക്കിനുള്ള അപേക്ഷ വിദ്യാഭ്യാസ ഡയറക്ട്രേറ്റിൽ ലഭിക്കുവാനുള്ള അവസാന തീയതി എല്ലാ വർഷവും ഫെബ്രുവരി മാസം അവസാന വാരമാണ്.

## കേരള സ്ക്കൂൾ കലോത്സവം:

ഈ വർഷംമുതൽ നാല് കാറ്റഗറി ആയിട്ടാണ് മത്സരങ്ങൾ നടത്തുന്നത്. ഹയർ സെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളെകൂടി ഉൾപ്പെടുത്തി കേരള സ്ക്കൂൾ കലോത്സവം എന്ന പേരിൽ ഈ വർഷംമുതൽ എല്ലാ കലോത്സവങ്ങളും ഒരുമിച്ച് ഒരേ വേദിയിൽ നടത്തുന്നു.

| | | | |
|---|---|---|---|
| കാറ്റഗറി | I | -- | ക്ലാസ് ഒന്നു മുതൽ നാല് വരെ |
| കാറ്റഗറി | II | -- | ക്ലാസ് അഞ്ചു മുതൽ ഏഴ് വരെ |
| കാറ്റഗറി | III | -- | ക്ലാസ് എട്ട് മുതൽ പത്ത് വരെ |
| കാറ്റഗറി | IV | -- | ക്ലാസ് പതിനൊന്ന് മുതൽ പന്ത്രണ്ട് വരെ |

കാറ്റഗറി ഒന്നിന്റെ മത്സരം ഉപജില്ലാ തലത്തിലും കാറ്റഗറി രണ്ടിന്റെ മത്സരം റവന്യൂ ജില്ലാ തലത്തിലും കാറ്റഗറി III, IV എന്നിവയുടെ മത്സരങ്ങൾ സംസ്ഥാന തലത്തിലും നടത്തുന്നതാണ്.

### മത്സരങ്ങൾ

| | | | |
|---|---|---|---|
| കാറ്റഗറി | I | -- | 16 ഇനം മത്സരങ്ങൾ |
| കാറ്റഗറി | II | -- | 30 ഇനം മത്സരങ്ങൾ |
| കാറ്റഗറി | III | -- | 81 ഇനം മത്സരങ്ങൾ |
| കാറ്റഗറി | IV | -- | 97 ഇനം മത്സരങ്ങൾ |

സംസ്ഥാന തലത്തിൽ മത്സരിച്ച് ഏറ്റവും കൂടുതൽ സ്കോർ നേടുന്ന മൂന്ന് പേർക്ക് 1000, 800, 600 വീതം പ്രൈസ്മണി കൊടുക്കുന്നു. കൂടാതെ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗ്രേഡ് സർട്ടിഫിക്കറ്റുകളും കൊടുക്കുന്നു. സ്ക്കൂൾ കലോത്സവത്തോടനുബന്ധിച്ച് അറബിക് കലോത്സവം, സംസ്കൃതോത്സവവും തടത്തുന്നുണ്ട്.

### അറബിക് സാഹിത്യോത്സവം

അറബിഭാഷ പഠിക്കുന്ന കുട്ടികൾമാത്രമേ അറബിക് സാഹിത്യോത്സവത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

| | | | |
|---|---|---|---|
| കാറ്റഗറി | I | -- | I—IV |
| കാറ്റഗറി | II | -- | V— VII |
| കാറ്റഗറി | III | -- | VIII—X |

മത്സരങ്ങൾ കാറ്റഗറി I-ൽ 9ഉം, കാറ്റഗറി II-ൽ 13ഉം, കാറ്റഗറി III-ൽ 19ഉം മത്സരയിനങ്ങൾ ഉണ്ടായിരിക്കും. സംസ്ഥാന തലത്തിൽ പങ്കെടുക്കുന്ന ഏറ്റവും കൂടുതൽ സ്കോർനേടുന്ന മൂന്ന് പേർക്ക് 1000, 800, 600 ക്രമത്തിൽ പ്രൈസ്മണിയും ഗ്രേഡ് സർട്ടിഫിക്കറ്റും കൊടുക്കുന്നു.

**<u>സംസ്കൃതോത്സവം</u>**

സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ സംസ്കൃതോത്സവത്തിൽ പങ്കെടുക്കാൻ അർഹതയുള്ളു. രണ്ട് കാറ്റഗറി ആയിട്ടാണ് മത്സരങ്ങൾ നടക്കുന്നത്.

| | | |
|---|---|---|
| കാറ്റഗറി I | -- | V—VII |
| കാറ്റഗറി II | -- | VIII—X |

മത്സരങ്ങൾ കാറ്റഗറി I-ൽ 17ഉം കാറ്റഗറി II-ൽ 19വും മത്സരയിനങ്ങൾ ഉണ്ടായിരിക്കും. സംസ്ഥാന തലത്തിൽ പങ്കെടുക്കുന്ന ഏറ്റവും സ്കോർ നേടുന്ന മൂന്ന് പേർക്ക് 1000, 800, 600 ക്രമത്തിൽ പ്രൈസ്മണിയും സംസ്ഥാന തലത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ഗ്രേഡ് സർട്ടിഫിക്കറ്റ് കൊടുക്കുന്നു.

## <u>ടി.ടി.ഐ., പി.പി.ടി.ടി.ഐ.</u>

ടി.ടി.ഐ., പി.പി.ടി.ടി.ഐ. പഠിക്കുന്ന കുട്ടികൾക്ക് 12 ഇന മത്സരങ്ങൾ ഉണ്ട്. ഈ മത്സരം ജില്ലകളിൽ നടത്തിയതിനു ശേഷം എല്ലാ വർഷവും അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ മാസം 4,5 തീയതികളിലായി സംസ്ഥാന തല മത്സരങ്ങൾ നടത്തുന്നു.

ഏറ്റവും സ്കോർ നേടുന്ന മൂന്ന് പേർക്ക് 1000, 800, 600 ക്രമത്തിൽ പ്രൈസ്മണിയും പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.

# അവാർഡുകൾ

1. **സംസ്ഥാന അദ്ധ്യാപക അവാർഡ് :**

പ്രൈമറി, സെക്കന്ററി വിഭാഗത്തിലുള്ള അദ്ധ്യാപകർക്ക് ഓരോ ജില്ല യിൽ നിന്ന് ഒരാൾക്ക് വീതം [(14+14) = 28] മികച്ച അദ്ധ്യാപകർക്ക് അവാർഡ് സമ്മാനിക്കുന്നു.

2. **പ്രൊഫ. ജോസഫ് മുണ്ടശ്ശേരി അവാർഡ് :**

വൈജ്ഞാനികം, സർഗ്ഗാത്മികം, ബാലസാഹിത്യം എന്നിവ വിഭാഗങ്ങളി ലായി അദ്ധ്യാപകരുടെ അച്ചടിച്ചു പുറത്തിറക്കിയ രചനകൾക്ക് മൂന്ന് അവാർഡ് കൊടുക്കുന്നു.

3. **പി.ടി.എ. അവാർഡ് :**

ഗവൺമെന്റ് വിഭാഗത്തിലും എയിഡഡ് വിഭാഗത്തിലുള്ള സ്ക്കൂളുക ളിലെ മികച്ച പി.ടി.എ കൾക്ക് ഓരോ വർഷവും അവാർഡ് കൊടുക്കുന്നു.

4. **ദേശീയ അദ്ധ്യാപക അവാർഡ് :**

കേരളത്തിൽ നിന്നും 14 മികച്ച അദ്ധ്യാപകർക്ക് ദേശീയ തലത്തിൽ ( പ്രൈമറി 7 + സെക്കന്ററി 7 ) കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അവാർഡ് കൊടുക്കുന്നു.

## സ്പോർട്സ് ആൻഡ് ഗെയിംസ്

സ്പോർട്സും കായിക വിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസത്തിന്റെ അഭിവാജ്യഘടകങ്ങളാണ്. ഇതുവഴി ഒരു വ്യക്തിയുടെ വ്യക്തിത്വവികസനം സാദ്ധ്യമാകുന്നു. ഇതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. ജില്ലാതലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങൾ സംഘടിപ്പി ക്കുന്നു.
2. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന ടീമിനെ തെര ഞ്ഞെടുക്കുന്നു.
3. വേനൽക്കാല പരിശീലനം കൊടുക്കുന്നു.
4. കായികാദ്ധ്യാപകർക്ക് പരിശീലനം കൊടുക്കുന്നു.
5. സ്പോർട്സ് സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുന്നു.

### സ്പോർട്സ് ആൻഡ് ഗെയിംസ് നിർവാഹക സമിതി

ഈ സമിതിയുടെ ചെയർമാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറും, കൺവീനർ ഓർഗനൈസർ ഫോർ സ്പോർട്സും, ജോയിന്റ് ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഓഫീസറും, ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു ജില്ലാ

വിദ്യാഭ്യാസ ഓഫീസർ, ഒരു പ്രഥമാദ്ധ്യാപകൻ, റവന്യൂ ജില്ലാ സെക്രട്ടറിമാർ എന്നിവർ അംഗങ്ങളുമാണ്.

**സ്പോർട്സ് ആന്റ് ഗെയിംസ് നിർവാഹക സമിതി താഴെ പറയുന്നവ സംഘടിപ്പിക്കുന്നു.**

1. സംസ്ഥാനതല നീന്തൽ മൽസരങ്ങൾ.
2. മേഖലാ ഗെയിംസ് മൽസരങ്ങളും ടീം തെരഞ്ഞെടുപ്പും
3. സംസ്ഥാന കായിക മേള.

**ദേശീയ സ്കൂൾ കായികമേളയിൽ കേരളം പങ്കെടുക്കുന്ന ടീമിനങ്ങൾ.**

1. നീന്തൽ.
2. ഫുട്ബോൾ-19 വയസ്സിനു താഴെ ആൺകുട്ടികൾ, ഫുട്ബോൾ-17 വയസ്സിനു താഴെ ആൺകുട്ടികൾ.
3. ഖോഖോ 19-17 ആൺകുട്ടികൾ, പെൺകുട്ടികൾ.
4. കബഡി 19-17 ആൺകുട്ടികൾ, പെൺകുട്ടികൾ.
5. ബാഡ്മിന്റൻ 14, 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
6. ടേബിൾ ടെന്നീസ് 14, 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
7. ലോൺ ടെന്നീസ് 14, 1, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
8. ബോൾ ബാഡ്മിന്റൻ 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
9. ഹോക്കി 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
10. ബാസ്ക്കറ്റ് ബാൾ 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
11. വോളി ബാൾ 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
12. ഹാൻഡ് ബാൾ 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
13. ക്രിക്കറ്റ് 16, 19 ആൺകുട്ടികൾ.
14. ജിംനാസ്റ്റിക്സ് 14, 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
15. റെസ്‌ലിംഗ് 17, 19 ആൺകുട്ടികൾ, പെൺകുട്ടികൾ.
16. സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റ് 17 ആൺകുട്ടികൾ.
17. ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെന്റ് 17 ആൺകുട്ടികൾ, പെൺകുട്ടികൾ.

സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സ് മത്സരങ്ങളിൽ ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് യഥാക്രമം 750/- രൂപ, 625/-രൂപ, 500/- രൂപ നൽകുന്നുണ്ട്. ഗെയിംസ് മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് 375/- രൂപ, 250/- രൂപ, 125/- രൂപ നൽകുന്നു. ദേശീയ സ്കൂൾ മത്സര വിജയികൾക്ക് യഥാക്രമം 5000/-രൂപ, 4000/-രൂപ, 3000/- രൂപ നൽകുന്നു. കൂടാതെ സംസ്ഥാനതല വിജയികൾക്ക് യഥാക്രമം 5-10%, 5%, 3% ഗ്രേസ് മാർക്ക് നൽകുന്നു. ദേശീയ സ്കൂൾ മൽസര വിജയികൾക്ക് യഥാക്രമം 15%, 13%, 11% ഗ്രേസ് മാർക്ക് നൽകുന്നു. ദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് 10% ഗ്രേസ് മാർക്ക് നൽകുന്നു.

ദേശീയ മൽസര വിജയികളെ പരിശീലിപ്പിക്കുന്ന പരിശീലകർക്ക് 1000/-രൂപ പാരിതോഷികം നൽകുന്നു.

കേരളത്തിലെ രണ്ട് സ്പോർട്സ് സ്കൂളുകളായ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കേരളത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന കായികതാരങ്ങൾക്ക് വിദഗ്ധപരിശീലനം നൽകുന്നു.

**പ്രതിഭാശാലികളായ കുട്ടികളെ തെരഞ്ഞെടുക്കപ്പെടുന്നത് താഴെ പറയുന്ന രീതിയിലാണ്.**

1. സ്കൂൾതല തെരഞ്ഞെടുപ്പ്.
2. വിദ്യാഭ്യാസജില്ലാ തെരഞ്ഞെടുപ്പ്.
3. റവന്യൂ ജില്ലാ തെരഞ്ഞെടുപ്പ്.
4. 4 മേഖലാ തെരഞ്ഞെടുപ്പ്.

അതിനു ശേഷം ഉയർന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നു.

## വിദ്യാരംഗം

| | ലഭ്യമാക്കുന്ന സേവനങ്ങൾ | നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയ പരിധി | നല്കേണ്ട ഫീസ് |
|---|---|---|---|---|
| 1. | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കലാ സാഹിത്യ - സംസ്കാരിക വാർത്താ പ്രസിദ്ധീകരണമായ 'വിദ്യാരംഗം മാസിക' എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു. | കേരളത്തിലെ എല്ലാ യൂ. പി., എച്ച്.എസ് (പൊതു വിദ്യാലയങ്ങൾ) വിദ്യാരംഗം വരിക്കാരാണ്. വാർഷിക വരിസംഖ്യ 02-02-01-102-95 (Text Book Receipts) എന്ന ശീർഷകത്തിൽ ചലാൻ ട്രഷറിയിൽ അടച്ച് രസീതിയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി വിദ്യാഭ്യാസ ഡയറക്ട്രേറ്റിലേയ്ക്ക് അയച്ചു തരേണ്ടതാണ് | മാസംപ്രതി | പ്രതിവർഷ വരിസംഖ്യ 84/- രൂപ (7 X 12 ) |
| 2. | കുട്ടികളുടെ സർഗശേഷി വികസിപ്പിക്കന്നതിനും, വ്യക്തിത്വ വികസനത്തിനും വായനാസീലം വളർത്തുന്നതിനും ഇതിനോടനുബന്ധിച്ച് എല്ലാ വിദ്യാലയങ്ങളിലും "വിദ്യാരംഗം കലാസാഹിത്യവേദി" എന്ന സാംസ്കാരിക കൂട്ടായ്മയും പ്രവർത്തിക്കുന്നു. | | | |

## കേരള എയിഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സംബന്ധമായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

(1) രണ്ട് ലക്ഷത്തിന് മുകളിലുള്ള എൻ.ആർ.എ. അനുവദിക്കുക.

(2) രണ്ട് ലക്ഷത്തിന് മുകളിലുള്ള താൽക്കാലിക വായ്പ എൻ.ആർ.എ. ആയി മാറ്റാനുള്ള അനുവാദം നൽകുക.

(3) പി.എഫ് അതാത് ജില്ലകളിലേയ്ക്ക് വികേന്ദ്രീകരിച്ചതിനാൽ എല്ലാ ജില്ലാ ആഫീസുകളും സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തി അവർക്കു വേണ്ട നിർദ്ദേശം നൽകുക.

(4) ക്രെഡിറ്റ് കാർഡ് വിതരണത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക.

(5) എ.പി.എഫ്.ഒ മാരുടെ യോഗം വിളിച്ചു ചേർത്ത് അവരുടെ ആവശ്യങ്ങൾ കേൾക്കുകയും അവർക്കു വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുക.

(6) അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭിക്കുന്ന വൗച്ചറുകൾ അതാത് ജില്ലകളിലേയ്ക്കു വിതരണം ചെയ്യുക.

(7) ഒ.പി. കൺസ്യൂമർ ഫോറം കേസ്സുകൾ മുതലായ കൈകാര്യം ചെയ്യുക.

(8) ഹയർ സെക്കന്ററി വിഭാഗത്തിലേയ്ക്കു സ്ഥലം മാറിപ്പോയ ജീവനക്കാരുടെ പി.എഫ് കണക്കുകൾ ഏകീകരിച്ച് അക്കൗണ്ടന്റ് ജനറലിന് നൽകുക.

(9) ബജറ്റ് തയ്യാറാക്കുക.

(10) ഓരോ യൂണിറ്റിനെക്കുറിച്ചു ലഭിക്കുന്ന പരാതികൾ പരിശോധിക്കുക.

ഇങ്ങനെ എല്ലാ ജില്ലകളിലേയും പി.എഫ് യൂണിറ്റുകൾ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് പി.എഫ് ജനറൽ വിഭാഗം കൈകാര്യം ചെയ്യുന്നത്.

## സിവിൽ വർക്കുകൾ

എല്ലാ ഗവൺമെന്റ് സ്ക്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികളുടെ എസ്റ്റിമേറ്റുകൾ ഡി.പി.ഐയും പി.ഡബ്ല്യൂ.ഡിയും ബന്ധപ്പെട്ടു നടത്തുന്ന ഈ വകുപ്പുകൾ ബന്ധപ്പെട്ട മറ്റ് സിവിൽ വർക്കുകളും ഈ സെക്ഷനിൽ കൈകാര്യം ചെയ്യുന്നു. ഗവൺമെന്റ് സ്ക്കൂളുകളുടെ സ്ഥല കൈമാറ്റവും സംരക്ഷണവും ഗവൺമെന്റ് സ്ക്കൂൾ ബിൽഡിംഗിന്റെ സുരക്ഷിതത്വം ഉറപ്പാക്കൽ എന്നിവയും നൽകുകയും, വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ വഴി, നിർദ്ദേശങ്ങൾ നൽകി നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

# <u>വിദ്യാഭ്യാസ ചട്ടങ്ങളും നിയമങ്ങളും</u>

റവന്യൂ ജില്ലാ തലത്തിൽ വരെ തീർപ്പാക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ അഡ്മിഷൻ, റ്റി.സി, പരീക്ഷ എന്നിവ സംബന്ധിച്ച് രക്ഷകർത്താക്കൾ നൽകുന്ന പരാതി പരിഹരിക്കൽ, സ്ക്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പി.ടി.എ രൂപീകരണം അവയെ സംബന്ധിച്ച പരാതികൾ, ഭരണ ഭാഷ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായുള്ള കാര്യങ്ങൾ കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി സംബന്ധിച്ച പ്രപ്പോസൽ, സ്കൂളുകളിലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട ഏകദിന പരിശോധന, അദ്ധ്യാപക/അനദ്ധ്യാപക സംഘടനകളുടെ അംഗീകാരത്തിനുള്ള പ്രപ്പോസൽ, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കൽ, പ്രൊട്ടക്ടഡ് അദ്ധ്യാപകർ, പഞ്ചായത്ത് സ്ക്കൂൾ ജീവനക്കാർ എന്നിവരുടെ സേവനവ്യവസ്ഥ എന്നിവ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. സ്പെഷ്യൽ ഫീസ് അക്യുമിലേറ്റഡ് ബാലൻസ് ഉപയോഗിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

## <u>പ്ലാൻ സ്കീമുകളുടെ നടത്തിപ്പ് സംബന്ധിച്ച്</u>

പ്ലാൻ സ്ക്കീമിൽപ്പെടുത്തി 21-ഓളം പദ്ധതികൾ ഈ വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്. ചുവടെ പറയും പ്രകാരമുള്ള സെക്ഷനുകൾ മുഖാന്തിരമാണ് ഇവ നടപ്പിലാക്കുന്നത്.

| | | |
|---|---|---|
| 1. | പൊതു വിദ്യ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കഴിവ് വികസിപ്പിക്കൽ | ഒ & എം സെക്ഷൻ |
| 2. | സെക്കന്ററി സ്ക്കൂളുകളിൽ പ്രവർത്തി പരിശീലന യൻസ് പരിപാടി | വർക്ക് എക്സ്പീരിയൻസ് സെക്ഷൻ |
| 3. | | |
| 4. | മിനിമം പഠന നിലവാരം ആർജ്ജിക്കൽ (എം.എൽ.എൽ) | ക്യൂ.ഐ.പി.സെക്ഷൻ |
| 5. | ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ തുടങ്ങിയ സൗകര്യങ്ങൾ നൽകി ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ | എസ്.പി.സെക്ഷൻ |
| 6. | പൈതൃക സ്ക്കൂളുകളെ ശക്തിപ്പെടുത്തൽ | ക്യൂ.ഐ.പി.സെക്ഷൻ |
| 7. | ഹൈസ്ക്കൂൾ തലത്തിൽ വൊക്കേഷണൽ വിദ്യാഭ്യാസം യൻസ് | വർക്ക് എക്സ്പീരി സെക്ഷൻ |
| 8. | ഇംഗ്ലീഷിന് വേണ്ടി ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ | പ്ലാനിംഗ് സെക്ഷൻ |
| 9. | സംസ്കൃത വിദ്യാഭ്യാസം | പ്ലാനിംഗ് സെക്ഷൻ |
| 10. | ഇന്റർനാഷണൽ സ്ക്കൂൾ ഓഫ് ദ്രവീഡിയൻ ലിൻക്വസ്റ്റിക്സ് -തിരുവനന്തപുരം-ധനസഹായം | പ്ലാനിംഗ് സെക്ഷൻ |
| 11. | അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ | എം.സെക്ഷൻ |
| 12. | എസ്.സി.ഇ.ആർ.റ്റി. | ക്യൂ.ഐ.പി.സെക്ഷൻ |
| 13. | നിലവിലുള്ള സ്പെഷ്യൽ സ്ക്കൂളുകളുടെ പരിഷ്ക്കരണത്തിന് | എം.സെക്ഷൻ |
| 14. | ഉച്ചഭക്ഷണം | എൻ.എം.സെക്ഷൻ |

| | |
|---|---|
| 15. കായിക വിദ്യാഭ്യാസം | സ്പോർട്ട്സ് സെക്ഷൻ |
| 16. ഗുണനിലവാരമുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശം | ക്യൂ.ഐ.പി.സെക്ഷൻ |
| 17. സക്സസ് | ക്യൂ.ഐ.പി.സെക്ഷൻ |
| 18. യു.പി.സ്ക്കൂളുകളിലും ഹൈസ്ക്കൂളുകളിലും കണക്ക്, സയൻസ് എന്നീ വിഷയങ്ങളിലെ പഠനം പരിപുഷ്ടി പ്പെടുത്തൽ | വൈ.സെക്ഷൻ |
| 19. നൈസർഗിക കഴിവുള്ള കുട്ടികൾക്കുവേണ്ടിയുള്ള ശ്രേഷ്ട വിദ്യാലയം. | പ്ലാനിംഗ് സെക്ഷൻ |
| 20. കലകളിൽ ശോഭിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ധനസഹായം | പ്ലാനിംഗ് സെക്ഷൻ |
| 21. വിവര സാങ്കേതിക വിദ്യാ സ്ക്കൂളുകളും സാങ്കേതിക വിദ്യാഭ്യാസ പഠനവും | എൻ.ഇ.പി.സെക്ഷൻ |
| 22. ഭാരത് സ്ക്കൗട്ട്സ് ആന്റ് ഗൈഡ്സ് ധനസഹായം | എം.സെക്ഷൻ |

## (1) നൈസർഗിക കഴിവുള്ള കുട്ടികൾക്കുവേണ്ടിയുള്ള ശ്രേഷ്ഠ വിദ്യാലയം :

1996-97 കാലയളവ് മുതൽ വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന ഒരു തുടർ പരിപാടി യാണ് പ്രതിഭാധനരായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ശ്രേഷ്ഠ വിദ്യാലയം പരിപാടി. ശാസ്ത്രം, കണക്ക്, പൊതുവിജ്ഞാനം, പഠനാനുബന്ധ വിഷയങ്ങളിലുള്ള കഴിവ്, അഭിരു ചി എന്നിവ പ്രത്യേകമായി പരിശോധിക്കുകയും ഉന്നത നിലവാരം പുലർത്തുന്നവർക്ക് അത് പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ പദ്ധ തി.

7-ാം ക്ലാസിൽ നിന്ന് വിജയിച്ച് അടുത്ത അദ്ധ്യയന വർഷം 8-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഒരു വിദ്യാഭ്യാസ ജില്ലയിൽ നിന്നും പ്രതിഭാധനരായ 15 കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്. 570 കുട്ടികൾക്കാണ് ഈ പദ്ധ തിയുടെ പ്രയോജനം ലഭിയ്ക്കുക. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യം സംസ്ഥാന തലത്തിൽ ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തും. വാർഷിക പരീക്ഷയിൽ 75% മാർക്ക് കരസ്ഥമാക്കിയ സമർത്ഥരായ കുട്ടികളെയാണ് ഇതിൽ പങ്കെടുപ്പിക്കുന്നത്. യൂ.എ സ്.എസ്. പരീക്ഷയോടനുബന്ധിച്ചാണ് സ്ക്രീനിംഗ് ടെസ്റ്റ് നടത്തുക.

പരീക്ഷ എഴുതുന്നതിന് അർഹരായ കുട്ടികളെ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരാണ് കണ്ടെത്തേണ്ടത്. ഈ വിദ്യാർത്ഥികൾക്ക് പ്രഗത്ഭരായ വ്യക്തികളുടെ സഹായ സഹകരണ ത്തോടെ ജില്ലാ കോർഡിനേറ്റർ മുഖാന്തിരം എൻറിച്ച്മെന്റ് പ്രോഗ്രാം നടത്തുന്നതാണ്. വിവിധ വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കപ്പെട്ടവർ ഈ കുട്ടികൾക്ക് അധ്യാപനം നടത്തുന്നതാണ്. കൂടാതെ ചർച്ചകൾ, പ്രോജക്ടുകൾ, പഠനയാത്രകൾ തുടങ്ങിയ രസകര മായ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് കൂടുതൽ പഠിക്കുവാനും, അറിയുവാനുമുള്ള ആഗ്രഹവും അന്വേഷണ ബുദ്ധിയും വളർത്തി എടുക്കുന്നതിനുള്ള അവസരം ഒരുക്കുക യാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് അധിക പഠനത്തി

നുള്ള പുസ്തകങ്ങൾ ഈ പദ്ധതി മുഖേന വിതരണം ചെയ്യുന്നതാണ്. വിവിധ വിഷയങ്ങളിലുള്ള കാലികമായ മാറ്റം കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സഹായകരമായ പ്രഗത്ഭ വ്യക്തികളുമായുള്ള മുഖാമുഖം മറ്റനേകം പ്രവർത്തനങ്ങളും ഈ പരിപാടിയുടെ പ്രത്യേകതയാണ്. എല്ലാ വർഷവും പ്രതിഭാധനരായ വിദ്യാർത്ഥികൾക്കുവേണ്ടി ഉത്ഘാടനവും / യാത്രയയപ്പും സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടത്തി വരാറുണ്ട്.

(2) **കലകളിൽ ശോഭിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ധനസഹായം** :

1997-98 വർഷം മുതൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ്. കലാരംഗങ്ങളിൽ മികവ് പുലർത്തുന്ന പാവപ്പെട്ട നല്ലൊരു ശതമാനം കുട്ടികൾക്കും സാമ്പത്തിക പരാധീനത മൂലം മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാറില്ല. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ പദ്ധതി. സബ് ജില്ലാ തല മത്സരങ്ങളിൽ വിജയിക്കുന്ന കുട്ടികൾക്ക് ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ തരത്തിൽ വേണം സഹായം വിതരണം ചെയ്യേണ്ടത്. ഒരു കുട്ടിക്ക് പരമാവധി 5000/- രൂപവരെ നൽകുന്നതാണ്. 20,000/- രൂപ വരെ വാർഷിക വരുമാനമുള്ള രക്ഷകർത്താക്കളുടെ മക്കളാണ് ഇതിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്. കഥകളി, ഓട്ടൻതുള്ളൽ, നാടോടിനൃത്തം, മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി എന്നീ ഇനങ്ങളിലാണ് ധനസഹായം നൽകുന്നത്. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാർ മുഖാന്തിരമാണ് ഫണ്ട് വിതരണം നടക്കുന്നത്.

## എയിഡഡ് സ്കൂളുകളുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ

എയിഡഡ് പ്രൈമറി സ്ക്കൂളുകളിലെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ എഫ്(തിരുവിതാംകൂർ), ജി (മലബാർ) സെക്ഷനുകളിലും എയിഡഡ് ഹൈസ്ക്കൂളുകളിലെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ ഇ.ടി(തിരുവിതാംകൂർ), ഇ.എം(മലബാർ) സെക്ഷനുകളിലും കൈകാര്യം ചെയ്യുന്നു. ഈ സെക്ഷനുകളിലെ പ്രധാന ജോലികളും അതിൽ പരാതിക്കാരൻ ഹാജരാക്കേണ്ട രേഖകളും ചുവടെ ചേർക്കുന്നു.

## I. നിയമനാംഗീകാരം സംബന്ധിച്ച റിവിഷൻ ഹർജികൾ

1. അപ്പീൽ പെറ്റീഷൻ (വെള്ളക്കടലാസ്സിൽ)
2. നിയമനാംഗീകാരം നിഷേധിച്ച ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ്.
3. ഇക്കാര്യത്തിൽ അപ്പീലുകൾ നിഷേധിച്ച വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ്.
4. അപ്പീൽ പെറ്റീഷനിൽ ചൂണ്ടിക്കാണിച്ച സർക്കാർ ഉത്തരവുകളോ കോടതി വിധികളോ ഉണ്ടെങ്കിൽ അവയുടെ പകർപ്പ്.

5. അപ്പീലിൽ ഉന്നയിച്ച വാദമുഖങ്ങൾ സാധൂകരിക്കുന്ന മറ്റ് രേഖകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയുടെ പകർപ്പ്.

മേൽ പറഞ്ഞ കാര്യങ്ങളുടെ 2 കോപ്പി ഹാജരാക്കണം.

## II. <u>നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്നതിൽ വന്നു പോയ കാലതാമസം മാപ്പാക്കുക.</u>

1. മാനേജരുടെ അപേക്ഷ (വ്യക്തമായ കാരണം കാണിച്ച്) വെള്ളക്കടലാസ്സിൽ 2 കോപ്പി.
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ നിശ്ചിത ഫോറത്തിലുള്ള റെക്കമെന്റേഷൻ.

## III. സ്റ്റാഫിന്റെ സ്ഥലം മാറ്റം സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കുക.

1. അപേക്ഷ വെള്ളക്കടലാസ്സിൽ (2 കോപ്പി)
2. സ്ഥലമാറ്റ ഉത്തരവിന്റെ പകർപ്പ് (2 കോപ്പി)
3. അംഗീകരിച്ച സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് (2 കോപ്പി)

## <u>IV.ഉടമസ്ഥാവകാശം ഉൾപ്പെടുന്ന മാനേജ്മെന്റ് കൈമാറ്റത്തിന് അംഗീകാരം നല്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നല്കുക.</u>

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (എല്ലാ കോളങ്ങളും പൂരിപ്പിച്ച് പഴയ മാനേജരും പുതിയ മാനേജരും ഒപ്പിട്ട് വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടു കൂടെ)
2. ടൈട്ടിൽ ഡീഡ് (അനങ്ങാത്ത സ്വത്തിന്റെ) അസ്സൽ പകർപ്പ് സഹിതം.
3. അനങ്ങുന്നതും അനങ്ങാത്തതുമായ സ്വത്തുക്കളുടെ ലിസ്റ്റ്.
4. സോൾവൻസി സർട്ടിഫിക്കറ്റ്.
5. സൈറ്റ് പ്ലാൻ } റവന്യൂ അധികൃതർ നല്കിയത്.
6. പൊസ്സഷൻ സർട്ടിഫിക്കറ്റ് } റവന്യൂ അധികൃതർ നല്കിയത്.
7. സ്റ്റാഫിന്റെ സമ്മതപത്രം } വിദ്യാഭ്യാസ ഓഫീസർ മേലൊപ്പ് വച്ച്
8. സ്റ്റാഫ് സ്റ്റേറ്റ്മെന്റ്. } വിദ്യാഭ്യാസ ഓഫീസർ മേലൊപ്പ് വച്ച്
9. മാനേജ്മെന്റ് സമിതിയുടെ അംഗീകൃത ഭരണഘടനയുടേയും നിയമാവലിയുടേയും പകർപ്പ്.

**V. ഒന്നിൽകൂടുതൽ റവന്യൂജില്ലകളിൽ സ്ക്കൂളുകളുള്ള കോർപ്പറേറ്റ് മാനേജ്മെന്റുകളിലെ മാനേജർമാരുടെ നിയമനാംഗീകാരം നല്കുക.**

മുകളിൽ IV പറഞ്ഞ എല്ലാ കാര്യങ്ങളും അപേക്ഷയുടെ സ്വഭാവമനുസരിച്ച്.

**VI. മെയിന്റനൻസ് ഗ്രാന്റ് നിരസിക്കുന്നതിനെതിരെയുള്ള അപ്പീലുകൾ**

1. മാനേജരുടെ അപേക്ഷ (വെള്ള കടലാസിൽ) താമസിച്ച കാലം വ്യക്തമായി കാണിച്ച്.
2. നിഷേധിച്ച ഉത്തരവിന്റെ പകർപ്പ്.
3. ഗ്രാന്റിനുള്ള അപേക്ഷ വിദ്യാഭ്യാസ ഓഫീസർക്ക് താമസിച്ച് നല്കുവാനുണ്ടായ കാരണം.

**VII. സർവ്വീസ് ബുക്കിൽ പേര് മാറ്റുവാനുള്ള അപേക്ഷകൾ.**
**(G.O.(NS)14/86/GAD dated: 09-01-1986 പ്രകാരം)**

1. വിദ്യാഭ്യാസ ഡയറക്ടർക്ക് അഡ്രസ്സ് ചെയ്ത വെള്ളക്കടലാസ്സിലുള്ള അപേക്ഷ സർവ്വീസ് ബുക്ക് സഹിതം. (വിദ്യാഭ്യാസ ഓഫീസർ മുഖേന).
2. പേര് തിരുത്തി വിജ്ഞാപനം ചെയ്ത ഗസറ്റിന്റെ പകർപ്പ്.
3. സ്ക്കൂൾ റിക്കാർഡിലെ പേരിലുള്ള ആളും ഗസറ്റ് വിജ്ഞാപനത്തിൽ കാണിച്ച പേരിലുള്ള ആളും ഒന്നു തന്നെയെന്ന് കാണിച്ച് തഹ സിൽദാരോ അതിനുമുകളിലുള്ള റവന്യൂ അധികാരികളോ നല്കിയ സർട്ടിഫിക്കറ്റ് (എല്ലാം 2 കോപ്പി).

**VIII. മേൽ വിഷയങ്ങളിലെല്ലാം ഉൾപ്പെടുന്ന കോടതി കേസ്സുകൾ കൈകാര്യം ചെയ്യുന്നു.**

**പൊതു അഭിപ്രായം.**

അപ്പീലുകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീ സർക്ക് അയച്ചുകൊടുത്ത് നിശ്ചിത പെർഫോമയിൽ റിമാർക്സ് ശേഖരിച്ച് തീരുമാനമെടുക്കേണ്ടതിനാൽ, തീർപ്പാക്കുന്നതിന് ചുരുങ്ങിയത് 3 മാസമെ

ങ്കിലും സമയം എടുക്കുന്നതാണ്. പരാതി വിദ്യാഭ്യാസ ഓഫീസർക്ക് അയക്കുമ്പോൾ പ്രസ്തുത വിവരം പരാതിക്കാരനേയും അറിയിക്കാവുന്നതാണ്.

അതുപോലെതന്നെ വിദ്യാഭ്യാസ ഓഫീസർമാർ റിമാർക്സ് ഈ ഓഫീസിലേക്കയക്കുമ്പോഴും പരാതിക്കാരനെ അറിയിക്കുകയാണെങ്കിൽ പരാതിയുടെ അപ്പോഴത്തെ അവസ്ഥ പരാതിക്കാരന് മനസ്സിലാക്കാവുന്നതാണ്.

## വിദ്യാഭ്യാസ പരിശീലന ജില്ലാതല ഇൻസ്റ്റിട്യൂട്ടുകൾ (ഡയറ്റുകൾ)

സംസ്ഥാനത്തെ 14 ജില്ലകളിൽ ഗവൺമെന്റ് എയിഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്കും അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾക്കും ആവശ്യമായ അക്കാദമി പിന്തുണ നൽകുന്നതിലേയ്ക്ക് കേന്ദ്ര സർക്കാരിന്റെ നൂതന വിദ്യാഭ്യാസ പദ്ധതി പ്രകാരം നടപ്പിലാക്കിയ, നൂറുശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായി സംസ്ഥാനത്തെ 14 ജില്ലകളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. വിദ്യാഭ്യാസ പരിശീലന ജില്ലാതല ഇൻസ്റ്റിട്യൂട്ടുകൾ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പ്, സർവ്വ ശിക്ഷാ അഭിയാൻ, എന്നിവയ്ക്ക് ആവശ്യമായ അക്കാദമിക പിന്തുണ നൽകുക എന്നതും ഡയറ്റിന്റെ ചുമതലകളിൽപ്പെട്ടതാണ്.

1989-വർഷത്തിൽ സംസ്ഥാനത്തെ കാസർഗോഡ്, വയനാട്, തൃശ്ശൂർ എന്നീ ഡയറ്റുകളും 1991-ൽ പത്തനംത്തിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും, 1992 -വർഷത്തിൽ തിരുവനന്തപും, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകൾ ഉൾപ്പെടെ സംസ്ഥാനത്തെ 14 ജില്ലകളിലും ഡയറ്റുകൾ ആരംഭിച്ചു.

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡയറ്റുകളുടെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും താഴെ പറയുന്ന തരത്തിൽ 2002-03 മുതൽ ഫണ്ട് ലഭ്യമായിട്ടുണ്ട്.

| | ലഭിച്ചത് |
|---|---|
| 2002-03 | 744.39 |
| 2003-04 | 507.63 |
| 2004-05 | 615.8 |
| 2005-06 | 693.33 |
| 2006-07 | 753.40 |
| 2007-08 | 982.52 |
| 2008-09 | 1167.88 |

### ഡയറ്റുകളുടെ ചുമതലകളും പ്രവർത്തനങ്ങളും

1. ജില്ലാതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഹെഡ്മാസ്റ്റർമാർക്കും, മാനേജ്മെന്റ് പരിശീലനം ക്രമീകരിക്കുന്നു.
2. ജില്ലാപഞ്ചായത്ത്, സർവ്വ ശിക്ഷാ അഭിയാൻ എന്നിവയ്ക്ക് അക്കാദമിക പിന്തുണ നൽകുന്ന ജില്ലാതല സ്ഥാപനമായി പ്രവർത്തിക്കുന്നു.

3. ബ്ലോക്ക് റിസോഴ്സ് സെന്റർ, ക്ലസ്റ്റർ റിസോഴ്സ് സെന്റർ എന്നിവയ്ക്ക് അക്കാദമിക പിന്തുണ നൽകുന്നു.

4. ബി.ആർ.സി. പരിശീലപകരേയും, സി.ആർ.സി. കോ-ഓർഡിനേറ്റർമാരേയും പരിശീലിപ്പിക്കുന്നു.

5. ബി.ആർ.സി. തലത്തിലുള്ള അദ്ധ്യാപക പരിശീലന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡി.ആർ.ജി. പരിശീലനം നടത്തുന്നു.

6. അദ്ധ്യാപക പരിശീലന മോഡ്യൂൾ തയ്യാറാക്കുന്നു.

7. ജില്ലാതലത്തിലുള്ള അദ്ധ്യാപക പരിശീലന സാമഗ്രികൾ തയ്യാറാക്കുന്നു.

8. ശാസ്ത്രീയ പഠനത്തിന്റേയും, ആക്ഷൻ റിസോർസിന്റെയും അടിസ്ഥാനത്തിൽ അക്കാദമീക പ്രശ്നങ്ങൾ കണ്ടെത്തുകയും അനുയോജ്യമായ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.

9. അദ്ധ്യാപകർക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്നു.

10. ജില്ലാതല അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾക്ക് ആവശ്യമായ അക്കാദമീക പിന്തുണ നൽകുന്ന കേന്ദ്ര സ്ഥാപനമായി പ്രവർത്തിക്കുന്നു.

11. മാതൃകാപരമായി പരിശീലനം നടത്തുന്ന വിദ്യാഭ്യാസ പ്രീ-സർവ്വീസ് കേന്ദ്രമായി പ്രവർത്തിക്കുന്നു.

12. എസ്.ഇ.ആർ.റ്റി, ഐ.എം.ജി., സീമാറ്റ്, എന്നിവയുടെ പരിശീലന പരിപാടികൾ ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്ന സ്ഥാപനമായി പ്രവർത്തിക്കുന്നു.

## ഐ.ടി@സ്കൂൾ പ്രോജക്ട്

സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി. വിദ്യാഭ്യാസം നടപ്പാക്കുന്നതിന് വേണ്ടി 2000-ലാണ് പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഐ.ടി@സ്കൂൾ പ്രവർത്തനം തുടങ്ങുന്നത്. ഐ.ടി. പഠന വിഭവങ്ങൾ തയ്യാറാക്കുക, അധ്യാപക പരിശീലനം നടത്തുക, സ്കൂളുകളിലെ ഐ.ടി. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, എഡ്യൂസാറ്റ്- ഇന്റർനെറ്റ് സംവിധാനങ്ങൾ അധ്യയനത്തിന്റെ ഗുണനിലവാരം മെച്ചെപ്പെടുത്താൻ ഉപയോഗിക്കുക തുടങ്ങിയവയാണ് ഐ.ടി@സ്കൂളിന്റെ പ്രധാന പ്രവർത്തനമേഖലകൾ.

സംസ്ഥാനത്തെ ഹൈസ്കൂളികളിൽ വിവിധ ഏജൻസികളുടെ സഹായത്തോടെ 50,000-ലധികം കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന സുസജ്ജമായ കമ്പ്യൂട്ടർ ലാബുകളുണ്ട്. പരിശീലനം ലഭിച്ച 80,000-ലധികം അധ്യാപകർ ഐ.ടി. വിദ്യാഭ്യാസം നടപ്പാക്കുന്നതിന് വേണ്ടി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി എല്ലാ ഹൈസ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യമാക്കുന്ന കേരളത്തിലെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നതും ഐ.ടി.@സ്കൂളാണ്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ AEO, DEO, DDE, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നീ ഓഫീസുകളുടെയും സുഗമമായ പ്രവർത്തനത്തിന് ബ്രോഡ്ബാൻഡ് സൗകര്യം ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. 2003 മുതൽ നടന്നുവരുന്ന ഐടി പഠനവും, പ്രായോഗിക പരീക്ഷയും 2007-ഓടെ പരിപൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയറിൽ ആണ് നടത്തുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഒരേസമയം സ്വതന്ത്ര സോഫ്റ്റ്വെയറിൽ ഐ.ടി. പ്രായോഗിക പരീക്ഷ എഴുതിയത് ഗിന്നസ് ബുക്കിൽത്തന്നെ ഇടം നേടാൻ പോകുകയാണ്.

കേന്ദ്ര സർക്കാരിന്റെ ഐ.സി.ടി സ്കീമിൽ അഞ്ചു വർഷത്തേക്കായി 50.8 കോടി രൂപ അനുവദിച്ചതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ 1016 ഹൈസ്കൂളുകളിൽ നടന്നു വരുന്നു. കഴിഞ്ഞ വർഷം മുതൽ സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി പ്രത്യേകം ഐ.ടി. മേളകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

എഡ്യൂസാറ്റ് സംവിധാനം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നിർവ്വഹണ ഏജൻസിയും ഐ.ടി.@സ്കൂളാണ്. എല്ലാ ജില്ലകളിലും വീഡിയോ കോൺഫറൻസിംഗ് സ്റ്റുഡിയോകൾക്ക് പുറമേ VICTERS (Virtual Classroom Technology on Edusat for Rural School) എന്ന പ്രത്യേകമായൊരു വിദ്യാഭ്യാസ ചാനലും ഐ.ടി.@സ്കൂളിന്റെ മേൽനോട്ടത്തിൽ സംപ്രേഷണം നടത്തിവരുന്നുണ്ട്. സ്കൂളുകളിലെ സ്വീകരണമാത്ര ടെർമിനലുകളിൽ മാത്രമല്ല സംസ്ഥാനത്തെ മിക്ക പ്രാദേശിക കേബിൾ ശൃംഖലകൾ വഴിയും "വിക്ടേഴ്സ്" ഇപ്പോൾ ലഭ്യമാണ്.

വിദ്യാഭ്യാസ രംഗത്തെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ ഫലമായി പ്രധാനാധ്യാപകരുടെയും എ.ഇ.ഒ. മാരുടേയും Online Transfer & Posting, ഉച്ചക്കഞ്ഞി വിതരണം കമ്പ്യൂട്ടർവൽക്കരണം, സർവ്വീസ് വിശദാംശങ്ങളുടെ ഡിജിറ്റലൈസേഷൻ, ടെക്സ്റ്റ്ബുക്ക് വിതരണ പ്രക്രിയയുടെ കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളും ഐ.ടി.@സ്കൂളിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

അക്കാദമിക് രംഗത്ത് ഐ.ടി-യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നതാണ് ഐ.ടി@സ്കൂളിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. ഇതിനായി ഐ.ടി പ്രത്യേക പാഠ്യവിഷയമായി പഠിക്കുന്ന ഐടി പഠന രീതിയിൽ നിന്നും വ്യത്യസ്തമായി വിവിധ വിഷയങ്ങൾ ഐടി ഉപയോഗിച്ച് പഠിക്കുന്ന ഐടി അധിഷ്ഠിത പഠനസമ്പ്രദായം നടപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഈ വർഷം തന്നെ ഹൈസ്കൂളികളിൽ ഭൗതികശാസ്ത്രം, ഗണിതം വിഷയങ്ങൾ ഐടി അധിഷ്ഠിതമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. 162 യു.പി. സ്കൂളുകളിലും ഈ വർഷം തന്നെ ഐ.ടി. അധിഷ്ഠിത പഠനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ കൂടി ഐടി@സ്കൂളിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാന പ്രോജക്ട് ഓഫീസിനു പുറമെ എല്ലാ ജില്ലകളിലുമായി 160 ഓളം വരുന്ന മാസ്റ്റർ ട്രെയിനർമാരുടെ ശൃംഖലയും ഐടി@സ്കൂൾ പ്രോജക്ടിനുണ്ട്. 2006-ൽ ദേശീയ ഇ-ഗവേണൻസ് അവാർഡ്, 2007-ലെ 'World is Open Award' എന്നീ ബഹുമതികളും ഐടി@സ്കൂളിന് ലഭിച്ചിട്ടുണ്ട്.

## ഐ.ടി@സ്കൂൾ പ്രോജക്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ

1. ലോകത്താദ്യമായി ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഐ.ടി. പ്രായോഗിക പരീക്ഷ 2008 മാർച്ചിൽ നടത്തി.

2. ICT in School എന്ന Centrally Sponsored Scheme – നു കീഴിൽ സ്കൂളുകൾക്കാവശ്യമായ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ ലഭ്യമാക്കൽ പ്രക്രിയ തുടങ്ങി. 50.8 കോടി രൂ. യുടെ സ്കീം അഞ്ചുവർഷത്തേക്കായി (2007–2012) അനുവദിച്ചതിൽ 10.16 കോടി രൂപ 2007–2008 സാമ്പത്തിക വർഷം ചെലവഴിച്ചു. 2008–2009–ൽ 10.16 കോടി ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു

3. എഡ്യൂസാറ്റ് ഇന്ററാക്ടീവ് ടെർമിനലുകൾക്കായി എല്ലാ ജില്ലകളിലും വീഡിയോ കോൺഫറൻസിംഗിനുള്ള പുതിയ സ്റ്റുഡിയോ നിർമ്മാണ പ്രവർത്തനം തുടങ്ങി.

4. ''വിക്ടേഴ്സ്'' ചാനലിനാവശ്യമായ ഉള്ളടക്ക ശേഖരണത്തിനും നിർമ്മാണത്തിനും പ്രത്യേക പരിപാടി ആവിഷ്കരിച്ചു. പ്രാദേശിക കേബിൾ ശൃംഖലയിലൂടെ ''വിക്ടേഴ്സ്''ചാനൽ ലഭ്യമാക്കി.

5. സ്കൂളുകളിലേയ്ക്ക് ഹാർഡ്‌വെയർ വിന്യാസത്തിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കാനായി വിശദമായ ഐ.ടി. സർവ്വേ നടത്തി. പ്രത്യേക സാങ്കേതിക സമിതി ഇതിനായി പ്രവർത്തനം തുടങ്ങി.

6. ആദ്യമായി പ്രത്യേക സ്കൂൾ ഐ.ടി മേള 2007–ൽ നടത്തി

7. പാലക്കാട്, കോഴിക്കോട് ജില്ലകളിലെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണ പ്രക്രിയ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചു.

8. ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള ''സ്പാർക്ക്'' പദ്ധതിയിൽ മുഴുവൻ ഹൈസ്കൂൾ അധ്യാപകരുടെയും സർവ്വീസ് ബുക്കുകൾ കമ്പ്യൂട്ടർവൽക്കരിച്ചു.

9. അൺ–എയിഡഡ് സ്കൂളുകളുടെ ടെക്സ്റ്റ് ബുക്ക് വിതരണ പ്രക്രിയ കമ്പ്യൂട്ടർവൽക്കരിച്ചു.

10. മുഴുവൻ ഹെഡ്മാസ്റ്റർമാരുടെയും, എ.ഇ.ഒ. മാരുടെയും സ്ഥലംമാറ്റവും നിയമനവും സുതാര്യമായ രീതിയിൽ കമ്പ്യൂട്ടറൈസ് ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെയാക്കി.

11. യു.പി. ക്ലാസ്സുകളിലേയ്ക്കുള്ള ഐ.ടി. അധിഷ്ഠിത പഠനത്തിന്റെ ട്രൈഔട്ട് എല്ലാ വിദ്യാഭ്യാസ ജില്ലകളും ഉൾക്കൊള്ളുന്ന 38 സ്കൂളുകളിൽ പൂർത്തിയാക്കി.

12. ഹൈസ്കൂൾ ക്ലാസ്സുകളിൽ ഭൗതികശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിലുള്ള ഐ.ടി. അധിഷ്ഠിത പഠനത്തിന്റെ ട്രൈഔട്ട് 10 സ്കൂളുകളിൽ നടത്തി.

13. 'മുഴുവൻ ഹൈസ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് പദ്ധതി' നിലവിൽ വന്നു.

14. ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാതല പ്രവർത്തനത്തിന് ജില്ലാ കോർഡിനേറ്ററുടെ മേൽനോട്ടത്തിൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഐ.ടി അനുബന്ധ പഠനവിഷയവുമായും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഉണ്ടാകുന്ന അറിയിപ്പുകൾ ജില്ലാ ഓഫീസുകളിൽ നിന്നും പൊതു ജനങ്ങളുടെ അറിവിലേക്ക് ലഭ്യമാകുന്നതാണ്.

## ഭരണ നിർവഹണം

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി@സ്കൂൾ പ്രോജക്ടിന് ഒരു ഡയറക്ടറേറ്റും എറണാകുളം ഇടപ്പള്ളിയിൽ ഒരു റീജിയണൽ ഓഫീസും 14 ജില്ലാ ഓഫീസുകളും ആണ് ഉള്ളത്. ഡയറക്ടറേറ്റ് തിരുവനന്തപുരം പൂജപ്പുര എസ്.സി.ഇ.ആർ.ടി. ബിൽഡിംഗിൽ സ്ഥിതിചെയ്യുന്നു. ജില്ലാ ഓഫീസുകളുടെ മേധാവിമാരെ ജില്ലാ കോർഡിനേറ്റർമാർ എന്ന് അറിയപ്പെടുന്നു. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ജില്ലാ ഓഫീസുകൾ മുഖേന അപ്പപ്പോൾത്തന്നെ എല്ലാ കേന്ദ്രങ്ങളിലും അറിയിക്കുന്നതും അതിന്റെ മേൽനോട്ടം വഹിക്കുന്നതും ജില്ലാ കോർഡിനേറ്റർമാരാണ്.

ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ജില്ലകളിലെ അധ്യാപകർക്ക് പരിശീലനം നൽകിവരുന്നത് ജില്ലാ ഓഫീസുകൾ മുഖേനയാണ്. കൂടാതെ ഐ.ടി. പരീക്ഷയിൽ കമ്പ്യൂട്ടറുകൾ പ്രവർത്തനരഹിതമായാൽ ജില്ലാ ഓഫീസുകൾ മുഖേന തകരാറുകൾ അപ്പപ്പോൾതന്നെ പരിഹരിച്ചു വരുന്നു. ഇതിലേക്കുവേണ്ടി കമ്പ്യൂട്ടർ ഹാർഡ്‌വെയർ പരിശീലനം കൂടുതൽ അധ്യാപകർക്ക് കെൽട്രോണിന്റെയും സംസ്ഥാന ഓഫീസിന്റെയും സഹായത്തോടെ ലഭ്യമാക്കിവരുന്നു.

## ഭരണസംവിധാനം

മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ജനറൽ കൗൺസിലും വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് പ്രോജക്ടിന്റെ ഭരണസമിതി.

പ്രധാന ഫോൺ നമ്പരുകൾ

| | |
|---|---|
| ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ | 0471 2343261 (ഓഫീസ്)<br>9447011881 (മൊബൈൽ) |
| ഓഫീസ് | 0471 2348274 |
| വിക്ടേഴ്സ് ചാനൽ | 0471 2320028<br>0471 2320039 |
| റീജിയണൽ ഓഫീസ്, എറണാകുളം | 484 4950 |

# ഐ.ടി പഠനവും ഐ.ടി അധിഷ്ഠിത പഠനവും : രൂപരേഖ

## പശ്ചാത്തലം

പ്രൊഫ. യു.ആർ. റാവു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2002 മുതൽ ഹൈസ്കൂൾ തലത്തിൽ നടപ്പിലാക്കിയ ഐ.ടി. വിദ്യാഭ്യാസത്തെ വളരെ പ്രതീക്ഷയോടെയാണ് സമൂഹം സ്വീകരിച്ചത്. തത്ഫലമായി സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലും ടി.ടി.എ യുടെയും, ജനപ്രതിനിധികളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതുസമൂഹത്തിന്റെയും സഹകരണ ഹൈസ്കൂൾ അധ്യാപക ശാക്തീകരണം ഹൈസ്കൂൾ തലത്തിൽ നടത്താൻ ഐ.ടി.@സ്കൂൾ പ്രോജക്ടിന് കഴിഞ്ഞിട്ടുമുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഹൈസ്കൂൾ തലത്തിൽ ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഇന്ന് സംജാതമായിരിക്കുകയാണ്.

## പ്രൈമറി തലത്തിലേക്ക്

ഈ സഹാചര്യത്തിലാണ് അപ്പർ പ്രൈമറി തലത്തിൽകൂടി ഐ.ടി. പഠനം ആരംഭിക്കുന്നതിനുചറച ഗവൺമെന്റിന്റെ നയപ്രഖ്യാപനം 2006-ൽ ഉണ്ടായത്. പ്രോജക്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും ഇത് നടപ്പിലാക്കാനുള്ള ചുമതല ഐ.ടി.@സ്കൂൾ പ്രോജക്ടിനെ ഏൽപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 2007 നവംബർ മാസത്തിൽ പ്രൈമറി സ്കൂളുകളിലെ ഭൗതിക സാഹചര്യം വിലയിരുത്തുന്നതിനായി ഒരു സർവെ നടത്തി വിവരം ശേഖരിച്ചു. കേരളത്തിൽ പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിലെ 80% അപ്പർ പ്രൈമറി സ്കൂളുകളിലും ഒരു കമ്പ്യൂട്ടറെങ്കിലും ഉണ്ടെന്നും കമ്പ്യൂട്ടർ പഠനത്തിനായി സ്കൂളുകളിൽ ഒരു പ്രത്യേക ഇൻസ്ട്രക്ടറെ നിയമിച്ചിട്ടുണ്ടെന്നും സർവെയിൽ കണ്ടെത്തി. എന്നാൽ വ്യക്തവും ഏകീകൃതവുമായ കരിക്കുലമോ അതിനനുസരിച്ച് പരിശീലനം ലഭിച്ച അധ്യാപകരോ ഇല്ലാതെയുള്ള കമ്പ്യൂട്ടർ പഠനം ഗുണത്തെക്കാളേറെ കുട്ടികൾക്കും സമൂഹത്തിനും ദോഷമാണുണ്ടാക്കുക.

## സാധ്യതാപഠനം

സർക്കാർ ഉത്തരവനുസരിച്ച് ഐ.ടി. പഠനം പ്രൈമറി തലത്തിൽ ഏതു രീതിയിൽ നടപ്പിലാക്കണമെന്ന് പഠിക്കുന്നതിനായി സംസ്ഥാനത്തെ 38 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട ഓരോ സ്കൂളുകളിൽ, 2008 ജനുവരി 15 മുതൽ ഫെബ്രുവരി 28 വരെ ഒരു ട്രൈ-ഔട്ട് നടത്തുകയുണ്ടായി. വിദ്യാഭ്യാസ വിദഗ്ധരും ഐ.ടി.@സ്കൂൾ മാസ്റ്റർ ട്രെയിനർമാരും ചേർന്ന് തയ്യാറാക്കിയ മൊഡ്യൂളിന്റെയും പഠനവിഭവ സി.ഡി യുടെയും സഹായത്തോടെയാണ് ട്രൈ-ഔട്ട് നടത്തിയത്. ഇതിനായി അതത് വിഷയത്തിലുള്ള അധ്യാപകർക്ക് മൂന്ന് ദിവസത്തെ പരിശീലനം മുൻകൂട്ടി നൽകിയിരുന്നു. ആവശ്യമായ പരിശീലനവും പഠനവിഭവങ്ങളും മറ്റ് സാഹചര്യങ്ങളുമൊരുക്കിയിട്ടും അധ്യാപകർക്ക് ക്ലാസിലും കമ്പ്യൂട്ടർ ലാബിലും ഐ.ടി. കൈകാര്യം ചെയ്യുന്നതിന് കുറച്ചു കൂടി ആത്മവിശ്വാസം വേണമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.ടി. @സ്കൂൾ പ്രോജക്ടിന്റെ ഓരോ മാസ്റ്റർ ട്രെയിനറെ വീതം ഓരോ സ്കൂളിലും പ്രത്യേകം ചുമതലപ്പെടുത്തുകയും മുഴുവൻ സമയ സഹായം നൽകുകയും ചെയ്തു. 2008-ൽ നടത്തിയ യു.പി. ട്രൈ-ഔട്ടിന്റെ വിശദമായി റിപ്പോർട്ട് സർക്കാരിന് നേരത്തെ സമർപ്പിച്ചിട്ടുണ്ട്.

**2008-2009-ലേക്കുള്ള നടപടികൾ**

ഇപ്പോൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ടെക്സ്റ്റ് ബുക്കും, ഹാൻഡ്ബുക്കും SCERT യുടെ നേതൃത്വത്തിൽ തയ്യാറാക്കിവരികയാണല്ലോ. ഇതിന്റെ അവസാനഘട്ടത്തിലെത്തിയപ്പോൾ ഓരോ വിഷയത്തിന്റെയും ഹാൻഡ്ബുക്കിനോടൊപ്പം IT Support CD നൽകാൻ കഴിയുമോ എന്ന് SCERT ഐ.ടി.@സ്കൂൾ പ്രോജക്ടിനോട് ആരായുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.@സ്കൂൾ മാസ്റ്റർ ട്രെയിനർമാരെയും SCERT യിലെ Textbook/Handbook നിർമ്മാതാക്കളായ അധ്യാപകരെയും UP Tryout ൽ പങ്കെടുത്ത പ്രൈമറി അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആദ്യ ശില്പശാല 2008 മാർച്ച് 28 മുതൽ ഏപ്രിൽ 1 വരെ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. അഞ്ച്. ഏഴ് ക്ലാസുകളിലെ മലയാളം, ഇംഗ്ലീഷ്, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിത ശാസ്ത്രം എന്നീ വിഷയങ്ങൾക്ക് പഠനവിഭവ സി.ഡി. തയ്യാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഈ ശില്പ ശാലയിൽ തുടക്കം കുറിച്ചു. തുടർന്ന് നടന്ന രണ്ട് ശിൽപശാലകളിലൂടെ, പരിഷ്കരിച്ച പാഠ്യപദ്ധതിക്കനുയോജ്യമായ വിധം ആവശ്യമായ വിഭവ ശേഖരണവും തുടങ്ങിക്കഴിഞ്ഞു. ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തിയതിനനുസരിച്ച് ഇവ ഉപയോഗിച്ചുള്ള പഠനപ്രവർത്തനം എങ്ങനെ നടത്താമെന്നും ധാരണ രൂപപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ഇത് വച്ചുകൊണ്ടുള്ള പഠനവിഭവ സി.ഡി ഇനിയും നിർമ്മിച്ചിട്ടില്ല. വർക്ക്ഷോപ്പുകളിൽ രൂപപ്പെടുത്തിയിട്ടുള്ള വിഭവങ്ങളിൽ ചിലത് ഇപ്പോഴത്തെ സാഹചര്യത്തിൽ സി-ഡിറ്റ് പോലുള്ള ഏജൻസികൾക്ക് മാത്രം ചെയ്യാൻ കഴിയുന്നവയാണ്. ഫണ്ടിംഗ് സംബന്ധിച്ച ധാരണകൾ ഇനിയും രൂപപ്പെട്ടിട്ടില്ല. ഇതിനിടയിൽ മാർ ഇവാനിയോസ് കോളേജിൽവച്ച് നടന്ന കോർ SRG ട്രെയിനിംഗിൽ ഐ.ടി അധിഷ്ഠിതവിദ്യാഭ്യാസത്തെക്കുറിച്ച് ഒരു പ്രസന്റേഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടു. ഈ പ്രസന്റേഷനിൽ കരിക്കുലം സമീപനത്തിനുസരിച്ച് നിർമ്മാണത്തലിരിക്കുന്ന പഠന വിഭവ സി.ഡി.യെ സംബന്ധിച്ച പരിമിതമായ ധാരണ ഉണ്ടാക്കാൻ മാത്രമെ കഴിയുമായിരുന്നുള്ളൂ. ഈ പ്രസന്റേഷനിലൂടെ ആശയം വ്യക്തമാക്കാനായില്ല എന്നാണ് വിലയിരുത്തൽ. പാഠ്യപദ്ധതിയും പാഠപുസ്തകവും ഒരേ സമയം പരിഷ്കരിക്കുന്ന സാഹചര്യത്തിൽ അതിനനുയോജ്യമായ പഠനവിഭവ സി.ഡിയുടെ നിർമ്മാണം ക്ഷിപ്ര സാധ്യമല്ല.

## <u>ഐ.ടി. മേഖലയും ജനജീവിതവും</u>

നമുക്ക് ചുറ്റും കണ്ണോടിച്ചു നോക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് സമസ്ത മേഖലയിലും അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്നതായി കാണാം ആധുനിക സാങ്കേതിക വിദ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും മാത്രമല്ല നമ്മുടെ സ്വപ്നങ്ങളെപോലും മാറ്റി മറിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ജീവിതത്തിൽ പ്രകടമായ മാറ്റങ്ങൾ അത്ഭുതകരമായ വേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. വാർത്താവിനിമയം, യാത്രാ സൗകര്യം, വിനോദം, ആരോഗ്യം, വിജ്ഞാനം തുടങ്ങിയ എല്ലാ മേഖലകളിലും നമ്മുടെ ജീവിതം കൂടുതൽ ആയാസരഹിതവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന സൗകര്യങ്ങൾ അല്ല നമ്മുടെ ഏതൊരു ചെറിയ ഗ്രാമങ്ങളിൽപോലും ഇന്നുള്ളത്.

ഐ.ടി. സാങ്കേതികവിദ്യയുടെ പ്രകടമായ വ്യത്യാസം നാം അനുഭവിക്കുന്ന പല മേഖലകളിലും ഏറ്റവും പ്രകടമായത് വാർത്താ വിതരണരംഗത്താണ്. ഏതാണ്ട് രണ്ട് ദശാബ്ദക്കാലം മുമ്പ് telephone ഒരു കാഴ്ച വസ്തുമാത്രമായിരുന്നു. പല ഗ്രാമവാസികൾക്കും ഒന്നു ഫോൺ ചെയ്യണമെങ്കിൽപോലും മൈലുകൾക്കപ്പുറം പോകേ

ണ്ടിവന്നിരുന്നു. എവിടെയെങ്കിലും വിളിക്കണമെങ്കിലോ ലോക്കൽകാൾ പോലും exchange –ൽ വിളിച്ചു പറയണമെന്നായിരുന്നു. ദൂരപ്രദേശത്തുള്ള ബന്ധുവിനെ വിളിക്കണമെങ്കിലോ urgent lightening –കോഡുകൾ ബുക്ക് ചെയ്ത് മമണിക്കൂറുക ളോളം കാത്തിരിക്കേണ്ടതായിട്ടുണ്ട്. ഇന്ന് ആ കാലം എല്ലാം മാറിയിരിക്കുകയാണ് digital exchange –കൾ സർവ സാധാരണമായതോടുകൂടി ഉപഭോക്താക്കൾക്ക് സ്വന്ത മായി ലോകത്തിന്റെ ഏത് മൂലയിലേക്കും ഫോൺ വിളിക്കാമെന്നായി. പിന്നീട് വന്ന cellular phone technology വാർത്താവിതരണ രംഗത്തെ മൊത്തത്തിൽ മാറ്റി മറിച്ചു. പണ്ട് ഫോൺ വിളിക്കാൻ നടന്നു പോകേണ്ടിയിരുന്ന സാഹചര്യത്തിൽ നിന്ന് മാറി നടന്നുകൊണ്ട് ഫോൺ വിളിക്കാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വന്നു. വിവിധ കമ്പനികൾ ഏറ്റവും കുറഞ്ഞ താരിഫുമായി ഉപഭോക്താക്കളുടെ പിന്നാലെ നടക്കു ന്നു. ഇത് ഒരു കാലഘട്ടത്തിൽ ഫോൺ ബുക്ക് ചെയ്ത് വർഷങ്ങളോളം കാത്തിരി ക്കുന്ന കാലഘട്ടത്തേക്കാളും വിഭിന്നമാണ്.

വിപ്ലവകരമായ മാറ്റങ്ങൾക്ക് വാർത്താവിനിമയ രംഗത്ത് ഉപഗ്രഹങ്ങൾ വഹി ക്കുന്ന പങ്ക് ചെറുതല്ല. വിരലിലെണ്ണാവുന്ന രാജ്യങ്ങൾക്ക് മാത്രമേ സ്വന്തമായി ഉപഗ്ര ഹങ്ങൾ നിർമ്മിക്കാനും അത് വിക്ഷേപിക്കാനുമുള്ള സാങ്കേതികവിദ്യ സ്വായത്തമാ ക്കാൻ സാധിച്ചിട്ടുള്ളൂ. വാർത്താവിനിമയ ഉപഗ്രഹ നിർമ്മാണരംഗത്ത് ഭാരതം വഹിച്ച നേട്ടങ്ങൾ വിസ്മയാവഹമാണ്. രണ്ട് ടണ്ണോളം വലിപ്പമുള്ള GSLV ഉപഗ്രഹത്തിനെ വിക്ഷേപിക്കാനുള്ള കരുത്ത് ഭാരതം നേടി കഴിഞ്ഞു. എന്തിന് വിദ്യാഭ്യാസരംഗ ത്തേക്ക് മാത്രമായി ഉന്നത നിലവാരത്തിലുള്ള ഉപഗ്രഹം വിക്ഷേപിച്ച ഒരേ ഒരു രാജ്യം ഭാരതമാണ്. Television channel- കൾ കേരളത്തിൽ മിക്കവാറും എല്ലാ പ്രദേ ശങ്ങളിലും സർവസാധാരണമാണ്. കേബിൾ ഉപയോഗിക്കാത്തവർക്കായി direct home എന്ന് പറയുന്ന സാങ്കേതിക വിദ്യ വളരെയധികം ചാനലുകളും ഭാരതത്തിലെ ഏത് കോണിലും ഇന്ന് ലഭ്യമാണ്.

വിവര സാങ്കേതികവിദ്യ വളരെയധികം സ്വാധീനം ചെലുത്തിയ മേഖലയാണ് ബാങ്കിങ്. ഇന്റർനെറ്റ് മുഖേനയുള്ള ബാങ്കിങ് ഇന്ന് സഹകരണ ബാങ്കുകളിൽ പോലും ലഭ്യമാണ്. ബാങ്കുകളിൽ ചെന്ന് ചെക്ക് മാറി പണം എടുത്തിരുന്ന കാലം ഇന്ന് അപ്രസക്തമാണ്. Any Time Money അല്ലെങ്കിൽ Automatic Teller Machine എന്നറിയപ്പെടുന്ന ATM counter- കൾ മുഖേനയാണ് ഇന്ന് നല്ലൊരു ശതമാനം ആളു കളുവം പണം പിൻവലിക്കുന്നത്. Internet മുഖേന telephone, electricity തുടങ്ങിയ വയുടെ ബിൽ അടയ്ക്കുന്ന സൗകര്യം വരെ ഇന്ന് ബാങ്കുകൾ നൽകുന്നു. ബാങ്കിങ് മേഖലയിൽ മെച്ചപ്പെട്ടതും കാര്യക്ഷമമവുമായ സേവനം നൽകാൻ ആധുനിക സാങ്കേതിവിദ്യക്ക് കഴിയുന്നു. ആരോഗ്യ മേഖലയിലാണ് വിവര സാങ്കേതികവിദ്യ വമ്പിച്ച ഒരു കുതിച്ചു ചാട്ടം നടത്തിയത്. ആധുനിക സാങ്കേതിവിദ്യയുടെ സഹായ ത്താൽ മനുഷ്യന്റെ ശരാശരി ആയുർദൈർഘ്യത്തിന് തന്നെ മാറ്റം വന്നിരിക്കുന്നു. രോഗനിർണ്ണയം നടത്താനും ഈ സാങ്കേതികവിദ്യ ഡോക്ടർമാർക്ക് ചെറുതായൊ ന്നുമല്ല സഹായകമാകുന്നത്.

## വിക്ടേഴ്സിന്റെ രണ്ടാമത് ചാനൽ

VICTERS (Virtual Classroom Technology on EDUSAT for Rural Schools)- ന്റെ രണ്ടാമത് വിദ്യാഭ്യാസ ചാനൽ തുടങ്ങാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരികയാണ്. Central Uplinking Station- ൽ ഈ ചാനലിന് ആവശ്യമായ ഉപകരണങ്ങൾ ഉടൻ തന്നെ സൗജന്യമായി നൽകുമെന്ന് ISRO അറിയിച്ചിട്ടുണ്ട്. ഇത് സാധാരണ ടി.വി.യിൽ Direct-To-Home (DTH) സൗകര്യമുപബയോഗിച്ച് ലഭ്യമാക്കാൻ സാധിക്കും. കേബിൾ മുഖേന വീടുകളിൽ എത്തിക്കുന്നതിനും സാങ്കേതികമായി തടസ്സമില്ല. സ്കൂളുകളിൽ ഒരു Receive Only Terminal (ROT) സ്ഥാപിക്കുന്നതിന് ഏഴായിരം രൂപയ്ക്കടുത്ത് ചെലവ് വരുമെന്ന് കണക്കാക്കുന്നു.

എഡ്യൂസാറ്റ് വിക്ഷേപിച്ചതിനുശേഷം കർണ്ണാടകത്തിലെ ചാംരാജ് നഗർ ജില്ലയിൽ 1,500-ഓളം സ്കൂളുകളിൽ ഈ രീതിയിലുള്ള വിദ്യാഭ്യാസ പരിപാടികൾ കഴിഞ്ഞ ഏതാനും മാസങ്ങളായി ലഭ്യമാണ്. കർണ്ണാടക DSERT- യുടെ നേതൃത്വത്തിൽ നടത്തുന്ന ഈ ചാനൽ ഇപ്പോൾ പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2.00 മണി മുതൽ 2.30 വരെയും 3.30 മണി മുതൽ 4.00 (പുന:സംപ്രേഷണം) വരെയുമാണ് പരിപാടികൾ സംപ്രേഷണം ചെയ്യുന്നത്. ഈ കന്നട ചാനൽ തുടങ്ങുന്നതിന് ഏതാണ്ട് ഒരു വർഷം മുമ്പു തന്നെ ഇതിനാവശ്യമായ വീഡിയോ ഫിലിമുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ DSERT ആരംഭിച്ചിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. കന്നഡയിലും ഇംഗ്ലീഷിലും ഇപ്പോൾ സംപ്രേഷണം ചെയ്യുന്ന ഈ ചാനലിലെ വിദ്യാഭ്യാസ പരിപാടികൾ DTH സംവിധാനം ഉപയോഗിച്ച് ഐ.ടി.@സ്കൂളിന്റെ സ്റ്റേറ്റ് പ്രോജക്ട് ആഫീസിൽ സ്വീകരിക്കുന്നുണ്ട്. ഗുണപരമായി ഉന്നതനിലവാരത്തിലുള്ള പരിപാടികളാണ് ചുരുങ്ങിയ സമയത്തേക്കാണെങ്കിലും ഈ ചാനലിൽ ഇപ്പോൾ ലഭ്യമാകുന്നത്.

### നമ്മുടെ ചാനൽ എങ്ങനെയായിരിക്കണം:

ഗുണപരമായ വിദ്യാഭ്യാസ പരിപാടികൾ നിർമ്മിക്കുക എന്നത് വളരെയധികം ശ്രമകരമായ ഒരു ദൗത്യമാണ്. SCERT – യുടെയും, SIET- യുടെയും IT @ School- ന്റെയും C-DIT- ന്റെയും ഒത്തൊരുമയോടു കൂടിയുള്ള പ്രവർത്തനം ഇതിനാവശ്യമാണ്. രാവിലെ 6.00 മണി മുതൽ രാത്രി 10.00 മണി വരെ (അവധി ദിവസങ്ങൾ ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും) സംപ്രേഷണം ചെയ്യപ്പെടുന്ന ഒരു ചാനൽ ആയിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം. ആദ്യഘട്ടങ്ങളിൽ ഏതാനും ചില മണിക്കൂറുകൾ മാത്രം പ്രക്ഷേപണം തുടങ്ങി ഗുണമേന്മയുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ മുഴുവൻ സമയ വിദ്യാഭ്യാസ ചാനൽ എന്ന നിലയിലേക്ക് പടിപടിയായി ഇതിനെ ഉയർത്താൻ കഴിവുള്ള ആൾക്കാർ നമ്മുടെ വിദ്യാഭ്യാരംഗത്തുണ്ട്. അവരുടെ കൂട്ടായ പ്രവർത്തനം എങ്ങനെ സ്വരൂപിക്കാം എന്നതിനെപ്പറ്റി വിശദമാക്കുന്നതിന് മുമ്പ് എന്തൊക്കെ പരിപാടികൾ ഈ വിദ്യാഭ്യാസ ചാനലിൽ സംപ്രേഷണം ചെയ്യാമെന്നുള്ളതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

### എന്തൊക്കെ പരിപാടികൾ സംപ്രേഷണം ചെയ്യാം:

1. ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഒറ്റപ്പെട്ട സ്കൂളുകളിൽ വർഷത്തിൽ കൂടുതൽ സമയവും അദ്ധ്യാപകരില്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ഈ സ്കൂളിലെ കുട്ടികൾക്കു വേണ്ടി രാവിലെ 10.00 മുതൽ വൈകിട്ട് 4.30 വരെ നാല് സെഷനുകളിലായി വിദഗ്ദ്ധരായ അദ്ധ്യാപകരെ ഉപയോഗിച്ച് മൾട്ടീമീഡിയ വിഭവങ്ങൾ ഉൾപ്പെടുത്തി Pre recorded ആയ വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്യാനാകും. എല്ലാ സ്കൂളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകരില്ലാത്ത സമയത്ത് ഈ Virtual ക്ലാസ്സുകളുടെ പ്രയോജനം ഉപയോഗപ്പെടുത്താനാവും.

2. അധികം വൈകാതെ തന്നെ കേബിൾ, DTH സംവിധാനം മുഖേന വീടുകളിലും ഈ ചാനലിലെ വിദ്യാഭ്യാസ പരിപാടികൾ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. വൈകുന്നേരം 7.00 മണി മുതൽ രാത്രി 10.00 മണി വരെ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സ് എടുക്കുമ്പോൾ തന്നെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും അവരുമായി ടെലിഫോണിലൂടെ സംവദിക്കാൻ സാധിക്കും. Fax, E-mail, SMS എന്നിവയിലൂടെ കുട്ടികൾ മുൻകൂട്ടി അയച്ചുതരുന്ന അതത് വിഷയങ്ങളിലുള്ള ചോദ്യങ്ങൾക്ക് ഈ Live പരിപാടി നടക്കുന്ന സമയത്ത് മറുപടി നൽകി അവരുടെ സംശയങ്ങൾ ദൂരീകരിക്കാനും ആവും.

3. എല്ലാ ദിവസവും ഉച്ചയ്ക്ക് 1.00 മണി മുതൽ 1.30 വരെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അറിയിപ്പുകളും, വാർത്തകളും സംപ്രേഷണം ചെയ്യാവുന്നതാണ്.

4. വിദ്യാഭ്യാസ വാർത്തകൾ, വിവിധ മേഖലകളിൽ മികവ് നേടിയവരുമായുള്ള അഭിമുഖങ്ങൾ, പ്രശ്നോത്തരികൾ, സമസ്യം പൂരണങ്ങൾ, വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ, പ്രമുഖ വ്യക്തികളുമായുള്ള അഭിമുഖങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണ പരിപാടികൾ, പുതിയ പുസ്തകങ്ങൾ-സി.ഡികൾ-വെബ്സൈറ്റുകൾ തുടങ്ങിയവ പരിചയപ്പെടുത്തുന്ന പരിപാടികൾ, കരിയർ ഗൈഡൻസ്, കുട്ടികൾക്കിടയിലുള്ള പുതിയ ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തൽ, സയൻസ് കോർണറുകൾ തുടങ്ങിയ വൈവിദ്ധ്യമാർന്ന വിദ്യാഭ്യാസ പരിപാടികൾ SIET- യുടെയും, C-DIT-ന്റെയും നേതൃത്വത്തിൽ തയ്യാറാക്കി വിവിധ സമയങ്ങളിൽ അവതരിപ്പിക്കാനാകും.

5. ഈ ചാനലിന്റെ ഏറ്റവും വലിയും പ്രത്യേകത കുട്ടികൾ ആവശ്യപ്പെടുന്ന പക്ഷം മുമ്പ് അവതരിപ്പിച്ച പ്രോഗ്രാമുകൾ എത്ര തവണ വേണമെങ്കിലും പുന:സംപ്രേഷണം ചെയ്യാനാകും എന്നതാണ്.

## <u>വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുന്ന മറ്റു സേവനങ്ങൾ</u>

| ക്രമ നം. | ലഭ്യമാക്കുന്ന സേവനങ്ങൾ | പാലിക്കേണ്ടത് | നിബന്ധനകൾ | ഫീസ് ഒടുക്കേണ്ട വിധം | പരമാവധി സമയം/നൽകുന്ന വിധം |
|---|---|---|---|---|---|
| 1. | ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻസ്കീം പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്ക്കൂൾ നടത്തുന്ന സർക്കാരേതര സ്ഥാപനങ്ങൾക്കു നൽകപ്പെടുന്ന ഗ്രാന്റ്-ഇൻ-എയ്ഡ്. | അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ പരിശോധന റിപ്പോർട്ടും ശുപാർശയോടുകൂടെ അപേക്ഷയുടെ 3 കോപ്പികൾ സമർപ്പിക്കപ്പെടേണ്ടതാണ്. | സർക്കാരേതര സ്ഥാപനത്തിന്റെ സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും പി.ഡബ്ല്യൂ.ഡി ആക്ട് പ്രകാരമുള്ള റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിയ്ക്കണം | ഇല്ല | കേന്ദ്ര സർക്കാരിന്റെ സോഷ്യൽ സ്റ്റഡീസ് ആന്റ് എംപവർമെന്റ് വകുപ്പിൽനിന്നും സ്ഥാപനങ്ങൾക്ക് നൽകപ്പെടുന്നു. |

| | | | | | |
|---|---|---|---|---|---|
| 2. | എയ്ഡഡ്/അൺ എയ്ഡഡ് സ്പെഷ്യൽ സ്ക്കൂളു കൾക്കുള്ള ബോർഡിംഗ് ഗ്രാന്റ്. | അപേക്ഷ അടാത് ജില്ലാ വിദ്യാഭ്യാസ ഓഫീ സർമാർക്ക് സമർപ്പി ക്കണം. | മുൻവർഷത്തെ ഗ്രാന്റിന്റെ യൂ.സി. അപേക്ഷയോടൊപ്പം സമർപ്പിക്കണം. | ഇല്ല | ഗ്രാന്റിനുവേണ്ടി യുള്ള അലോ ട്ട്മെന്റ് അതാത് ഡി.ഡി.ഇ.മാർക്ക് ഡി.പി.ഐ. കൊടുക്കുന്നു. |
| 3. | കൺവേയൻസ് അലവൻസ് ടു ഫിസിക്കലി ഹാന്റീകാപ്ഡ് എംപ്ലോയീസ്. | അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറ ക്ടർ മുഖേന ഡി.പി.ഐ. ഓഫീസിൽ സമർപ്പിക്കേ ണ്ടതാണ്. | അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടി ഫിക്കറ്റ്, ഐഡന്റിറ്റി സർട്ടിഫിക്കറ്റ്, ഡിക്ല റേഷൻ മുതലായവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. | ഇല്ല | ഡി.പി.ഐ.യുടെ ഉത്തരവു ലഭിച്ചതിനു ശേഷം ബില്ല് എഴുതി തുക വാങ്ങാവുന്നതാ ണ്. |
| 4. | ടി.ടി.സി. കോഴ്സ് പ്രവേശനം | എല്ലാ വർഷം ഏപ്രിൽ/മെയ് മാസങ്ങളിൽ അപേക്ഷ ക്ഷണിക്കു മ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷി ക്കണം | പ്ലസ് ടൂവിന് 50% മാർക്ക് നേടിയിരി ക്കണം. | അഞ്ച് രൂപ ചലാൻ ഒടുക്കണം. | ജൂലൈ മാസ ത്തിൽ ജില്ലാ തല ത്തിൽ പ്രവേ ശനം നൽകും. |
| 5. | ടി.ടി.സി. കോഴ്സ് പ്രവേശനം (ഡി പ്പാർട്ട്മെന്റൽ ക്വാ ട്ട) | എല്ലാ വർഷം ഏപ്രിൽ/മെയ് മാസങ്ങളിൽ അപേക്ഷ ക്ഷണിക്കുന്നു. നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്ക ണം | പ്ലസ് ടൂവിന് 50% മാർക്ക് നേടിയിരിക്ക ണം. സർവ്വീസി ലുള്ള ടീച്ചിംഗ്/നോൺടീ ച്ചിംഗ് സർറ്റിഫിക്കറ്റ് മാത്രം. | ഇല്ല. (സ്ക്കൂൾ മേലാധി കാരികൾ മുഖേന നിർദ്ദിഷ്ട ഫാറ ത്തിൽ അപേക്ഷി ക്കണം. | ജൂലൈ മാസ ത്തിൽ ജില്ലാ തല ത്തിൽ പ്രവേ ശനം നൽകും. |
| 6. | ഹിന്ദി ഡിപ്ലോമാ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് | എല്ലാ വർഷവും നവം ബർ/ഡിസം ബർ മാസങ്ങ ളിൽ അപേക്ഷ ക്ഷണിക്കു മ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ | പ്രവീൺ/സാഹി ത്യാചാര്യ/ബി.എ( ഹിന്ദി)/എം.എ (ഹിന്ദി) ഇവയിലേ തെങ്കിലും വിഷയ ത്തിന് 50% മാർക്കോ ടുകൂടി വിജയം. | അഞ്ചു രൂപ ചലാൻ ഒടുക്ക ണം. | ആഗസ്റ്റ്/സെപ്റ്റം ബർ മാസങ്ങളിൽ പ്രവേശനം നൽകും. |

| | | | | | |
|---|---|---|---|---|---|
| | | അപേക്ഷിക്കണം. | | | |
| 7. | ഹിന്ദി ഡിപ്ലോമാ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് (ഡിപാർട്ട്മെന്റൽ ക്വാട്ട). | എല്ലാ വർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം. | പ്രവീൺ/സാഹിത്യാചാര്യ/ബി.എ (ഹിന്ദി)/എം.എ (ഹിന്ദി) ഇവയിലേതെങ്കിലും വിഷയത്തിന് 50% മാർക്കോടുകൂടി വിജയം. സർവ്വീസിലുള്ള ടീച്ചിംഗ്/നോൺ ടീച്ചിംഗ് സർട്ടിഫിക്കറ്റ് മാത്രം. | ഇല്ല (സ്കൂൾ മേലാധികാരികൾ മുഖേന നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം). | ആഗസ്റ്റ്/സെപ്റ്റംബർ മാസങ്ങളിൽ പ്രവേശനം നൽകും. |
| 8. | ബി.എഡ്. കോഴ്സ് പ്രവേശനം (ഡിപ്പാർട്ട്മെന്റൽ ക്വാട്ട) | എല്ലാ വർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം. | ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം നേടിയിട്ടുള്ള അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാർക്ക് അപേക്ഷിക്കാം. | ഇല്ല (സ്കൂൾ മേലാധികാരികൾ മുഖേന അപേക്ഷിക്കണം). | ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ ക്ലാസ് തുടങ്ങുന്ന മുറയ്ക്ക് പ്രവേശനം നൽകുന്നതാണ്. |
| 9. | അറബിക്/ഉറുദു ഡിപ്ലോമാ ഇൻ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് | എല്ലാ വർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം. | ബന്ധപ്പെട്ട ഓറിയന്റൽ ലാംഗ്വേജ് കോഴ്സ് 50% മാർക്കോടെയുള്ള വിജയം. | 5 രൂപ ചലാൻ ഒടുക്കണം. | ജൂൺ / ജൂലൈ മാസങ്ങളിൽ കോഴ്സ് ആരംഭിക്കും. |
| 10. | അറബിക്/ഉറുദു ഡിപ്ലോമാ ഇൻ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് (ഡിപ്പാർട്ട്മെന്റൽ ക്വാട്ട). | എല്ലാ വർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം. | ബന്ധപ്പെട്ട ഓറിയന്റൽ ലാംഗ്വേജ് കോഴ്സ് 50% മാർക്കോടെയുള്ള വിജയം. സർവ്വീസിലുള്ള ടിച്ചിംഗ്/നോൺ ടീച്ചിംഗ് സ്റ്റാഫിന് മാത്രം. | ഇല്ല (നിർദ്ദിഷ്ട സ്കൂൾ മേലാധികാരികൾ മുഖേന അപേക്ഷിക്കണം.) | ജൂൺ / ജൂലൈ മാസങ്ങളിൽ കോഴ്സ് ആരംഭിക്കും. |
| 11. | വിദ്യാർത്ഥികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി. | ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപേക്ഷ നൽകണം. | സർക്കാർ, എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികളുടെ മാതാ പിതാക്കൾക്ക് അപേക്ഷിക്കാം. | ഇല്ല | വിദ്യാഭ്യാസ ഉപ ഡയറക്ടർ വഴി സഹായം നൽകണം. |

| | | | | | |
|---|---|---|---|---|---|
| 12. | സർക്കാർ സ്പെഷ്യൽ സ്ക്കൂൾ | സർക്കാർ അന്ധ, ബദിര -മൂക വിദ്യാല യങ്ങളിലെ സമയാസമയം സ്ഥലമാറ്റം തുടങ്ങിയ എല്ലാ വിഷയ വും. | ബന്ധപ്പെട്ട സ്ക്കൂൾ ഹെഡ് മാസ്റ്റർ വഴി. | ഇല്ല | സേവനങ്ങൾ സ്ക്കൂൾ ഹെഡ് മാസ്റ്റർ വഴി ലഭ്യ മാകുന്നു. |
| 13. | സ്ത്രീകൾ, കുട്ടി കൾ, വികലാംഗർ എന്നിവയുടെ ക്ഷേമം സംബ ന്ധിച്ച സമിതി. | പൊതുവിദ്യാ ഭ്യാസ വകുപ്പു മായി ബന്ധ പ്പെട്ട വിഷയ ങ്ങൾക്ക് വിദ്യാഭ്യാസ ഡയ റക്ടക്ക് നേരിട്ട് സമർപ്പിക്കാം. | പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധ പ്പെട്ട വിഷയങ്ങൾ മാത്രം. | ഇല്ല | പൊതു വിദ്യാഭ്യാസ ഡയ റക്ടർ വഴിയോ മറ്റു സബ് ഓഫീസ് വഴിയോ നൽകുന്നു. |

# സേവന ലഭ്യത (ചുരുക്കത്തിൽ)

## വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

| ക്രമനം. | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | വിദ്യാഭ്യാസ ഓഫീസർ തലം മുതൽ മുകളിലേയ്ക്കും മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർവൈസറി തലം മുതൽ മുകളിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം നികത്തുന്നതോടൊപ്പം വിവിധ തലങ്ങളിലെ പ്രമോഷനുകളും നടത്തുന്നു. | ഒഴിവുകളുടെ വിവരം യഥാസമയം ശേഖരിക്കൽ. | സമയബന്ധിതമായി | ബാധകമല്ല |
| 2. | ജീവനക്കാരുടെ സ്ഥലമാറ്റം നടത്തൽ | നിശ്ചിത ഫോറത്തിൽ യഥാസമയം അപേക്ഷ നൽകൽ. | സമയബന്ധിതമായി | ബാധകമല്ല |
| 3. | സ്ക്കൂൾ അക്കാഡമിക് കലണ്ടർ തയ്യാറാക്കൽ | ---- | അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ്. | ബാധകമല്ല |
| 4. | പാഠപുസ്തകങ്ങളുടെ അച്ചടി - വിതരണം. | ---- | അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ്. | സർക്കാർ നിശ്ചയിക്കുന്ന വില. |
| 5. | പൊതു പരീക്ഷാ കലണ്ടർ | ---- | ജൂൺ മാസത്തിൽ | ബാധകമല്ല |
| 6. | അദ്ധ്യാപക പരിശീലനം | ---- | അവധി കാലം മുതൽ ഘട്ടം ഘട്ടമായി | ബാധകമല്ല |
| 7. | ആശ്രിത നിയമനം നൽകൽ | അവകാശി, മരിച്ച ജീവനക്കാരന്റെ ഓഫീസ് മേലാധികാരി മുഖാന്തിരം അപേക്ഷ സമർപ്പിക്കണം.(ജി.ഒ.(പി)നം.12/99/പി ആന്റ് എ.ആർ.ഡി തീയിതി: 24/5/99)പൂർണ്ണമായ വിവിരങ്ങൾ അടങ്ങിയ അപേക്ഷ നൽകണം. | ഒരു മാസം | ബാധകമല്ല |
| 8. | സീനിയോറിറ്റി | സർവ്വീസ് കാർഡും അനുബന്ധ വിവരങ്ങൾ/രേഖകൾ യഥാസമയം സമർപ്പിക്കുക. | സമയബന്ധിതമായി | ബാധകമല്ല |
| 9. | സംസ്ഥാനതല മേളകളുടെ സംഘാടനം | വകുപ്പ് പ്രസിദ്ധീകരിച്ച മാന്വൽ പ്രകാരമുള്ള നടപടികൾ | സ്ക്കൂൾ കലണ്ടർ പ്രകാരം നിശ്ചയിച്ച | ബാധകമല്ല |

| | | | | |
|---|---|---|---|---|
| | | | സമയം | |
| 10. | ദേശീയതല മേളകളിൽ പങ്കാളിത്തം ഉറപ്പാക്കൽ | ദേശീയതലത്തിൽ നിർദ്ദേശിക്കപ്പെടുന്ന വ്യവസ്ഥകൾക്ക് അനുസരിച്ച് | യഥാസമയം | ബാധകമല്ല |
| 11. | പുതിയ വിദ്യാലയങ്ങൾ ആരംഭിക്കൽ | കേരള വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ച് അപേക്ഷ നൽകണം | ഗവൺമെന്റ് നിർദ്ദേശങ്ങൾക്കനുസൃതമായി | കാലാകാലങ്ങളിലെ സർക്കാർ ഉത്തരവ് പ്രകാരം. |
| 12. | സ്ക്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി | അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് സമർപ്പിക്കൽ | അദ്ധ്യയന വർഷം ആരംഭം മുതൽ | ബാധകമല്ല |
| 13. | സർക്കാർ വിദ്യാലയങ്ങൾക്കാവശ്യമായ ലാബ്, ലൈബ്രറി, ഫർണിച്ചർ, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | അർഹതപ്പെട്ട വിദ്യാലയങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ--ഫണ്ട് വിതരണം. | ഫണ്ട് ലഭ്യമായി 7 ദിവസത്തിനുള്ളിൽ | ബാധകമല്ല |
| 14. | ഫോറങ്ങൾ, റിക്കാർഡുകൾ, സ്റ്റേഷനറികൾ ഇവ അച്ചടിച്ചു വിതരണം ചെയ്യൽ | ഇന്റന്റ് സമർപ്പിക്കൽ | 7 ദിവസം | ബാധകമല്ല |
| 15. | അദ്ധ്യപകർക്കുള്ള ദേശീയ-സംസ്ഥാന തല അവാർഡുകൾക്ക് ശുപാർശ ചെയ്യൽ- (മറ്റു അവാർഡുകൾ സ്ക്കൂളുകൾക്കുള്ളത്) | ജില്ലാതല കമ്മിറ്റിയുടെ ശുപാർശ | യഥാസമയം | ബാധകമല്ല |
| 16. | എൻഡോവുമെന്റുകൾക്ക് അംഗീകാരം നൽകൽ. | നിശ്ചിത വ്യവസ്ഥകൾക്ക് അനുസൃതമായി അപേക്ഷ നൽകൽ. | 7 ദിവസം | ബാധകമല്ല |
| 17. | തസ്തിക നിർണ്ണയം, നിയമനാംഗീകാരങ്ങളിലുള്ള അപ്പീലുകൾക്ക് തീരുമാനം കൽപ്പിക്കൽ | യഥാസമയം സമർപ്പിക്കുന്ന അപ്പീലുകൾ | 2 മാസം | ബാധകമല്ല |
| 18. | ജീവനക്കാർക്ക് എതിരെയുള്ള പരാതികളിൻമേൽ തീരുമാനം എടുക്കൽ | വ്യക്തമായ മേൽവിലാസത്തോടു കൂടി വസ്തു നിഷ്ടമായ പരാതി നൽശുക | 1 മാസം | ബാധകമല്ല |
| 19. | സർക്കാർ സ്ക്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം അറ്റകുറ്റപണിക്കുള്ള ഫണ്ട് ലഭ്യമാക്കൽ | ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശുപാർശ ചെയ്ത അപേക്ഷ സമർപ്പിക്കുക | സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് | ബാധകമല്ല |
| 20. | അദ്ധ്യാപക ക്ഷേമനിധിയുടെ വിനിയോഗം | ---- | ---- | ബാധകമല്ല |
| 21. | വിദ്യാർത്ഥികൾക്കുള്ള വിവിധയിനം സ്കോളർഷിപ്പ് നൽകാനുള്ള ഫണ്ട് അനുവദിക്കൽ | ---- | ---- | ബാധകമല്ല |
| 22. | അദ്ധ്യപകരുടെയും മറ്റുജീവനക്കാരുടെയും സംഘടനകളുടെ നിവേദനം പരിശോധിച്ച് നടപടി സ്വീകരി | ---- | 2 ആഴ്ച | ബാധകമല്ല |

| | | | | |
|---|---|---|---|---|
| | ക്കൽ | | | |
| 23. | ജീവനക്കാരുടെ റിട്ട യർമെന്റ് ആനുകൂല്യം ലഭ്യമാക്കൽ | പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ അപേക്ഷ കൾ സമർപ്പിക്കുക | അപേക്ഷ ലഭിച്ച് ഒരു മാസത്തിനു ള്ളിൽ എ. ജി.യ്ക്ക് സമർപ്പിക്കണം | ബാധകമല്ല |
| 24. | കുട്ടികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ്, മറ്റു ക്ഷേമ പദ്ധതി കൾ നടപ്പാക്കൽ | ---- | 2 ആഴ്ച | ബാധകമല്ല |
| 25. | ജീവനക്കാർക്ക് പുസ്തക പ്രസിദ്ധീകരണത്തിന് അനുമതി നൽകൽ | ---- | 2 ആഴ്ച | ബാധകമല്ല |
| 26. | സാമ്പത്തിക ആനുകൂല്യ ങ്ങൾ 1 വർഷം പരമാവധി 1850/-രൂപ<br><br>സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസ ഹായം പരമാവധി 2000/-രൂപ<br><br>സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ സംയോ ജിത വിദ്യാഭ്യാസ പരി പാടി വിഭാഗം കുട്ടികൾക്ക് അനുകൂലമാക്കുന്നതി നുള്ള ധനസഹായം<br><br>വൈദ്യ പരിശോധന ക്യാ മ്പുകൾ ഡി.ഇ.ഒ. വഴി നട ത്തുന്നു | ബന്ധപ്പെട്ട ഹെഡ്മാ സ്റ്റർ എ.ഇ.ഒ., ഡി.ഇ.ഒ. വഴി അപേക്ഷ സമർപ്പി ക്കേണ്ടതാണ്<br><br>ബന്ധപ്പെട്ട ഹെഡ്മാ സ്റ്റർ എ.ഇ.ഒ., ഡി.ഇ.ഒ. വഴി അപേക്ഷ സമർപ്പി ക്കേണ്ടതാണ്<br><br>ബന്ധപ്പെട്ട ഹെഡ്മാ സ്റ്റർ എ.ഇ.ഒ., ഡി.ഇ.ഒ. വഴി അപേക്ഷ സമർപ്പി ക്കേണ്ടതാണ്<br><br>മെഡിക്കൽ പരിശോധ നക്ക് ബന്ധപ്പെട്ട ഡി. ഇ.ഒ. വിദ്യാഭ്യാസ ഡയ റക്ടറേറ്റിൽ അപേക്ഷ സമർപ്പികേണ്ടതാണ് | സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു<br><br>സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു<br><br>സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു<br><br>സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു | ബാധകമല്ല<br><br>ബാധകമല്ല<br><br>ബാധകമല്ല<br><br>ബാധകമല്ല |
| 27. | എസ്.എസ്.എൽ.സി. പരീക്ഷാനുകൂല്യങ്ങൾ<br><br>റിസോഴ്സ് അദ്ധ്യാപക രുടെ സേവനം ലഭ്യമാ ക്കൽ | കുട്ടിയുടെ അപേക്ഷ ഹെഡ്മാസ്റ്റർ സ്വീക രിച്ച് ഡി.ഇ.ഒ.-യുടെ ശുപാർശയോടെ വിദ്യാ ഭ്യാസ ഡയറക്ട്രേറ്റിൽ സമർപ്പിക്കണം<br><br>വൈകല്യം തെളിയി ക്കുന്ന മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റ് ഹാജരാ ക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ കുട്ടിക ളുടെ ലിസ്റ്റോടുകൂടിയ അപേക്ഷ വിദ്യാഭ്യാസ ഡയറക്ട്രേറ്റിൽ സമർപ്പിക്കേണ്ടതാണ് | സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു<br><br>സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു | ബാധകമല്ല |

| | | | | |
|---|---|---|---|---|
| | ആയമാരുടെ സേവനം<br><br>രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം<br><br>അദ്ധ്യപക പരിശീല നാർത്ഥികൾക്കുള്ള പരി ശീലനം റിസ്സോഴ്സ് റൂം നിർമ്മാണം<br><br>റിസ്സോഴ്സ് റൂമിലെക്കുള്ള ഉപകരണങ്ങൾ വാങ്ങുന്ന തിനുള്ള ധനസഹായം പരമാവധി 30,000/-രൂപ | ഹെഡ്മാസ്റ്റർ ബന്ധ പ്പെട്ട എ.ഇ.ഒ., ഡി.ഇ.ഒ. വഴി അപേക്ഷ സമർപ്പി ക്കണം<br><br>ഡയറ്റ് വഴി നടത്തുന്നു<br><br>ഡയറ്റ് വഴി നടത്തുന്നു<br><br>ഹെഡ്മാസ്റ്റർ ബന്ധ പ്പെട്ട എ.ഇ.ഒ., ഡി.ഇ.ഒ. വഴി അപേക്ഷ സമർപ്പി ക്കണം | സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു<br><br>സമയ ബന്ധി തമായി സേവനം ലഭ്യ മാക്കുന്നു | |
| 28. | ദീൻദയാൽ ഡിസേ ബിൾഡ് റിഹാബിലിറ്റേ ഷൻ സ്കീം പ്രകാരം ബുദ്ധിപരമായ വെല്ലുവിളി കൾ നേരിടുന്ന കുട്ടി കൾക്കുവേണ്ടിയുള്ള സ്പെഷ്യൽ സ്ക്കൂൾ നട ത്തുന്ന സർക്കാരിതര സ്ഥാപനങ്ങൾക്ക് നൽക പ്പെടുന്ന ഗ്രാന്റ് ഇൻ എയ്ഡ് | അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ പരിശോധന റിപ്പോർട്ട് ശുപാർശയോടു കൂടെ അപേക്ഷയുടെ 3 കോപ്പികൾ സമർപ്പി ക്കേണ്ടതാണ്. | സർക്കാരിതര സ്ഥാപന ത്തിന്റെ സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്ക റ്റിന്റെ കോപ്പിയും പി. ഡബ്ല്യൂ. ഡി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്ക റ്റിന്റെ കോപ്പിയും അപേക്ഷയോ ടൊപ്പം ഉള്ളടക്കം ചെയ്തിരി ക്കണം | കേന്ദ്ര സർക്കാ രിന്റെ സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് വകുപ്പിൽ നിന്നും സ്ഥാപനങ്ങൾക്ക് നൽകപ്പെടുന്നു |
| | എയ്ഡഡ്/അൺഎ യ്ഡഡ് സ്ക്കൂളു കൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് | അപേക്ഷ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കണം | മുൻവർഷത്തെ ഗ്രാന്റിന്റെ യു. സി. വിനി യോഗ സർട്ടി ഫിക്കറ്റ് അപേ ക്ഷയോടൊപ്പം സമർപ്പിക്കണം | ഗ്രാന്റിനുവേണ്ടി യുള്ള അലോ ട്ട്മെന്റ് അതാത് ഡി.ഡി.ഇ. മാർക്ക് ഡി.പി.ഐ കൊടു ക്കുന്നു |
| | കൺവേവൻസ് അല വൻസ് ടു ഫിസിക്കലി ഹാൻഡികാപ്പ്ഡ് ജീവന ക്കാർ | അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറ ക്ടർ മുഖേന ഡി. പി.ഐ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് | അപേ ക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ്, ഐഡന്റിറ്റി സർട്ടിഫിക്കറ്റ്, ഡിക്ളറേഷൻ മുതലായവ അപേക്ഷയോ ടൊപ്പം | വിദ്യാഭ്യാസ ഡയറ ക്ടറുടെ ഉത്തരവ് ലഭിച്ചതിനുശേഷം ബില്ല് എഴുതി തുക വാങ്ങാവുന്ന താണ് |

| | | | | | |
|---|---|---|---|---|---|
| | | | സമർപ്പിക്കണം | | |
| | ടി.ടി.സി. കോഴ്സ്<br>പ്രവേശനം | എല്ലാവർഷവും<br>ഏപ്രിൽ/മെയ് മാസങ്ങ<br>ളിൽ അപേക്ഷ ക്ഷണി<br>ക്കുമ്പോൾ നിർദ്ദിഷ്ട<br>ഫാറത്തിൽ അപേക്ഷ<br>നൽകണം | പ്ളസ് ടൂവിന്<br>50% മാർക്ക്<br>നേടിയിരി<br>ക്കണം | അഞ്ച് രൂപ<br>ചെലാൻ ഒടു<br>ക്കണം | ജൂലൈ<br>മാസ<br>ത്തിൽ<br>ജില്ലാ<br>തല<br>ത്തിൽ<br>പ്രവേ<br>ശനം<br>നൽകും |
| | ടി.ടി.സി. കോഴ്സ്<br>പ്രവേ<br>ശനം(ഡിപ്പാർട്ട്മെന്റൽ<br>ക്വാട്ട) | എല്ലാവർഷവും<br>ഏപ്രിൽ/മെയ് മാസങ്ങ<br>ളിൽ അപേക്ഷ ക്ഷണി<br>ക്കുമ്പോൾ നിർദ്ദിഷ്ട<br>ഫാറത്തിൽ അപേക്ഷ<br>നൽകണം | പ്ളസ് ടൂവിന്<br>50% മാർക്ക്<br>നേടിയിരി<br>ക്കണം | സ്ക്കൂൾ മേലാധി<br>കാരി മുഖേന<br>നിർദ്ദിഷ്ട സർവ്വീ<br>സിലുള്ള<br>ടീച്ചിംഗ്/നോൺടീ<br>ച്ചിംഗ് സ്റ്റാഫിനു<br>മാത്രം. | ജൂലൈ<br>മാസ<br>ത്തിൽ<br>ജില്ലാ<br>തല<br>ത്തിൽ<br>പ്രവേ<br>ശനം<br>നൽകും |
| | ഹിന്ദി ഡിപ്ലോമാ<br>ലാംഗ്വേജ് ടീച്ചർ ട്രെയി<br>നിംഗ് കോഴ്സ് | എല്ലാവർഷവും നവം<br>ബർ/ഡിസംബർ മാസ<br>ങ്ങളിൽ അപേക്ഷ<br>ക്ഷണിക്കുമ്പോൾ<br>നിർദ്ദിഷ്ട ഫാറത്തിൽ<br>അപേക്ഷിക്കണം | പ്രവീൺ/സാ<br>ഹിത്യാചാ<br>ര്യ/ബി.ടി.(ഹി<br>ന്ദി)/എം.ടി(ഹി<br>ന്ദി) ഇവവിലേ<br>തെങ്കിലും<br>വിഷയത്തിൽ<br>50% മാർക്കോ<br>ടുകൂടിയ<br>വിജയം | അഞ്ച് രൂപ<br>ചെലാൻ ഒടു<br>ക്കണം | ആഗസ്റ്റ്/െ<br>സപ്റ്റം<br>ബർ മാസ<br>ങ്ങളിൽ<br>പ്രവേ<br>ശനം<br>നൽകും |
| | ഹിന്ദി ഡിപ്ലോമാ<br>ലാംഗ്വേജ് ടീച്ചർ<br>ട്രെയിനിംഗ്<br>കോഴ്സ്(ഡിപ്പാർട്ട്മെന്റൽ<br>ക്വാട്ട) | എല്ലാവർഷവും മാർച്ച്<br>മാസത്തിൽ അപേക്ഷ<br>ക്ഷണിക്കുമ്പോൾ<br>നിർദ്ദിഷ്ട ഫാറത്തിൽ<br>അപേക്ഷിക്കണം | പ്രവീൺ/സാ<br>ഹിത്യാചാ<br>ര്യ/ബി.ടി.(ഹി<br>ന്ദി)/എം.ടി(ഹി<br>ന്ദി) ഇവവിലേ<br>തെങ്കിലും<br>വിഷയത്തിൽ<br>50% മാർക്കോ<br>ടുകൂടിയ<br>വിജയം സർവ്വീ<br>സിലുള്ള<br>ടീച്ചിംഗ്/നോ<br>ൺടീച്ചിംഗ്<br>സ്റ്റാഫിനു<br>മാത്രം | ഇല്ല. സ്ക്കൂൾ മേല<br>ധികാരികൾ<br>മുഖേന നിർദ്ദിഷ്ട<br>ഫാറത്തിൽ അപേ<br>ക്ഷിക്കണം | ആഗസ്റ്റ്/െ<br>സപ്റ്റം<br>ബർ മാസ<br>ങ്ങളിൽ<br>പ്രവേ<br>ശനം<br>നൽകും |
| | ബി.എഡ് കോഴ്സ്<br>പ്രവേശനം<br>(ഡിപ്പാർട്ട്മെന്റൽ ക്വാട്ട) | എല്ലാവർഷവും മാർച്ച്<br>മാസത്തിൽ അപേക്ഷ<br>ക്ഷണിക്കുമ്പോൾ<br>നിർദ്ദിഷ്ട ഫാറത്തിൽ<br>അപേക്ഷിക്കണം | ബന്ധപ്പെട്ട<br>വിഷയത്തിൽ<br>ബിരുദം<br>നേടിയിട്ടുള്ള<br>അദ്ധ്യാ<br>പക/അനദ്ധ്യാ<br>പക ജീവന<br>ക്കാർക്ക് അപേ<br>ക്ഷിക്കാം | സ്ക്കൂൾ മേലധി<br>കാരികൾ മുഖേന<br>നിർദ്ദിഷ്ട ഫാറ<br>ത്തിൽ അപേക്ഷി<br>ക്കണം | ബന്ധ<br>പ്പെട്ട<br>യൂണിവേ<br>ഴ്സിറ്റി<br>യിൽ<br>ക്ലാസ്<br>തുട<br>ങ്ങുന്ന<br>മുറയ്ക്ക്<br>പ്രവേ<br>ശനം<br>നൽകുന്ന<br>താണ് |

| | | | | | |
|---|---|---|---|---|---|
| | അറബിക്/ഉറുദു ഡിപ്ലോമാ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് | എല്ലാവർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം | ബന്ധപ്പെട്ട ഓറിയന്റൽ ലേണിംഗ് കോഴ്സ് 50% മാർക്കോടെയുള്ള വിജയം | അഞ്ച് രൂപ ചെലാൻ ഒടുക്കണം | ജൂൺ/ജൂലൈ മാസങ്ങളിൽ കോഴ്സ് ആരംഭിക്കുന്നു. |
| | അറബിക്/ഉറുദു ഡിപ്ലോമാ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ്(ഡിപ്പാർട്ട്മെന്റൽ ക്വാട്ട) | എല്ലാവർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം | ബന്ധപ്പെട്ട ഓറിയന്റൽ ലേണിംഗ് കോഴ്സ് 50% മാർക്കോടെയുള്ള വിജയം (സർവ്വീസിലുള്ള ടീച്ചിംഗ്/നോൺടീച്ചിംഗ് സ്റ്റാഫിനു മാത്രം) | നിർദ്ദിഷ്ട സ്ക്കൂൾ മേലധികാരികൾ മുഖേന അപേക്ഷിക്കണം | ജൂൺ/ജൂലൈ മാസങ്ങളിൽ കോഴ്സ് ആരംഭിക്കുന്നു. |
| | വിദ്യാർത്ഥികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി | ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകണം | സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് അപേക്ഷിക്കാം | ബാധകമല്ല | വിദ്യാഭ്യാസ ഉപഡയറക്ടർ വഴി സഹായം നൽകുന്നു. |
| | സർക്കാർ സ്പെഷ്യൽ സ്ക്കൂളുകൾ1 | സർക്കാർ അന്ധ-ബധിര-മൂക വിദ്യാലയങ്ങളിലെ നിയമനം, സ്ഥലം മാറ്റം തുടങ്ങിയ എല്ലാ വിഷയങ്ങളും | ബന്ധപ്പെട്ട സ്ക്കൂൾ ഹെഡ്മാസ്റ്റർ വഴി | ബാധകമല്ല | സേവനങ്ങൾ സ്ക്കൂൾ ഹെഡ്മാസ്റ്റർ വഴി ലഭ്യമാക്കുന്നു |
| | സ്ത്രീകൾ, കുട്ടികൾ, വികലാംഗർ എന്നിവരുടെ ക്ഷേമം സംബന്ധിച്ച സമിതി | പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് വിദ്യാഭ്യാസ ഡയറക്ടർക്ക് നേരിട്ട് സമർപ്പിക്കാം | പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രം | ബാധകമല്ല | പൊതു വിദ്യാഭ്യാസ ഡയറക്ടർ വഴിയോ മറ്റു സബ് ഓഫീസ് വഴിയോ നൽകുന്നു |

## പരാതി പരിഹാരം

പൗരാവകാശരേഖയിൽ ഉറപ്പുനൽകിയിട്ടുള്ള സേവനം ലഭ്യമാക്കുന്നതിൽ വീഴ്ചയുള്ളതായി ബോധ്യപ്പെട്ടാൽ പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)ന് രേഖാമൂലം പരാതി സമർപ്പിക്കാവുന്നതും പരാതി സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കുള്ള പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും സ്വീകരിക്കുന്നതാണ്.

**<u>മേൽവിലാസം</u>**

അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം-14

ഫോൺ : 0471 2324601 (എക്സ്റ്റൻഷൻ - 204)
0471 2324512 (Direct)